# മൂന്നാട്ടക്കഥ

# MOONNÄTTAKKATHA

[KATHAKALI]

BY

KOTAKKATT SANKUNNY NAMBISSAN

*First Impression—January 1968*
*One Thousand Copies*

Publishers:
THE MANGALODAYAM (Private) LTD.,
TRICHUR.

Price: Rs. 2—50

Printed at the Mangalodayam Press, Trichur.

# മൂന്നാട്ടക്കഥ

1575 36619

കൊടയ്ക്കാട്ട ശങ്കുണ്ണിനമ്പീശൻ

പ്രസാധകന്മാർ:

മംഗളോദയം (പ്രൈവററ്) ലിമിററഡ്,

തൃശ്ശിവപേരൂർ.

1968/1143

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

ഒന്നാംപതിപ്പ്:
1968 ജനുവരി
കോപ്പി 1000

36619

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്

വില:
രണ്ടര ഉറുപ്പിക

# അവതാരിക

അവതാരികയ്ക്കു് ഒരു മുഖവുര വേണ്ടിവന്നിരിക്കുന്നു. കൊടുങ്ങല്ലൂർ ശങ്കുണ്ണിനമ്പീശനു് അഭിനന്ദനസമിതിയുടെ പ്രതിനിധിയായി എന്റെ ഉററസ്നേഹിതനായ ശ്രീ. കുത്തുള്ളി നാരായണൻനമ്പൂതിരി, ശ്രീ. ശങ്കുണ്ണിനമ്പീശനെഴുതിയ ചില ആട്ടക്കഥകൾ അച്ചടിച്ചു പുറത്തിറക്കുവാൻ നിശ്ചയിച്ചിട്ടുണ്ടെന്നും അതിന്നു് ഒരവതാരിക ഞാനെഴുതിക്കൊടുത്താൽക്കൊള്ളാമെന്നും എന്നോടു് അഭ്യർത്ഥിച്ചപ്പോൾ, ഞാൻ ആദ്യം വല്ലാതെ അമ്പരന്നുപോയി. പ്രൗഢപണ്ഡിതനായ അദ്ദേഹത്തിന്റെ കവനചാതുര്യമെവിടെ, എന്റെ ഏത്രയും പരിമിതമായ കഴിവുകളെവിടെ! കുറച്ചു വാക്തർക്കം കഴിഞ്ഞതിന്നുശേഷം ഞാനതിന്നു സമ്മതിച്ചു. എന്റെ വന്ദ്യഗുരുഭൂതനും സകലകലാവല്ലഭനുമായ മണക്കുളം സ്വാതിതിരുനാൾ വലിയ കുഞ്ഞുണ്ണിരാജാവവർകളുമായി ഉണ്ടായിട്ടുള്ള സാഹചര്യത്താലും മഹാകവികുലകിരീടമണിയും ഇന്നു ലോകപ്രസിദ്ധിയാർജ്ജിച്ചുകഴിഞ്ഞ കേരളകലാമണ്ഡലത്തിന്റെ പ്രതിഷ്ഠാപകനുമായ വള്ളത്തോളുമായുണ്ടായിട്ടുള്ള എന്റെ സംസർഗ്ഗത്താലും ഞാനൊരു മുഴുത്ത കഥകളിഭ്രാന്തനായിത്തീർന്നിട്ടുണ്ടു്. ഈ ഒരവകാശത്തിന്നു പുറമേ മറെറാരു സംഗതികൂടി ഇതിന്നു സമ്മതിക്കുവാൻ എന്നെ പ്രേരിപ്പിച്ചു. അവതാരകനു് ഒരു 'തിരശ്ശീലക്കാര'ന്റെ ചുമതലയല്ലേ ഉള്ളൂ. എന്തെന്നാൽ, രംഗപ്രവേശംചെയ്യുന്ന കഥാപാത്രങ്ങളെ പ്രേക്ഷകരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുത്തുവാൻ തടസ്സമുള്ള മറ നീക്കുകമാത്രമാണല്ലോ അവതാരകന്റെ കർത്തവ്യം. അതുകൊണ്ടു്, ഒരു കഥകളിഭ്രാന്തൻ തിരശ്ശീലക്കാരനാവാൻ ഒട്ടും സംശയിക്കേണ്ടതില്ലല്ലോ എന്നും തോന്നി.

ശ്രീ. കൊടയ്ക്കാട്ടു ശങ്കുണ്ണിനമ്പീശൻ വേണ്ടത്ര പ്രസിദ്ധി യാജ്ജിച്ച ഒരു കവിയല്ല. അദ്ദേഹം പ്രസിദ്ധിക്കുവേണ്ടി ശ്രദ്ധിച്ചിട്ടുമില്ല. ഇന്നു പത്രങ്ങളാണല്ലോ പ്രധാനമായി ആളുകളെ വലുതാക്കുന്നതും ചെറുതാക്കുന്നതും. പ്രസിദ്ധിക്കുവേണ്ടി പത്രക്കാരുടെ സഹായം നേടി പ്രസിദ്ധന്മാരായവർ പലരുമുണ്ടു്. ആവക തന്ത്രങ്ങളൊന്നും പ്രയോഗിക്കാത്തതുകൊണ്ടു് അർഹിക്കുന്ന യശസ്സു ശ്രീ. നമ്പീശനുണ്ടായില്ല. സാഹിതീദേവിയെ നിഷ്കാമമായി സേവിക്കുകമാത്രമേ ചെയ്തുള്ളു. പൊന്നാനിത്താലൂക്കിലുള്ള വട്ടംകുളത്തിൽ പൊന്തിവന്നു വികസിച്ച ഈ വിശിഷ്ടതാമരപ്പുഷ്പം കണ്ടാനന്ദിക്കുവാൻ അധികംപേൎക്കും സാധിച്ചിട്ടില്ല. ആ കുറവു തീർക്കുവാൻ അദ്ദേഹത്തിൻെറ ആരാധകന്മാർ പരസ്യമായി അദ്ദേഹത്തെ അഭിനന്ദിക്കുവാനും അദ്ദേഹം എഴുതിവെച്ച വെളിച്ചംകാണാതെ കിടക്കുന്ന ചില ആട്ടക്കഥകൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാനും നിശ്ചയിച്ചതു് ഉചിതവും സ്തുത്യർഹവുമാണെന്നു പറയേണ്ടതില്ലല്ലോ.

ആട്ടകഥാമാർഗ്ഗം ആൾസഞ്ചാരമില്ലാതെ കിടന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ കേരളകലാറാണിയായ കഥകളി ലോകപ്രസിദ്ധി സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു. ഈയിടെയാണല്ലോ, കേരളകലാമണ്ഡലംകഥകളിയോഗം വിമാനത്തിൽ സഞ്ചരിച്ചു പാശ്ചാത്യരാജ്യങ്ങളിൽ പര്യടനം കഴിഞ്ഞു വിജയശ്രീലാളിതമായി തിരിച്ചെത്തിയതു്. അതുകൊണ്ടു്, കഥകളിസാഹിത്യരചനക്കു കവികൾക്കെല്ലാം നല്ലൊരുണർവ്വു കിട്ടിയ കാലമാണിതു്. ഈ അവസരത്തിൽ ശ്രീ. കൊടയ്ക്കാട്ടു ശങ്കുണ്ണിനമ്പീശൻെറ കഥകളിക്കൃതികൾ പുറത്തിറക്കുന്നതു വിശേഷിച്ചും അവസരോചിതമായിട്ടുണ്ടു്.

വാഗ്ദേവിയുടെ രണ്ടു സ്തനങ്ങളും ആസ്വദിച്ചവർക്കുമാത്രമേ, ആടിക്കാണ്മാനും പാടിക്കേൾപ്പാനും കൊള്ളാവുന്ന നൃത്യകാവ്യങ്ങൾ നിർമ്മിക്കുവാൻ ത്രാണിയുണ്ടാകയുള്ളു. അങ്ങനെയു

ള്ള ഒരു ധന്യൻ രചിച്ചതാണ് ഈ പുസ്തകത്തിലെ കൃതികൾ. ഇതിലെ ഉള്ളടക്കങ്ങൾ, രണ്ടു രാത്രികൊണ്ടു കളിക്കാനുള്ള 'കാകുൽസ്ഥകല്യാണ'വും ഓരോ രാത്രികൊണ്ടു കളിക്കാവുന്ന 'ചന്ദ്രാംഗദവിജയവും' 'ശിഖിരാവണവധവും' ആകുന്നു. ഇവകൂടാതെ 'സീമന്തിനീപരിണയം' എന്നൊരു കഥകളിപ്പുസ്തകവും 'തയ്ക്കാട്ടു യോഗിയാർ' എന്നൊരു ഖണ്ഡകാവ്യവും മുമ്പ് അച്ചടിച്ചു പുറത്തു വന്നുകഴിഞ്ഞിട്ടുണ്ട്.

സാമാന്യമായി പറഞ്ഞാൽ ഇതിലെ മൂന്നു കഥയിലും പച്ച, കത്തി, താടി മുതലായ മിക്ക വേഷങ്ങൾക്കും സ്ഥാനമുണ്ട്. സംഭാഷണങ്ങളിൽ കഥാപാത്രങ്ങളുടെ സ്വഭാവത്തിന്നനുസരിച്ചു യുക്തികളും മററും ചേർത്തിരിക്കുന്നതു വളരെ നന്നായിട്ടുണ്ട്. ഉദാഹരണം, 'കാകുൽസ്ഥകല്യാണ'ത്തിൽ ഭൂരികീർത്തിയുടെ പദം വായിച്ചാൽ മതി. അതു "ഏദ്ഗ്ഗതമെൻമോഹം, പുത്രീപരിണയഹേതു ചൊല്ലിസ്സാധ്യമാക്കി. ഇനി ഭവദിംഗിതത്തിനനുഭവമാംവിധത്തിലനുഭാവം പൂണ്ടു" എന്നാണ്. അതിലെ യൂപകേതുവിൻെറ ഭാര്യയുടെ പദം നവോഢകളുടെ സ്വഭാവത്തിന് എത്രയും അനുയോജ്യമായിരിക്കുന്നു. സ്ത്രീപാത്രങ്ങളെക്കൊണ്ടു സംഭോഗശൃംഗാരപ്രധാനമായ വാക്കുകൾ പറയിക്കാതെ കാര്യം വ്യംഗ്യഭംഗിയോടെ അവതരിപ്പിച്ചിരിക്കുന്നതു വളരെ നന്നായിട്ടുണ്ട്. അതിലെ നാലാംരംഗത്തിൽ സഖിയുടെ വാക്കു വളരെ നന്നായിരിക്കുന്നു. വിപ്രലംഭാവസ്ഥയെ കുറിക്കുന്ന സഖിയുടെ ചോദ്യത്തിൽനിന്നു നായികയുടെ പ്രണയശക്തി വളരെ വ്യക്തമാകുന്നു. അശ്ലീലത്തിൻെറയോ സംഭോഗശൃംഗാരത്തിൻെറയോ ആധിക്യം ഒട്ടുമില്ല. യൂപകേതു നാരദനോടു പറയുന്ന പദം "പാദപാംസുവും, പാവന, പുണ്യം നേടുമീ പാദപാംസുവാൽജ്ജവേന സദയമെങ്ങാണു പുണ്യമാക്കാനോപ്പ്തേതു ജനപദമുക്തമാക്കിയതു പദമസുഖമധുനാ" എന്ന പദം വായിക്കുമ്പോൾ വള്ളത്തോളിൻെറ ചിത്രയോഗത്തിലെ,

"രവിപ്രഭേ, സാമ്പ്രതമേതു ദിക്കിനെ
സ്വവിപ്രയോഗാലിരുളിൽപ്പെട്ടുത്തി നീ?
അവിഘ്നമാര്യേ, നിജപാദപാംസുവാൽ
പവിത്രമാക്കാൻ കരുതുന്നതേതിടം?"

എന്ന ശ്ലോകം ഓൎമ്മവരുന്നു. മഹാകവികളുടെ ആശയങ്ങൾക്കു് ഐകരൂപ്യം വരുന്നതു സാധാരണമാണു്. കാളിദാസന്റെ ആശയങ്ങൾ പലതും ഷേക്സ്പിയറുടെ നാടകങ്ങളിലുണ്ടെന്നു മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻതമ്പുരാൻ പറഞ്ഞതായി കേട്ടിട്ടുണ്ടു്. ഷേക്സ്പിയർക്കു സംസ്കൃതം അറിഞ്ഞുകൂടെന്നു സ്പഷ്ടമാണല്ലോ. പാട്ടിന്നു് ഈണമുണ്ടാക്കുന്ന പ്രാസപ്രയോഗങ്ങൾ ധാരാളമുണ്ടു്. ഈ പുസ്തകത്തിലെ പല പദങ്ങളും ശ്ലോകങ്ങളും മെച്ചപ്പെട്ടവയാണെന്നു നിസ്സംശയം പറയാം. ആടിക്കാണുവാനും പാടിക്കേൾക്കുവാനും വളരെ നല്ലതായ പല ഭാഗങ്ങളും ഇതിലുണ്ടെന്നു മൊത്തത്തിൽ ചുരുക്കിപ്പറഞ്ഞു നിരൂപണം നിർത്തട്ടെ.

ഈ സന്ദൎഭത്തിൽ ആട്ടക്കഥകളെഴുതുന്നവരോടു് എനിക്കൊരു സംഗതി പറയുവാനുണ്ടു്: കഥകളിയെ ആസ്വദിക്കുന്നവർ ഇന്നു ഹിന്തുക്കൾമാത്രമല്ല. മററു മതക്കാരും സമുദായക്കാരും രാജ്യക്കാരും ഇന്നതിനെ ആസ്വദിക്കുവാൻ തുടങ്ങിയിരിക്കുന്നു. അതുകൊണ്ടു്, ഹൈന്ദവപുരാണകഥകൾക്കു പകരം, മററു മതക്കാർക്കും രാജ്യക്കാർക്കും എളുപ്പത്തിൽ മനസ്സിലാക്കി ആസ്വദിക്കുവാൻ സാധിക്കുന്ന തരത്തിലുള്ള കഥകളാണു് ഇനി നമ്മൾക്കാവശ്യം. അതുകൊണ്ടു്, ക്രൈസ്തവമുസ്ലിംകഥകളെയോ ഇന്ത്യക്കു രാഷ്ട്രീയസ്വാതന്ത്ര്യം നേടിത്തന്ന ഗാന്ധിജി, നെഹ്റു മുതലായവരെ നായകന്മാരാക്കിയുള്ള കഥകളെയോ ഷേക്സ്പിയർ മുതലായവരുടെ നാടകങ്ങളെ ആസ്പദമാക്കിയുള്ള കഥകളെയോ ആട്ടക്കഥകളാക്കി പുതിയ പുസ്തകങ്ങൾ നമ്മൾക്കുണ്ടാവേണ്ടിയിരിക്കുന്നു.

വർണ്ണശബളവും പരിമളം പരത്തുന്നതുമായ മനോഹരപുഷ്പങ്ങളെ വളരെ ഭംഗിയിൽ കോർത്തിണക്കിക്കെട്ടിയ ഒരു വലിയ മാലയെയും രണ്ടു ചെറിയ മാലകളെയും ഗ്രന്ഥകർത്താവായ ശ്രീ. നമ്പീശൻ കൈരളീദേവിയുടെ കണ്ഠത്തിൽ അർപ്പിച്ചിരിക്കയാണു്.

ശ്രീ. ശങ്കുണ്ണിനമ്പീശൻ ഒരു ജ്യോതിശ്ശാസ്ത്രപണ്ഡിതനും തച്ചുശാസ്ത്രവിദഗ്ദ്ധനുംകൂടിയാണു്. കൊട്ടിലും പാട്ടിലും നിപുണനാണെന്നുകൂടി വായനക്കാർ അറിയേണ്ടതുണ്ടു്. ഈ വിശിഷ്ടവ്യക്തി വാർദ്ധക്യംകൊണ്ടും ദാരിദ്ര്യംകൊണ്ടും ഇപ്പോൾ അവശനായിത്തീർന്നിരിക്കുന്നു. സരസ്വതിയും ലക്ഷ്മിയും ഒന്നിച്ചിരിക്കാറില്ലെന്നു പ്രസിദ്ധമാണല്ലോ. അതുകൊണ്ടു്, ഈ പുസ്തകം വാങ്ങി വായിക്കുന്നവർ സ്വന്തം സ്നേഹിതന്മാരെക്കൊണ്ടും മറ്റും പുസ്തകം വാങ്ങിക്കുവാൻ ശ്രമിക്കേണ്ടതാണെന്നു് ആത്മാർത്ഥമായി ഞാൻ അഭ്യർത്ഥിക്കുന്നു.

വായനക്കാരുടെ ക്ഷമയെ ഞാനിനിയും പരീക്ഷിക്കുന്നില്ല. തിരശ്ശീല, ഇതാ, നീക്കുന്നു.

—എം. മുകുന്ദരാജാ



കൊടങ്ങല്ലൂർ ശങ്കുണ്ണിനമ്പീശൻ

# സകലകലാവല്ലഭനായ ഒരു കവി

ആകാശവാണിയുടെ കോഴിക്കോട്ടുനിലയം 'സീമന്തിനീപരിണയം' ആട്ടക്കഥയിൽനിന്നു ചില പദങ്ങൾ ചിലപ്പോഴെല്ലാം പ്രക്ഷേപണംചെയ്യാറുണ്ട്; അപ്പോഴെല്ലാം ആ ആട്ടക്കഥ അരങ്ങത്തൊന്നവതരിപ്പിച്ചുകണ്ടാൽക്കൊള്ളാമെന്നു തോന്നാറുണ്ട്; "മദമന്ഥരസിന്ധുരഗമനേ" 'മധുരമധുസ്മിതബന്ധുരവദനേ" തുടങ്ങിയ പദങ്ങൾ അഭിനയിക്കുന്നതു ഭാവനയിൽ കണ്ടാനന്ദിക്കാറുണ്ട്; എനിക്കു കേട്ടുപരിചയംപോലുമില്ലാത്ത ഈ ആട്ടക്കഥാകൃത്തിനെക്കുറിച്ചു കൂടുതൽ അറിയണമെന്ന് ആഗ്രഹിക്കാറുണ്ട്. സഹജമായ അനാസ്ഥയിൽ എല്ലാം മുങ്ങി.

എൻെറ ജ്യേഷ്ഠനും ആചാര്യനുമെല്ലാമായ കുത്തുള്ളി നാരായണൻ നമ്പൂതിരി ഒരു ദിവസം കൊടുങ്ങല്ലൂർ ശങ്കുണ്ണി നമ്പീശൻെറ കുറെ ആട്ടക്കഥകളും കവിതകളും എൻെറ പക്കൽ കൊണ്ടു വന്നു തന്നു. മറിച്ചുനോക്കിയപ്പോൾ, 'സീമന്തിനീപരിണയ'വുമുണ്ടാക്കൂട്ടത്തിൽ. എൻെറ ആഹ്ലാദത്തിനതിരില്ലായിരുന്നു. ഈയുള്ളവൻെറ ഇടുങ്ങിയ ഭാഷാസംസ്കൃതപരിജ്ഞാനത്തിലൊതുങ്ങുന്നതായിരുന്നില്ല ശ്രീ. നമ്പീശൻെറ കവിതകളൊന്നും. ഉടയാത്തേങ്ങയോടു കുരങ്ങനെന്നപോലെ, ആട്ടക്കഥയിലെ സംസ്കൃതശ്ലോകങ്ങളോടു യുദ്ധംചെയ്തു ഞാനങ്ങനെ കൂടി.

അങ്ങനെയിരിക്കെ, ഒരു ദിവസം കുത്തുള്ളിയുണ്ട്, ജ്ഞാനവയോവൃദ്ധനായ കവിയെ കൂട്ടിക്കൊണ്ടുവന്ന് എനിക്കു പരിചയപ്പെടുത്തിത്തരുന്നു! ഞാൻ നാണിച്ചു ചൂളുണ്ടുപോയി. എൻെറ അനാസ്ഥയിലും അനഭിജ്ഞതയിലും എനിക്കു ഖേദം തോന്നി. പ്രതിഭാശാലിയും പരിണതപ്രജ്ഞനുമായ ഈ കവി

യുടെ വിശിഷ്ടങ്ങളായ കൃതികൾക്കു മുമ്പിൽ, 'ക്വ ചാല്പവിഷയാ മതിഃ' എന്നു് ഈയുള്ളവൻ അമ്പരന്നുനിന്നു.

ആരാലുമറിയപ്പെടാതെ, പേരിനുവേണ്ടി പറയെടുപ്പുകളൊന്നും നടത്താതെ, 'സ്വയമേവാഗത'യായ കലയെയും ഒരിക്കലും സമാഗതയാകാത്ത കമലയെയും ഉപാസിച്ചുകൊണ്ടു സ്വഗൃഹത്തിൽ ഒതുങ്ങിക്കഴിഞ്ഞുകൂടുകയാണു് കൊടങ്ങൂട്ട ശങ്കുണ്ണിനമ്പീശൻ. കാവ്യഹേതുക്കളായ ശക്തിനിപുണതാഭ്യാസങ്ങൾ ഒത്തിണങ്ങിയിട്ടുള്ള ഇദ്ദേഹം വിനയാന്വിതനായിട്ടുണ്ടെങ്കിൽ അതു സ്വാഭാവികംമാത്രം. "ഭവന്തി നമ്രാസ്തരവഃ ഫലാഗമൈഃ" എന്ന കവിവചനം ശ്രീ. നമ്പീശൻെറ കാര്യത്തിൽ തികച്ചും സമഞ്ജസമാണു്.

## സാഹിത്യപരിശ്രമങ്ങൾ

ധർമ്മഗുപ്തചരിതം (മഹാകാവ്യം), ഷഷ്ടിപൂർത്തിമഹോത്സവം, കലാവതീസ്വയംവരം (തുള്ളലുകൾ), മൃഗയോഗം, തെങ്ങൂട്ട യോഗിയാത്രു് (ഖണ്ഡകാവ്യങ്ങൾ), സീമന്തിനീപരിണയം, കാകുൽസ്ഥകല്യാണം (രണ്ടുദിവസം) ശിഖിരാവണവധം, ചന്ദ്രാംഗദവിജയം (ആട്ടക്കഥകൾ), ആനേകം കത്തുകൾ, ഒററശ്ലോകങ്ങൾ, കൗഷീതകാചടങ്ങു് (പദ്യം-അപൂർണ്ണം)—ഇത്രയുമാണു് ശ്രീ. ശങ്കുണ്ണിനമ്പീശൻെറ കൃതികൾ. സീമന്തിനീപരിണയവും തെങ്ങൂട്ട യോഗിയാത്രും വെളിച്ചംകണ്ടിട്ടുള്ളവയാണു്.

ആനന്ദരാമായണമെന്ന ഒരു ഗ്രന്ഥത്തിൽനിന്നാണു് കാകുൽസ്ഥകല്യാണത്തിലെ ഇതിവൃത്തം സ്വീകരിച്ചിട്ടുള്ളതു്. ധർമ്മഗുപ്തചരിതത്തിലെ കഥ പ്രദോഷമാഹാത്മ്യത്തിൽനിന്നും കലാവതീസ്വയംവരത്തിലേതു ശിവപുരാണത്തിൽനിന്നുമാണെടുത്തിരിക്കുന്നതു്. ശിഖിരാവണവധത്തിൻെറ മൂലം ഒരു തമിഴ് കാവ്യമത്രേ. ശ്രീ. നമ്പീശൻെറ ബഹുഭാഷാപാണ്ഡിത്യത്തിനും അതിരററ ഗ്രന്ഥപാരായണശീലത്തിനും ദൃഷ്ടാന്തങ്ങളാണിവ.

പി. വി. കൃഷ്ണവാരിയർ പറഞ്ഞപോലെ, "വിഷയശുദ്ധിയിൽ കഴിയുന്നത്ര നിഷ്കർഷിക്കുക, അലങ്കാരശാസ്ത്രസീമയെ അതിലംഘിക്കാതിരിക്കുക—ഇതൊക്കെയാണ് ശ്രീ. നമ്പീശന്റെ ആദർശങ്ങൾ." പാണ്ഡിത്യത്തിന്റെ കോളുകൊണ്ട് അലറുന്നതല്ല ആ കാവ്യസമുദ്രം. സരളസുന്ദരമായ ശൈലിയിൽ ആശയങ്ങളാവിഷ്കരിക്കുകയേ ചെയ്തിട്ടുള്ളു ഇദ്ദേഹം. കവിതസ്ത്ഥിത്രമാത്രം എളുപ്പം അധികംപേരിലും കാണില്ല. ഒരിക്കലെഴുതിയതു തിരുത്തിയെഴുതുന്ന പതിവു നമ്പീശന്നില്ല. മാററിയെഴുതുകയെന്നുവെച്ചാൽ മറെറാന്നെഴുതുക—അത്രയേ സാധിക്കൂ ഇദ്ദേഹത്തിന്. കരടും അസ്സലും ഒന്നുതന്നെ എന്നല്ല പറയേണ്ടതു്; അസ്സലേ ഉള്ളു, കരടില്ല എന്നാണ്. സർവ്വഥാ 'കരടില്ലാത്ത' കവിതകളുടെ കർത്താവാണ് ശങ്കുണ്ണിനമ്പീശൻ. അവിടവിടെയായി ശബ്ദംകൊണ്ടും അർത്ഥംകൊണ്ടും കെട്ടിയിട്ടുള്ള കുടുക്കുകളിൽപ്പോലും കവിയുടെ അനായാസത, കവിതയുടെ അനർഗ്ഗളത, അനുഭവവേദ്യമാണ്. നോക്കുക:

ഭക്ത്യാ ഭജാമ്യവികലം കരുണാകുചേലം
ഭക്തൈകദാസമമലം കമലാകുചേലം
ഗോപാലനാദികുശലം കലിതാകുചേലം
ഗോപാലമേവ സബലം ധനദൽകുചേലം.

(കാകുൽസ്ഥകല്യാണം)

### യോഗിയാത്ര

തെക്കാട്ടുയോഗിയാർ ക്ഷേത്രദർശനം കഴിഞ്ഞു തോണിക്കടവിലെത്തിയപ്പോഴേക്കും തോണി പൂട്ടി തോണിക്കാരൻ പോയിക്കഴിഞ്ഞിരുന്നു. ഇരുതല കവിഞ്ഞൊഴുകുന്ന ഘോരരൂപിണിയായ ഭാരതപ്പുഴ. ഭാര്യവീട്ടിലെത്താതെയും വയ്യാ. താമസമൊന്നുമുണ്ടായില്ല, ഈശപർന്മാരെയും പുഴയെയും വന്ദിച്ച് ഒഴുക്കത്തിലേക്കൊററ മുതലക്കുളപ്പു്! ഒലിച്ചുപോകുന്നതിനിടയ്ക്കു് ഒരു

മുതലയുടെ ദേഹം പിടികിട്ടി. അങ്ങനെ മറുകര പററി, ഭാര്യാഗൃഹത്തിലെത്തിയപ്പോൾ, അവൾ പരസ്ത്രീസംഗശങ്കകൊണ്ടു് ഈർഷ്യാകുലയായിരിക്കുന്നതാണു് കണ്ടതു്. സത്യാവസ്ഥ തെളിയിക്കാൻ ക്ഷേത്രനടയിൽച്ചെന്നു മണി പിടിച്ചു സത്യംചെയ്യണം. "അന്യവനിതാസംഗം ന കുര്യാം" എന്ന സത്യവാചകം യോഗിയാർ "വനിതാസംഗം ന കുര്യാം" എന്നു മാററിച്ചൊല്ലുകയും അവിടെത്തന്നെ ഭജനം തുടങ്ങുകയും ചെയ്തു. ഇതാണു് 'തെക്കാട്ടുയോഗിയാരി'ലെ ഇതിവൃത്തം. കവികേസരിയായ പി. വി. കൃഷ്ണവാരിയർ കാര്യമാത്രപ്രസക്തവും പ്രൗഢവുമായ ഒരവതാരികകൊണ്ടു് ഈ ഗ്രന്ഥത്തെ അനുഗ്രഹിച്ചിട്ടുണ്ടു്.

"ആചാരഭേദകരശങ്കരവിശ്രപവിശ്രു-
താചാര്യജന്മശുചി ദക്ഷിണകേരളത്തിൽ
ശ്രീചാരു'ബാലവന'വൈദിക'നാസ്ഥയാസ്മ-
ദാചാര്യ'നീക്കലിയിൽ മുമ്പു ജയിച്ചിരുന്നു."

ബാലവനം 'തെക്കാടാ'ണു്; ആസ്ഥയാസ്മദാചാര്യ എന്നതു യോഗിയാരുടെ പരദേശയാത്രയുടെ കലിദിനസംഖ്യയും.

"കാമാഗ്നിയുള്ളിലെരിയു-
ന്നാമാന്യൻ മെയ് തണുത്തു വിറപൂണ്ടാൻ;
ഭീമാനലനുള്ളിലെഴും
ശ്രീമാനാം വാരിരാശിയെപ്പോലെ."

കവിതയുടെ മാതൃക കാണിക്കാൻ ഇതു മതിയാകും.

## മൃഗകോൺഗ്രസ്സ്

'മൃഗയോഗം' ഒരു സരസകാവ്യമാണു്. കാടിനും മൃഗങ്ങൾക്കും മനുഷ്യരേല്പിക്കുന്ന നാശത്തിൽനിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗമാലോചിക്കുകയാണു് മൃഗങ്ങൾ. സുബാസ് ചന്ദ്രബോസ്സിൻെറ ആധ്യക്ഷ്യത്തിൽ നടന്ന കോൺഗ്രസ്സ് സമ്മേളനമാ

ണ്ടു കവിക്കു പ്രചോദനം നല്കിയിട്ടുള്ളതു്. ഇതിലെ കുറുക്കൻ രാജാജിയല്ലാതെ (സിയാർ) മററാരുമല്ലെന്നു ഒററ വായനകൊണ്ടുത ന്നെ മനസ്സിലാവും. ഈ കാവ്യം ഉടനെത്തന്നെ പ്രസിദ്ധീകരി ക്കേണ്ടതാണെന്നു് എനിക്കഭിപ്രായമുണ്ടു്—വനമഹോത്സവ ക്കാർക്കുവേണ്ടിയല്ല, മലയാളസാഹിത്യത്തിന്നും ആസ്വാദകക്കും വേണ്ടി.

മൃഗാധിരാജനായ മ. രാ. രാ. ശ്രീ. പഞ്ചാസ്യനാണു് സമ്മേളനാദ്ധ്യക്ഷൻ. കാര്യം നേടുവാനുള്ള 'സൂത്ര'മുള്ള ശ്രീമാൻ കുറുക്കനാണു് 'ത്സഭാകാര്യദശി'. യോഗത്തിൽ പോത്തു പ്രസംഗം ഉപസംഹരിക്കുന്നു:

"മത്ത്യന്മാർ ചെയ്തുപോരും തൊഴിലുകൾ മുഴുവൻ
 സൂക്ഷ്മമായോത്തുകൊണ്ടാൽ
കീത്തിക്കത്തക്കതായിട്ടൊരു വിരലു മട-
 ക്കീടുവാനില്ല നൂനം;
ഇത്തവ്വിൽത്താൻ തുടങ്ങീട്ടവരുടെയടിമ-
 സ്ഥാനമില്ലാതെയായാ-
ലത്യന്തം നന്മ നമ്മൾക്കിയലുമുടനുടൻ
 മേലിലെന്നെൻെറ പക്ഷം."

എട്ടടിമാനെഴുന്നേററിതുമട്ടരുളി:

"വനഭൂമിയാകുമസ്മ-
ജ്ജനയിത്രിയെ വേണ്ടമട്ടു രക്ഷിപ്പാൻ
ദിനമനു ച്ചമതലയുണ്ടീ-
ജ്ജനത,യ്ക്കതിനീഷനില്ല ലവലേശം."

കാടിനെ രക്ഷിക്കേണ്ട കാര്യത്തിൽ മനുഷ്യരെക്കാൾ—(അവർ പണ്ടേ ഭാഗം വാങ്ങിപ്പോന്നവരാണല്ലോ.) കൂടുതൽ ശ്രദ്ധാലുതി പ്പെടുന്നുണ്ടു് മൃഗങ്ങൾ—കാടിൻെറ മക്കളായ മൃഗങ്ങൾ.

**ചടങ്ങ്**

കേരളബ്രാഹ്മണരിൽ കൗഷീതകന്മാരുടെ ഷോഡശസംസ്കാരക്രിയകളെ വിവരിക്കുന്നതാണ് 'കൗഷീതകംചടങ്ങ്.' വ്യക്തവും സരളവും കാര്യമാത്രപ്രസക്തവുമായിരിക്കണമല്ലോ ചടങ്ങിന്റെ വിവരണം. ഇവിടെയും കവിയുടെ അസൂയാവഹമായ അനായാസത തെളിഞ്ഞുകാണാം.

"താനേ ജീവൻ ഗമിക്കുന്നളവിലവനെഴും
പിണ്ഡകർത്താക്കൾ യാത്രാ-
ദാനം ചെയ്തൂർദ്ധ്വപുണ്ഡ്രാദികളവനു ധരി-
പ്പിച്ചു സദ്ഭക്തിപൂർവ്വം
പാനീയാൽ ശുദ്ധിചേർത്തീടിന ധരണിതലേ
സൈകതാദ്യം വിരിച്ചാ-
സ്ഥാനത്തിൽത്താൻ കിടത്തിത്തൊഴുതു ചെവിയിലോ-
ത്തോതു 'നാനേ'തി സിദ്ധം."

അപമൃത്യുവാണെങ്കിൽ ഇതല്ല ക്രിയ; അതുകൊണ്ടാണ് 'താനേ ജീവൻ ഗമിക്കുന്നളവിൽ' എന്നു പറഞ്ഞതു്.

"രണ്ടാമൂർദ്ധ്വൻ വലിച്ചെന്നു-
കണ്ടാലോത്തു മൂടിക്കണം:
തത്ര ചൊല്ലേണ്ടതാകുന്നു
'യത്ര തൽ പരമം പദം' "

എന്തൊരു പദ്യരചനാകൗശലം! വേദംപോലും വഴങ്ങുന്നു!

**ആട്ടക്കഥകൾ**

'നാടകാന്തം കവിത്വം' എന്നാണല്ലോ പൂർവ്വസൂരികളുടെ വിധി. സംഗീതാദികലകളുടെ അപേക്ഷകൂടിയുള്ളതുകൊണ്ടു് ആട്ടക്കഥകളുടെ നിർമ്മാണം കൂടുതൽ ക്ലേശകരമത്രേ. "ആട്ടക്കഥാന്തം ഗായകകവിത്വം" എന്നു പറയാമെങ്കിൽ, ഉത്തമങ്ങളാ

-യ ആട്ടക്കഥകളുടെ രചനകൊണ്ടു ശ്രീ. ശങ്കുണ്ണിനമ്പീശൻ ആ സ്ഥാനം തികച്ചും അർഹിക്കുന്നു. ഏകദേശം അമ്പതു കൊല്ലം മുമ്പു പ്രസിദ്ധീകരിച്ചിട്ടുള്ള 'സീമന്തിനീപരിണയം' ആട്ടക്കഥയെ മഹാകവി വള്ളത്തോൾ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. കഥകളിയുടെ എല്ലാ വശങ്ങളിലും അസാമാന്യമായ പരിജ്ഞാനം സമ്പാദിച്ചിട്ടുള്ള നമ്പീശന്റെ ആട്ടക്കഥകൾ ആടാനും പാടാനും വായിക്കാനും കൊള്ളുന്നവയാണ്.

വിരുദ്ധപ്രകൃതിക്കാരായ വിവിധകഥാപാത്രങ്ങൾ, ചലനാത്മകങ്ങളായ രംഗങ്ങൾ, അനുക്രമവികസ്വരമായ ഇതിവൃത്തഘടന, പരഭാഗശോഭാകരങ്ങളായ ഭാവങ്ങൾ, മാറി മാറി അഭിനയിക്കാൻ വക നല്കുന്നതരം വിധമുള്ള പദങ്ങൾ തുടങ്ങിയവ നമ്പീശന്റെ ആട്ടക്കഥകളെ കൂടുതൽ ആസ്വാദ്യമാക്കുന്നു. അദ്ദേഹത്തിന്റെ കവിതയ്ക്കുണ്ടെന്നു പറഞ്ഞ പൊതുസ്വഭാവങ്ങളെല്ലാം ആട്ടക്കഥകൾക്കുമുണ്ട്. കാകുൽസ്ഥകല്യാണത്തിലെ ഈ ശ്ലോകം നോക്കുക:

"മാരാരാതിവിരിഞ്ചവാസവമുഖൈ-
രാരാധ്യമാനം സുരൈർ-
ഘോരാകാരനിശാചരോൽകരതപ-
സ്സൂരായിതപ്രാഭവം
താരാനാഥമുഖം സരോജനയനം
ധാരാധരാംഗപ്രഭം
ശ്രീരാമം കരശോഭികാർമ്മുകശരം
വീരാവതംസം ഭജേ."

അനുപ്രാസാദികളെക്കൊണ്ടു വരുത്തിയിട്ടുള്ള സംഗീതാത്മകത ശ്രദ്ധേയമാണ്. 'സീമന്തിനീപരിണയ'ത്തിലെ,

"നിശമ്യ ഭൂപാലഗിരം മനോജ്ഞാം
വിചിന്ത്യ തജ്ജാതകമാദരേണ

**

ശുഭാനി ഭൂയിഷ്ഠഫലാനി ജാനൻ
ജവാദസൗ രാഷ്ട്രപതിം ജഗാദ."

എന്ന ശ്ലോകത്തിൽ 'സൗരാഷ്ട്രം' എന്ന രാഗത്തിൻെറ പേരുകൂടി ഉൾക്കൊള്ളിച്ചിരിക്കുന്നു. അതിന്നൊന്നും ഒരു പ്രയാസവുമില്ല ഈ കവിക്ക്. സംസ്കൃതവും മലയാളവും ഇദ്ദേഹത്തിന്നൊരുപോലെയാണ്.

സ്ഥാലീപുലാകന്യായേന ചിലതുദ്ധരിച്ചുവെന്നേയുള്ളൂ. ഇദ്ദേഹത്തിൻെറ കവിതാരീതി ഗ്രഹിക്കുവാൻ ഇത്രയും മതിയാകും.

## അല്പം ജീവചരിത്രം

1070-ാമാണ്ടു മിഥുനം 31-ാംനു ഉത്രട്ടാതിനക്ഷത്രത്തിലാണ് ശങ്കുണ്ണിനമ്പീശൻെറ ജനനം. അച്ഛൻെറ പേർ നീലകണ്ഠൻനമ്പീശൻ എന്നും അമ്മയുടെ പേർ ശ്രീദേവി എന്നുമാണ്. എഴുത്തിനിരുത്തിയശേഷം ഒരൊന്നര വ്യാഴവട്ടത്തോളം വിദ്യാഭ്യാസത്തിൽത്തന്നെയായിരുന്നു ശ്രദ്ധ. പ്രസിദ്ധജ്യോത്സ്യനായിരുന്ന വാക്കാട്ടു കൃഷ്ണൻനായർ, ജ്യോത്സ്യനും തച്ചുശാസ്ത്രജ്ഞനും ഐന്ദ്രജാലികനുമായിരുന്ന കാട്ടുകുളത്തു രാഘവവാരിയർ, വൈദ്യൻ തച്ചുശാസ്ത്രജ്ഞൻ എന്നീ നിലകളിൽ വിളികൊണ്ട പുത്തൻവാരിയത്തു ഗോവിന്ദവാരിയർ (ഇദ്ദേഹം ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്) എന്നിവരാണ് നമ്പീശൻെറ ഗുരുനാഥന്മാർ. തൻെറ കൃതികളിൽ ഇവരെ ഭക്ത്യാദരപുരസ്സരം കവി സ്മരിച്ചിട്ടുണ്ട്.

1092-ാമാണ്ടായപ്പോഴേയ്ക്കും, അവിചാരിതമായി കുടുംബഭാരം ചുമക്കേണ്ടിവന്നതുകൊണ്ട്, വിദ്യാർത്ഥിജീവിതം അവസാനിപ്പിക്കേണ്ടിവന്നു. ദാരിദ്ര്യത്തിൽനിന്നു കരകയറാൻവേണ്ടി കച്ചവടംപോലും നോക്കിയിട്ടുണ്ട് ഈ ദന്തഗോപുരവാസി.

കവി കച്ചവടം തുടങ്ങിയാൽ എന്താവും അവസ്ഥ! അതു സംഭവിക്കുകയും ചെയ്തു.

നൈരാശ്യംമൂലം 1098-ൽ നാടുവിട്ടു. അനേകം പുണ്യക്ഷേത്രങ്ങൾ സന്ദർശിച്ച്, പുണ്യതീർത്ഥങ്ങളിൽ സ്നാനംചെയ്തു മാനസികവും ശാരീരികവുമായ ശുദ്ധി നേടി അടുത്ത വഷം തിരിച്ചെത്തി. അതോടൊപ്പം പണപ്പെട്ടിയും 'ശുദ്ധ'മായി വരികയായിരുന്നു. 1110-ൽ വീണ്ടും നാടുവിടാൻ നിർബ്ബദ്ധനായെങ്കിലും അക്കൊല്ലംതന്നെ മടങ്ങിവരികയുണ്ടായി. ഈ പരദേശയാത്രകൊണ്ടു മറെറാരു പ്രയോജനംകൂടി കിട്ടി: പല ഭാഷകളും പഠിക്കുകയും അതിലുള്ള സാഹിത്യകൃതികളുമായി പരിചയപ്പെടലുമായിരുന്നു അതു്.

അവിടന്നിങ്ങോട്ടു സാഹിത്യരചനയും അധ്യാപനവുമായി സ്വദേശത്തുതന്നെ കഴിഞ്ഞുകൂടുകയാണു്. പ്രസിദ്ധകവിയായ അക്കിത്തം തുടങ്ങി വിപുലമായ ഒരു ശിഷ്യസമ്പത്തുണ്ടു് നമ്പീശന്നു്.

പല്ലശ്ശന കൃഷ്ണൻനമ്പീശന്റെ പുത്രിയാണു് സഹധർമ്മിണി. ഒരു മകനും ഒരു മകളും ഉണ്ടു്.

എഴുപതു വയസ്സു കഴിഞ്ഞിട്ടും സാഹിത്യവിഷയകങ്ങളായ കാര്യങ്ങളെക്കുറിച്ചു സംസാരിക്കുമ്പോഴേയ്ക്കു യുവസഹജമായ ഉത്സാഹംകൊണ്ടു മുഖം അരുണാഭമാകുന്നതു കാണാം; ആത്മാവിന്റെ പ്രകാശം മങ്ങിയ ആ കണ്ണുകളിൽ ഭദ്രദീപം കൊളുത്തുന്നതു കാണാം; പുരാണങ്ങളും പ്രമാണങ്ങളും, തിരുവാതിരപോലെ, തിരിമുറിയാതെ പൊഴിയുന്നതു കാണാം.

സാഹിത്യേതരകലകളിലും നിഷ്ണാതനാണു് ഈ കവി. തായമ്പക അരങ്ങേററം കഴിഞ്ഞിട്ടുണ്ടു്; കഥകളി വേഷം കെട്ടും; നന്നായി പാടും. ഇങ്ങനെ സകലകലാവല്ലഭനായ ഈ കവിയെ സഹൃദയലോകം അറിയാത്തതും അറിയാൻ ശ്രമിക്കാത്തതും

കഷ്ടംതന്നെ. ആ നിലയ്ക്കു നമ്പീശന്റെ ആട്ടക്കഥകൾ പ്രസിദ്ധീകരിക്കുവാൻ 'അഭിനന്ദനസമിതി' ചെയ്ത പരിശ്രമത്തെ എത്ര അഭിനന്ദിച്ചാലും അധികമാവില്ല.

ഗായകകവി ശങ്കുണ്ണിനമ്പീശന്നു് 'ആയുരാരോഗ്യസൗഖ്യം' നേരുക. ഇദ്ദേഹത്തിന്റെ ഇതരകൃതികളും ഉടനെത്തന്നെ വെളിച്ചം കാണട്ടെ!

ഗുരുവായൂർ,
18—12—1967.

കുഞ്ഞുമ്മിണി.

# മൂന്നാട്ടക്കഥയെപ്പററി

ശ്രീമാൻ കൊടുങ്ങല്ലൂർ ശങ്കുണ്ണിനമ്പീശനവർകൾ കാവ്യങ്ങളും തുള്ളൽക്കഥകളും ആട്ടക്കഥകളും ധാരാളം എഴുതിത്തീർത്തിട്ടുള്ള ഒരു വയോധികനും പരിശ്രമശീലനുമാണെന്നാണു് എൻെറ അറിവു്.

കാകുൽസ്ഥകല്യാണം, ശിഖിരാവണവധം, ചന്ദ്രാംഗദവിജയം—ഈ മൂന്നാട്ടക്കഥകൾ അഭിപ്രായം രേഖപ്പെടുത്തി അയയ്ക്കാനായി ശ്രീ. നമ്പീശൻ എനിക്കയച്ചുതന്നു. കാകുൽസ്ഥകല്യാണം ഒരുവിധം നിഷ്കർഷിച്ചും മററു രണ്ടും സമഷ്ടിയായും വായിക്കാനേ എൻെറ സമയദൗർല്ലഭ്യംകാരണം സാധിച്ചുള്ളൂ.

സംഗീതം, സാഹിത്യം, സംസ്കൃതത്തിലും മലയാളത്തിലും നല്ല പാണ്ഡിത്യം, നാട്യശാസ്ത്രജ്ഞാനം, കലാബോധം, ഔചിത്യബോധം, പുരാണപരിചയം—ഇതെല്ലാം ഒത്തുചേൎന്ന ഒരനുഗ്രഹീതകവിക്കേ ആട്ടക്കഥ എഴുതി വിജയിക്കുക സാധ്യമാകൂ എന്നാണു് എൻെറ വിശ്വാസം. നമ്പീശൻ തുടർച്ചയായി നിഷ്പ്രയാസം എഴുതിത്തീർക്കുന്ന കഥാപരമ്പരകൾതന്നെ അദ്ദേഹത്തിൻെറ സൎവ്വതോമുഖമായ പാണ്ഡിത്യത്തിനു് ഒരു ദൃഷ്ടാന്തമാണു്.

ആട്ടക്കഥ വായിച്ചു രസിപ്പാൻമാത്രമുള്ളതല്ലല്ലോ. രംഗത്തിൽ പ്രകടിപ്പിക്കേണ്ടതാകയാൽ അതിനു പററുമോ എന്നു ചിന്തിക്കേണ്ടതുണ്ടു്. കഥകളി ധാരാളം കണ്ടു പരിചയമുള്ള ആളാണെന്നു് അദ്ദേഹത്തിൻെറ മൂന്നു കഥകളും തെളിയിക്കുന്നുണ്ടു്. കഥകളിയിൽ കണ്ടുവരുന്ന എല്ലാ വേഷങ്ങൾക്കും പററിയ പാത്രങ്ങളെ സൃഷ്ടിച്ചിട്ടുണ്ടു്. സാധാരണമായി അഭിനയിച്ചുവരുന്നതും അഭിനയിക്കാവുന്നതുമായ എല്ലാ വിഷയങ്ങളും സംഭ

രിച്ചുകാണുന്നുണ്ടു്. ശൃംഗാരാദികളായ എല്ലാ രസങ്ങളും പ്രത്യേകം പ്രത്യേകം നടിക്കാൻ കളമൊരുക്കിവെച്ചു കാണുന്നു. ശബ്ദഭംഗി, അൎത്ഥപുഷ്ടി, പ്രാസദീക്ഷ—ഈവകയിലും നിഷ്കൎഷിച്ചിട്ടുണ്ടു്. പ്രാസദീക്ഷ കുറച്ചേറിപ്പോയില്ലേ എന്നാണു് സംശയം. പോരിനു വിളി, യുദ്ധം, വധം, കല്യാണം—എല്ലാം ധാരാളമായിട്ടുണ്ടു്. കാകുൽസ്ഥകല്യാണത്തിൽ കാകുൽസ്ഥന്മാരുടെ കല്യാണപരമ്പരതന്നെയാണു്. ശബ്ദങ്ങളെക്കൊണ്ടു ചില കസൎത്തുകൾ നടത്താനും മറന്നിട്ടില്ല. നമ്പീശനു വാരിയരിൽ ഭ്രമം വരുന്നതു സ്വാഭാവികമാണല്ലോ. സ്വല്പം ഏറിപ്പോയില്ലേ് എന്നു് ഒരു സംശയം അവശേഷിക്കുന്നുണ്ടു്. ചില സംസ്കൃതശ്ലോകങ്ങൾ കൂടുതൽ നന്നായിട്ടുണ്ടെന്നു് ഏതു സഹൃദയനും ഒരിക്കലെങ്കിലും വായിച്ചാൽ തലകുലുക്കി സമ്മതിക്കുമെന്നാണു് എൻെറ ഉത്തമവിശ്വാസം.

ശ്രീരാമൻെറ സീതാപരിത്യാഗവും പുനരഗ്നിപ്രവേശത്തിനാവശ്യപ്പെട്ട സമയം സീത ഭൂമിയിൽ മറഞ്ഞതും പല ഹൃദയാലുക്കൾക്കും തലവേദനയുണ്ടാക്കുന്ന ഒരു സംഗതിയാണു്. രാമൻ വയസ്സുകാലത്തു ഭാൎയ്യാമക്കളോടുകൂടി സുഖമായി കുടുംബജീവിതം നയിക്കുന്ന ഒരു രാമായണത്തെ ആശ്രയിച്ചു സാധാരണമനുഷ്യൎക്കുള്ള ഒരു ജീവിതരീതി ശ്രീ. നമ്പീശൻ കൈവരുത്തിക്കൊടുത്തതിൽ എനിക്കാക്ഷേപമൊന്നുമില്ല.

രംഗങ്ങൾക്കു മിഴിവു ധാരാളമായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. നായകനു് ഒരു സ്ഥിരതയില്ലാത്തതിനാൽ ഫലം കുറയും, പണി കൂടും. എങ്കിലും നല്ല നടന്മാരും നല്ല ഭാഗവതൎമാരും വിചാരിച്ചാൽ നേരെയാക്കാനും കഴിയും.

ശിഖിരാവണവധം ശ്രീരാമൻെറ പൗരുഷത്തിനു് ഒരിടിച്ചിലല്ലേ?

ചന്ദ്രാംഗദവിജയം കഥ നന്നു്. രംഗത്തിൽ മിഴിവുണ്ടാകുമോ എന്നു് ഒന്നു പരീക്ഷിച്ചേ പറയാനൊക്കൂ. ഏതായാലും ഇ

തിൽ ഒന്നാംസ്ഥാനം കാകുൽസ്ഥകല്യാണത്തിനാണെന്നാണ് എനിക്കു തോന്നീട്ടുള്ളതു്. ഈ കഥയെങ്കിലും ഒരിക്കൽ രംഗത്തിൽ അഭിനയിച്ചുകാണാൻ കഠിനമായി ആഗ്രഹിക്കുന്നുണ്ടു്. വിദഗ്ദ്ധന്മാരായിരിക്കണം ആദ്യം കൈകാര്യംചെയ്യുന്നതെന്നു നിർബ്ബന്ധമുണ്ടു്.

ശ്രീമാൻ ശങ്കുണ്ണിനമ്പീശൻെറ പരിശ്രമം സ്തുത്യർഹംതന്നെ—പ്രത്യേകിച്ചും ഈ കാലത്തു്. ആയതിനാൽ അദ്ദേഹത്തിൻെറ കൃതികൾ താമസിക്കാതെ രംഗത്തിൽ പ്രയോഗിച്ചുകാണ്മാൻ ദൈവം സംഗതിവരുത്തട്ടേ എന്നു നേൎന്നുകൊണ്ടു തത്കാലം വിരമിച്ചുകൊള്ളുന്നു.

—പയ്യങ്കുളം രാമച്ചാക്യാർ
അസിസ്റ്റൻറ് പ്രഫസർ
കേരളകലാമണ്ഡലം

ചെറുതുരുത്തി,
25—9—'67.

# കൃതജ്ഞത

എടുത്തുപറയത്തക്ക ഒരു വ്യക്തിമാഹാത്മ്യവും എനിക്കവകാശപ്പെടാനില്ല. ആദരിക്കണമെന്നു ഞാനൊട്ടാശിച്ചിട്ടുമില്ല. ശുകപുരം ഗ്രാമക്ഷേത്രപരിസരത്തിലാണു് ഞാൻ ജനിച്ചു വളൎന്നതു്.

അമ്പലങ്ങളുടെ മതിലകങ്ങളിൽ അക്കാലത്തു സാധാരണമായിരുന്ന കലാരംഗങ്ങൾ ശൈശവംമുതല്ക്കു് എന്നെ ആകൎഷിച്ചു. ആ സാഹചര്യമാണു് എനിക്കു സാഹിതീസപര്യക്കു പ്രചോദനം തന്നതു്. സാഹസമെന്നു പറയട്ടെ, അങ്ങനെ പ്രാചീനകലകളിൽ പലതിലും ഞാൻ കൈവെച്ചു. തുള്ളലെഴുതി, ഖണ്ഡകാവ്യവും മഹാകാവ്യവും എഴുതി, ആട്ടക്കഥകളും എഴുതി. ഈ സംരംഭത്തിൽ മഹാകവി വള്ളത്തോൾ തുടങ്ങിയ കേരളത്തിലെ തലമുതിൎന്ന കവികളും കലാകാരന്മാരുമായി ആശയവിനിമയം ചെയ്യാനും എനിക്കു ഭാഗ്യമുണ്ടായി. പക്ഷേ എൻെറ നേൎത്ത ഗാനം ശബ്ദായമാനമായ ഈ പ്രപഞ്ചത്തിൽ ശ്രദ്ധിക്കപ്പെട്ടില്ല.

ഭാഗ്യവശാൽ ഈ വാൎദ്ധക്യത്തിൽ എൻെറ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കാനും എന്നെ ആദരിക്കാനും

ചില സുഹൃത്തുക്കൾ ഉണ്ടായി എന്നതു് എനിക്കു് ഏററവും ചാരിതാൎത്ഥ്യജനകമാണു്. അത്രയും ക്ലേശങ്ങൾ കൊരുമ്പെട്ട ആ സ്നേഹിതന്മാൎക്കും എൻെറ മൃന്നാട്ടക്കഥകൾ മനോഹരമായി പ്രസാധനം ചെയ്ത മംഗളോദയത്തിനും മററെല്ലാവൎക്കും നിറഞ്ഞ കണ്ണുകളോടെ ഞാൻ നന്ദി പറയുന്നു.

—കൊടയ്ക്കാട്ട ശങ്കുണ്ണിനമ്പീശൻ

# മൂന്നാട്ടക്കഥ


| | പേജ് |
|---|---|
| 1. കാകുൽസ്ഥകല്യാണം | 1 |
| 2. ചന്ദ്രാംഗദവിജയം | 57 |
| 3. ശിഖിരാവണവധം | 91 |

CHILDREN'S LIBRARY

# കാകുൽസ്ഥകല്യാണം

## ആട്ടക്കഥ

## ഒന്നാംദിവസത്തെ കഥ

### വന്ദനശ്ലോകങ്ങൾ

മാരാരാതിവിരിഞ്ചവാസവമുഖൈ-
    രാരാധ്യമാനം സുരൈ-
ശ്ചോരാകാരനിശാചരോല്ക്കരതമ-
    സ്സൂരായിതപ്രാഭവം
താരാനാഥമുഖം സരോജനയനം
    ധാരാധരാംഗപ്രഭം
ശ്രീരാമം കരശോഭികാർമ്മുകശരം
    വീരാവതംസം ഭജേ. 1

ഭക്ത്യാ ഭജാമ്യവികലം കരുണാകുചേലം
കൈതകദാസമമലം കമലാകുചേലം
ഗോപാലനാതികുശലം കലിതാകുചേലം
ഗോപാലമേവ സഖലം ധനദൽകുചേലം. 2

### പുറപ്പാട്ട്

രാമൻ, സീത, കുശൻ, ലവൻ:

തോടി—ചെമ്പട

ഗീർവ്വാണാഭീഷ്ടദായീ നിഹതദശമുഖോ
    ലബ്ധരാജ്യാഭിഷേകഃ
കുർവ്വാണോ വാജിമേധം സമുപചിതയശാഃ
    പാലയൻ ഭൂതധാത്രീം
വാല്മീകേർവ്വാഗപിഭൃത്യാ വിദിതസുചരിതൈഃ
    പുത്രദാരൈരുദാരൈ-
സ്സാകം സാകേതപുര്യാം പരിരമതി പുരാ
    രാമചന്ദ്രോ മഹീന്ദ്രഃ 1

ദേവരക്ഷ ചെയ്യാനായി രാവണനെ കൊന്നു
ദേവനായ് സാകേതേ രാമദേവനാര്യവൃത്തൻ
രാജ്യരക്ഷതന്നിലേററം പൂജ്യനായി 'സീത
ത്യാജ്യ'യെന്ന കിംവദന്ത്യാ വജ്ജിതഭാര്യനായി
അശ്വമേധത്തിൽവെച്ചേററം വിശ്വസിക്കുമാറു
വിശ്വവന്ദ്യൻ മുനി ചൊന്ന വിശ്രുതവാക്കാലെ
സ്വീകരിച്ച ഭാര്യയോടും പുത്രരോടുംകൂടി
ശോകഹീനം ചിരകാലം സാകേതത്തിൽ വാണു.

## രംഗം ഒന്നു്

സൗരാഷ്ട്രം ചെമ്പട

കുശലവാവിനൗ ബാല്യഖേലകൂൽ-
കുശലവത്തിനൗ ഭ്രമിലെജേകദാ
കുശലവാചമിത്യാഹ തൗ ദ്വിഷൽ-
കുശലവശ്രുതൗ ബാലതല്ലജൗ. 2

സീത കുശലവന്മാരോടുള്ള വാക്കു്:

മാമകീനവത്സന്മാരേ,
മാ മാ ബാലചാപല്യം.
കോമളപ്പൂമേനിയോടിച്ചാടി
സീമാതീത,മയ്യോ, വാടി— മാമ.

ബാലത പോയുള്ളതേതുമറിയാതെ
കാലം വൃഥാ കളയാതെ.
ശീലഗുണത്താലെയിഹ രാജസ്ഥാനം,
മേലിൽപ്പാലിക്കേണ്ടവരല്ലോ നിങ്ങൾ— മാമ.

കൃത്യാകൃത്യജ്ഞാനം കൃത്യമായുണ്ടെന്നാലും
നീത്യാനുഷ്ഠാനം വ്യസ്തമാകിലതു വ്യത്ഥം.
പാത്തുകണ്ടോളം തക്ഷമുഖ്യക്കില്ലിത്ര കളി,
മത്തനൂജന്മാർമാത്രം ലീലാലോലന്മാർ; കഷ്ടം!— മാമ.

ആര്യരാകിയ നിങ്ങൾ ഗുരുവിങ്കൽനിന്നു
കാര്യാകാര്യം സമസ്തം മോദേന ഗ്രഹിച്ചാലും.
സൂര്യാത്തകാന്തിയാലിരവിങ്കലാക്കും
ധൈര്യം നല്കുന്നമൂലം ലോകമാന്യമായ് ദ്വീപം— മാമ.

കുശലവന്മാർ മറുപടി:

മുഖാരി—അടന്ത

കൈതൊഴുന്നു ചരണങ്ങൾ
പൈതലുകൾ ഞങ്ങൾ

ശ്രിതജനകൃപാനിധേ, വചനങ്ങൾ
ശൃണു ഗുണമയേ, തായേ, കേളിദോഷകരങ്ങൾ— കൈതൊ.

ജനകദംബഭരണപാനം കൗതുക-
ജനകമാം; പക്ഷേയിങ്ങുള്ളഴലിനില്ല തുക
ജനകദൗഹിത്രന്മാർക്കിന്നോളം; കരുതുക
ജനകലാളനസൗഖ്യമില്ല;യെന്തതോതുക— കൈതൊ.

പിതൃവ്യജരാം തക്ഷമുഖരല്ലോ ഭാഗ്യവാന്മാർ
പിതൃനികടനിവാസൈകാത്തകാത്താർത്ഥ്യന്മാർ.
ഇതുവിധമഴലുള്ളിലിയലുന്ന വരാകന്മാർ
പൊതുവിലീ ഞങ്ങൾമാത്രമിനകുലകുമാരന്മാർ— കൈതൊ.

അച്ഛനരുമയിൽ ചെയ്യും ലാളനത്തിലേററം
ഇച്ഛയുണ്ടാം, സാധാരണമാണതിലില്ല കുററം.
ഉച്ചമന്യസുഖമെല്ലാം തനയക്കിതുതാനററം
മെച്ചമായ് ത്തോന്നുക; അതു ബാലചാപല്യമാററം— കൈതൊ.

ക്ഷിതിപതിനീതി, മതിധൃതി, യുധി വിരുതിതി
അതിതരാമിങ്ങുണ്ടെന്നു താതനറിവു,ണ്ടതു മതി.
കൊതി പെരുക്കുന്നുണ്ടിങ്ങു താതപാദത്തിൽ നതി
പ്രതിദിനം ചെയ്യാനായിട്ടതിനരുൾകനുമതി— കൈതൊ.

സീത:

ഏരിക്കിലക്കാമോദരി—ചെമ്പട

പുത്രരാകിലും കുട്ടികളിഷ്ടംപോൽ ചാരേ ചെന്നാൽ
ധാത്രീശക്കതു രസിച്ചീടില്ലെന്നറിയേണം.
ആകയാൽസ്സമയം നോക്കിപ്പോകണ,മതിനു ഞാനും
വൈകാതൊരു നാൾ കൂടെപ്പോന്നീടാം, ക്ഷമിക്കവിൻ.

രംഗം രണ്ടു്

ശങ്കരാഭരണം—ചെമ്പട

ചാരിത്രപ്രൗഢിവിജ്ഞാപകദഹനനിപാ-
തൈകലബ്ധാപദാനാം
ഭൂയോ ഭൂതാപവാദത്യജനനിരപരാ-
ധിതപതപ്താം സപുത്രാം
സമ്പശ്യൻ സന്നിധാനേ പുരുഷപരിവൃഢോ-
പ്യാത്തസന്താപലജ്ജാ
ദിഷ്ട്യാദിഷ്ട്യാപ്തിഹൃഷ്ടോ ഗിരമവദദിമാം
ജാനകീം ജാനകീശഃ 3

രാമൻ സീതയോടുള്ള പദം:

ശാരദശശിവദനേ, ശാരികാവാണി,
സാരസസമനയനേ!
നീരദവേണി, ഹാസാൽ നീ രദവെണ്മ തൂകി
സൈപരസല്ലാപംചെയ്ക നീരസം കരുതരുതേ— ശാരദ.
ചാരിത്രഭംഗം പിണഞ്ഞു ഹന്ത, നിനക്കെ-
ന്നോരോരോ ലോകം പറഞ്ഞു
സ്ത്രീരത്നമേ, ഞാനറിഞ്ഞു തന്മൂലമന്നു
ദൂരത്തു നിന്നെ വെടിഞ്ഞു.

പൗരുഷമഋു; ബത, തദീയമായ്
പെരുകിയൊരഴലിവനിയന്നുപോയ്
പാരമെനിക്കതൊരിടിച്ചിലായ്
പരമറിവകലുവോർക്കു നിന്ദ്യനായ്
കാരണമീശ്വരമതമിതി തവ ഹൃദി
ധാരണ; കൃതപരിചരണേ, വരണേ— ശാരദം.

ഞാനെന്നിയേ നീ വനത്തിൽ ഗർഭിണീഭാവാൽ-
ത്താനെ മുനീശാവനത്തിൽ
വാണുള്ളതോർത്തെന്നകത്തിൽ നാനാതരത്തിൽ
നാണമേല്ലു വാസ്തവത്തിൽ.

നൂനമുയൎന്നപയശസ്സിനി-
ന്നൂനത വന്നു സുമനസ്വിനി!
ജാനപദേ, ബഹുയശസ്സിനി
ജാനകി, വരുമധികശോഭിനി!

മാനിനി, സുഖിനാം മാനികളായ് നാം
മന്നവപദവിയിൽ മരുവുക നൂനം— ശാരദം.

സീതയുടെ മറുപടി:

ഏരിക്കിലക്കാമോദരി—ചെമ്പട

സത്യസന്ധ, തേ വാക്യം സത്യമാം; പക്ഷേ
കൃത്യമായിരുന്നതു കേൾ.

അത്യന്തമെന്നിൽപ്പാതിവ്രത്യഭംഗം കേൾക്കവേ
ചിത്തത്തിലതിൻതത്ത്വമോർത്തു ചെയ്കെങ്കിലെനി-
ക്കത്തലി,ല്ലതു ഭവാൻ ചെയ്തതില്ലല്ലോ— സത്യസന്ധ.

തരുണികളായാൽ നിജപുരുഷന്മാരോടൊത്തു
പുരുസുഖം വസിക്കേണം.

ഒരു ഭാഗ്യമെനിക്കതിന്നൊരു നാളുമില്ലെന്നല്ല
പരമാകും പരിവാദം പെരുകുവാനല്ലോ യോഗം.
പരിഭവമാരോടിതിൽക്കരുതിടേണ്ടു ഞാൻ— **സത്യസന്ധ.**

ദേവരനെന്നെത്തന്നെ ദാവമധ്യത്തിൽ
ഹേ വര, വിട്ടുപോന്നു—

ആ വേള ഞാൻ ഗർഭിണീഭാവം ബോധിപ്പിക്കായ്കിൽ
താവകാത്മജരാകുമീ വത്സന്മാരിൽക്കൂടി
സേവന്മാർ കുണ്ഡന്യായമോർത്തുമായിരുന്നു— **സത്യസന്ധ.**

കുശലന്മാർ രാമനോടു പറയുന്നതു്:

കാമോദരി—അടന്ത

നമാവോ നിരാകുല-
മാവാം വോംഘ്രികമലം

നവാലോകനശേഷം നലമൊടധുനാ
നവാലോകസമ്മത, വീക്ഷയിതു— **നമാവോ.**

അറിയാതേ ചെയ്തതാണോ അശ്വബന്ധനമന്നു
കുറി കണ്ടപ്പൊഴും താതബോധമില്ലാതെവന്നു.
ചെറിയവർ ഞങ്ങൾ ചെയ്തോരടതമബദ്ധമെന്നു
കരുതേണം ഭവാ,നതിന്നപേക്ഷയുണ്ടിന്നു— **നമാവോ.**

പരരെപ്പോൽ പിതൃലാളനമേററു മോദിക്കുവാനായ്
പരമഭാഗ്യമില്ലിവർക്കിതുവരെയുമായ്.
പരിതാപം പാരമുണ്ടതോർക്കെ; തത്പരിഹാരമായ്..
പ്പരിരമിക്കുകിലിഹയിനിയൊന്നുണ്ടു ചൊൽവാനായ്—
**നമാവോ.**

സത്സംഗമെന്നതെന്ന്യേ ഞങ്ങൾക്കു വിദ്യാപൂർത്തി
തത്സാന്നിധ്യമില്ലാഞ്ഞു ലഭിച്ചീ,ലതാണൊരാർത്തി.
ഉത്സാഹത്തോടെയിനി ഗ്രഹിച്ചീടാമൊരാവൃത്തി
വാത്സല്യാലുണ്ടാക്കേണമതിന്നൊരു നിവൃത്തി—**നമാവോ.**

രാമൻെറ മറുപടി:

തോടി—ചെമ്പട

കുശലം യുവയോരസ്തു പാരം
കുശലവന്മാരേ,യനുവാരം—
നിശമയ തം വിധിവിധി ദുർവ്വാരം
ഭൃശമതു പാർത്താൽജ്ജഗദാധാരം— കുശലം.

നിങ്ങളിലിവനൊരു പരിഭവമിയലുവ-
തെങ്ങനെ,യായതചിന്ത്യം ശിവശിവ!
മങ്ങാത്തോരടർവിരു,തതിധൃതി, നയമിവ
തിങ്ങിന നിങ്ങളിലിവനുള്ളു മോദമേവ— കുശലം.

വിദിതം നിങ്ങളാൽ വിദ്യ സമസ്തം,
വിബുധനാമൃഷിയുടെ ശിക്ഷനിമിത്തം
യദി കിമു പരിചയമവയിൽ വരുത്താം,
സദയമിന്നതിനാൽ വലിയ കരുത്താം— കുശലം.

ജന്യക്ഷമതചവിദിതാവിതി താവഥാത്മ-
ജന്യക്ഷമാധിപകലാകലിതാവുദീര്യ
ജന്യക്ഷമാത്തയശസം ദയിതാം ച തൈ രാ-
ജന്യർക്ഷമണ്ഡലശശീ പുരി പര്യരംസീൽ. 4

# രംഗം മൂന്നു്

വേകട—ത്രിപുട

അഥ ഭൂരികീർത്തിനൃവരേണ നന്ദിനീ-
പരിണീതികർമ്മദൃഢനിശ്ചിതാത്മനാ
സ്സവരാന്നിമന്ത്രിതുമുവാച ചോദിതോ
ധരണീസുരസ്തമുപഗമ്യ രാഘവം. 5

ഭൂരികീർത്തിയുടെ ദൂതൻ രാമനോടു പറയുന്നതു്:

ശ്രീമദക്കവംശാംബുധിഭവ-
സോമ, മഹിതമഹിമൻ!—

ഭൂമിപാലജാലം പണിയുമമലം
പദവിയെയലങ്കരിപ്പോരു-
രാമചന്ദ്ര, തവ സൗഹാർദ്ദമെഴും
ഭൂരികീർത്തിയുടെ ദൂതനാഹം ശൃണു— ശ്രീമ.

അക്ഷിതീശനധുനാ സുതയെ സ-
മക്ഷമായി വിധിനാ
ദീക്ഷചെയ്വു വരനായേകുവതിനാ-
യറിയുകതിനായ് ഭവദാഗമ-
കാംക്ഷിയാമവനിവങ്കൽ നിമന്ത്രണ-
പത്രമേകിയതു കാൺക സമുദം— ശ്രീമ.

ദാരമിത്രപുത്രാദികളൊടു-
ദാരമിത്രസത്രാ
ചേരുകാശു ഗോത്രാദയിതഗോത്രാ-
കലിതഗോത്രാരിതാശ്രിത!
ഭൂരികീർത്തി നിജമക്കളെയിരുവരെ
ഹാ! സ്വയംവരനിലഷ്ടം കൊടുപ്പു— ശ്രീമ.

ഭൂദേവനാഥാത്സരസം ഗൃഹീതം
ഭൂദേവനാഥസ്സുരസേന്ദ്രദത്തം
പത്രം പഠംസ്തം പ്രതിവാചമൂചേ
പ്രോദ്ദാഹനൈമന്ത്രണതന്ത്രഹൃഷ്ടഃ 6.

രാമൻെറ മറുപടി:

ഭൈരവി—ചെമ്പട

ക്ഷണമിന്നേറേൻ ഭൂമിദേവ, ഗുണനിധിയാമവനെൻെറ
പ്രണയപാത്രമാണു് മുന്നമേ പിന്നേയോ, പോവാൻ

ഗണനീയമാം വിഘ്നമെന്തിഹ
കണിശമായറിക കുടുംബസമേതനാ-
യണയുവനമ്പൊടു, വാദം നഹി നഹി. ക്ഷണം.

വാത്തയേവം ഭവാൻ ഭൂരി-
കീത്തിയോടുണത്തിയാലും
ആത്തമോദം ഞാനീയേകിടും വിത്തവസ്ത്രാദി
പ്രീത്യാ സാകം വാങ്ങിക്കൊള്ളുക.

ആത്തി ജനത്തിനമത്തി വളത്തിന
കീത്തി പെരുത്തൊരു പാത്ഥിവവരനുടെ— ക്ഷണം.

## രംഗം നാല്

കല്യാണി—ചെമ്പട

ദൂതേ പ്രയാതേ നിജദത്തവിത്ത-
വസ്ത്രാപഹാരൈരതിതുഷ്ടചിത്തേ
രഘൂത്തമസ്ാഭിഹിതം സമസ്ത-
ദക്ഷം സമക്ഷം സചിവം ജഗാദ. 7

രാമൻ വിജയനോടു സ്വപ്രതിനിധിയാവാൻ പറയുന്നതു്:

വീര, വിജയ, വീതഖേദം
സാരവേദിൻ, വിജയ—

സാരമായും സരസമായിയും
ഉരുവായരുചായൊരു വാക്കരുൾവൻ.
നീരസമററിവു നീ രസമേററു കേൾ— വീര, വിജയ.

ഭൂരികീത്തി ഭൂരികീത്തി ദൂരവത്തി ചക്രവത്തി
ഭൂപദീപതേജോവത്തി—

സുമതീസുമതീസുമതീവദനാ-
ശ്രീചംബികമാരുടെ വേളിനി-
മന്ത്രണമിവനേകി വിവേകി— വീര, വിജയം.

ഗതികല്യേ ഗതി കല്യേ ചെയ്യുൻ യാനാനുകൂല്യേ
ഗതഭ്രൂര്യാതപശല്യേ—

സഹസാ സഹ സാരഥിനാ രഥിനാ
സൗമിത്രിമുഖാനുജനന്ദന-
സംഘേ ന ച പൂരവാസിഭിരിഹ— വീര, വിജയ.

മമതയാൽ മമ തായാർ മുതലായോർ മുതലായ-
വ്യയഭരമിവ പാലയ—

വരണം വരണം വഴിയെക്കഴിയേ
ഞാനെന്നാലൊഴിവാക്കീടാം പ്രതി-
പൂരുഷതചമയി തേധികകീത്തേ!— വീര, വിജയ.

മറുപടി:

കേദാരഗൗഡം—ചെമ്പട

കല്പനപോലെവേയെന്നതെന്നിയേയിതി-
ലല്പനാമെനിക്കെന്തു പറയുവാനുള്ളൂ—
തചത് പ്രതിനിധിയായിയിച്ചൊന്നതൊക്കയും
ചൊല്പടി ചെയ്യീടാം നിണ്ണയം.

തരണം കൃപയെന്നാൽ തരണമില്ലാതേതദ്-
ഭരണംചെയ്യതിങ്ങാഭരണമെന്നായ് മന്യേ— കല്പ....

ധരണീശാനുജ്ഞ കൈവരണമെങ്കിൽ ഭാഗ്യം
ശരണമെന്നതെന്നുള്ളാൽ സ്മരണീയംതന്നെയിന്നു —കല്പ..

## രംഗം അഞ്ചു്

ശങ്കരാഭരണം—ചെമ്പട

ദതചാ സചപ്രാതിനിധ്യം നിജസുഹൃദി സുത-
ഭ്രാതൃപൗരൈരസചസൈന്യൈ-
സ്സാദ്ധം തീവ്രം പ്രയാതോ ജവരഥഗതിനാ
മാഗ്ഗദൈഗ്ഘ്യം ന ജാനൻ

ഉദ്വാഹാഡംബരാഢ്യം പുരമധികനൃപാ-
ലംകൃതം ഭൂരികീർത്തേഃ
പ്രാപ്തോഽയോധ്യാധിനാഥഃ പ്രമുദിതഹൃദയേ-
നാദൃതസ്തേന രാജ്ഞാ. 8

സ്വരാജധാനിയിൽ വന്ന രാമനോടു ഭൂരികീർത്തി കുശലം ചോദിക്കുന്നു:

കുശലമല്ലയോ കാശ്യപീവരതാര-
ശശധര, വീര!

ഭൃശമുണ്ടു മോദമിങ്ങു തവ സമാഗമാൽസ്സൂര-
രശ്മിപ്രാപ്തിയാൽ നളിനത്തിന്നുപോലെ ഹിതകര!—കു...

മാർഗ്ഗവിഘ്നങ്ങളൊന്നുമില്ലാതെതന്നെയല്ലീ
ശ്ലാഘ്യകീർത്തേ, തേ വരവു്? ശകുനവും നല്ലതല്ലീ?
ഹൃദ്ഗതമെൻമോഹം പുത്രീപരിണയഹേതു ചൊല്ലി
സാധ്യമാക്കി ഭവാനിപ്പോൾ പുളച്ചു മന്മോദവല്ലി— കു....

പരിണീതിയിതു സർവ്വോപരി നീതിയാൽ നടത്തി
പരിമോദിപ്പതിന്നോർത്തിത്തരമെല്ലാമേർപ്പെടുത്തി
ഇനി ഭവദിംഗിതത്തിന്നനുഭവമാംവിധത്തി-
ലനുഭാവം പൂണ്ടു പൂർത്തിയാക്കാമീ മുഹൂർത്തത്തിൽ— കു....

രാമന്റെ മറുപടി:

സാവേരി—അടന്ത

ക്ഷേമമാണു മേ ക്ഷമയുടയ നായക!
കിമപി ദുഃഖമില്ലയെങ്ങുമേ—
തമ്മിലൊരു ദിവസം കാണ്മാൻ
മന്മനസി വളരും മോഹം
ഇമ്മഹതപമെഴുംപൊഴുതിൽ

നന്മയൊട്ട സഫലമിവനയി സഖേ,യിനിയിഹ
വേളി വിധിയാംവിധം കൊണ്ടാടിടാം തടവില്ലതിൽ—
**ക്ഷേമം**

## രംഗം ആറ്

മോഹനം—മുറിയടന്ത

പശ്ചാദ്ഗച്ഛസ്സുരാലംകൃതകനകപതാ-
കാങ്കിതായാം മൃദംഗ-
ശ്രേണീവേണുപ്രണാദൈരുദ്ധമതരവൈ-
ശ്ലോഷിതായാം സഭായാം
കാകുൽസ്ഥാധ്യക്ഷതായാം വിവിധകൃതനിജ-
പ്രാഭവാനാം നൃപാണാം
ധാത്ര്യൗ ധാത്രീശപുത്രീ യുഗപദവദതാം
സാധുനന്ദാ സുനന്ദാ. 9

**സുമതിയോടും ചംബികയോടും സഖി പറയുന്നതു്:**

സുമതീ, കേട്ടുകൊൾക വസുമതീനാഥകന്യകേ!
സുമതിയായിട്ടും ചംബികേ!
സമുചിതപ്രതാപിയാം മഗധനാഥനിവൻ,
കാമിനീകാമുകൻ ചേദിനാഥനിവൻ— **സുമതി.**

കാശ്മീരാദ്യംഗരാഗാലിപ്തവക്ഷസ്ഥലൻ
കാശ്മീരനാഥനിവൻ നരപാലൻ,
കശ്മലവേദി വിദർഭൻ ഖലകാലൻ,
വിശ്രുതി പരമോലുമീ നൃപതി പാഞ്ചാലൻ— **സുമതി.**

പുണ്യകർമ്മാവിവൻ പാണ്ഡ്യത്തിന്നധിനാഥൻ,
ഗണ്യൻ യോഗ്യരിലിവൻ ആന്ധ്രത്തിന്നധിനാഥൻ,
കുണ്ഡിനനാഥനിവൻ ഹാഹാ, ഗതതാപൻ,
പുണ്ഡരീകാക്ഷികളേ,യിവനവന്തിപൻ— **സുമതി.**

കോസലനാഥൻ ഭൂവാസവനിവൻ രാമൻ,
തത്സുതരിവർ കുശലവർ തുലിതകാമന്മാർ
ഹേ സഖീമാരേ,യിവരിലാരെയെന്നാലും
ആസന്നമുഹൂർത്തേ വരിപ്പിൻ ഹിതംപോലെ— **സുമതി.**

**അവർ കുശലവന്മാരെ വരിക്കൽ:**

കുശലവവഞ്ചിതചിത്തേ
കുശേശയാക്ഷ്യൗ ച ചംബികാസുമതീ
കുശലകരൗ വവ്രാതേ
കുശലഭവീര്യാൻ പരാനപിഹായൈതൗ. 9

ചൈദ്യാകളുടെ പ്രക്ഷോഭം:

ആഹരി—ചെമ്പട

ഇതികർത്തവ്യതാമൂഢേ-
ഷപിച്ഛാഭംഗാദനൂഹിതാൽ
ജോഷം സ്ഥിതേഷു സർവ്വേഷു
ചൈദ്യസ്സദ്യ ഇദം വദൻ. 10

മാന്യരാം നമ്മൾ കാൺകെ കന്യകമാരീവണ്ണം
അന്യരെ വരിച്ചതു അന്യായമല്ലീ ചൊൽവിൻ—
ദൈന്യമെന്നിയേ ചെയ്ക ജന്യം രാമനാമം നാം
ശൂന്യമാക്കി വേഗേന കന്യാഹരണം ചെയ്യേണം.
കംബുകണ്ഠ, കണ്ടീലേ കംബുകണ്ഠിമാരിഹ
നൊമ്മൾ കാണ്കവേ പാരം നിർമ്മരിയാദം ചെയ്തു.
മാഗധമഹീപതേ, മാഗാ ധാമ വെറുതേ;
മാഗാധം കാര്യം കലയ ഹിതത്സുലഭം നൂനം—മാന്യരാം.

**മാഗധൻെറ ക്ഷോഭം:**

സാരംഗം—ചമ്പ

**ആശയംതന്നിലിതിൽസ്സംശയമെന്തു പാർക്കിൽ**
**ആശു നേർക്കകെ വില്ലുമാശുഗവുമെടുക്ക.**

മോശമുണ്ടല്ലെന്നാകിൽ ക്ലേശമെന്തിതിലുള്ളൂ?
പ്രാംശുക്കൾക്കല്ലോ വേണ്ടൂ പേശലാംഗിമാരോക്കിൽ.

ആനന്ദഭൈരവി—ചെമ്പട

പ്രത്യൂഹം പരിണയഘോഷ ഭൂരികീർത്തി—
പ്രത്യൂഹം നൃപകലഹം സ ഭൂരികീർത്തിഃ
പ്രത്യൂഹപ്രതിഭടതാം ധൃതാൻ വിദിത്വാ
പ്രത്യഗ്രസ്ഥിതികലിതാൻ നൃപാൻ ബഭാഷേ.

ഭൂരികീർത്തി രാജാക്കന്മാരോടു ക്ഷമിപ്പാൻ യാചിക്കൽ:

കോപിയായ്പ്പിനിന്നു തെല്ലുമേ കാശ്യപീശരിൽ
കോപിയെന്നിൽ സ്നേഹാലിവരിൽ
ആപദൈകമൂലമോരിൽ
ശ്രീപതിവൈരമൂർത്താരിൽ
ഹാ, പിതാമഹേഷ്ടം നേരിൽ
തടയുവതിനു തികവെവനു മർത്ത്യരിൽ.
ഭാവിക്ക നന്മയ്ക്കായ് നമ്മൾ വൈവാഹഘോഷം
ഭാവിക്കയല്ലീ സന്തോഷം?
ഈ വേള തമ്മിൽ ദ്വേഷം
ഭാവിക്കിലിതു ദോഷം
ഈവധിം വാക്കശേഷം
ശ്രവണകഠിനമെവനുമിവനു വൻവിഷം.

## രംഗം ഏഴ്

മുഖാരി—അടന്ത

തത്സൂക്ത്യാ ശാന്തചിത്തേ ഖലു നൃപതികുലേ
സ്വം സ്വം രാജ്യം പ്രയാതേ
രാമാദ്യാ ഭൂരികീർത്ത്യർപ്പിതമധികതരം
ശുൽക്കമല്ലും ഗൃഹീത്വാ

യാതാ സൈപരം നൃവാത്സൽ പുരി സുചിരമഥാ-
പൈ്യകദാ കോസലേന്ദ്രഃ
പ്രാപ്യാഗസ്ത്യാശ്രമം തം സഹ സഹജമുഖൈ-
രിത്യുവാചാത്യുദാരം. 12

മടങ്ങിപ്പോന്ന രാമൻ സീതാലക്ഷ്മണന്മാരുമായി അഗസ്ത്യനെക്കണ്ടു സംസാരിക്കുന്നതു്:

കലയേ കാലിണ നിർമ്മായം
പല നാളായ്ക്കൊതിപ്പതു ഫലവത്തായതാണിതു— കലയേ
ഭവതാപശാന്തിയുടെ ഭവത പാർക്കുമിവിടെ
ഭവതാ കൂടെ ഞാൻകൂടെ നിവസിപ്പനിന്നമ്പോടെ—കലയേ
വനവാസം കാലത്തന്നു മുനിവര്യയിങ്ങു വന്നു
അനുഭവിച്ച സൗഖ്യമിന്നു മനസി മേ തോന്നീടുന്നു—കലയേ
ദുഷ്ടനാം രാവണനെ നഷ്ടനാക്കുവാൻ മുനേ!
ഇഷ്ടംചെയ്ത ഭവാനെ സാഷ്ടാംഗം നമിച്ചേനേ— കലയേ

അഗസ്ത്യന്റെ മറുപടി:

ശങ്കരാഭരണം—ചെമ്പട

ഭദ്രം ഭവതു ഭവതേ ഹേ രാമ-
ഭദ്ര, സാകേതനൃപതേ!
ക്ഷുദ്രഗ്രഹിണാദ്യുച്ഛിത ചിദ്രസാത്മകനല്ലോ നീ;
ഏദ്രസം തവ ദരിദ്രസത്കൃതിയിലുത്ഭവിക്കിലതിവനു ഭാഗ്യം—
വൃന്ദാരകാദിനിഖിലവന്ദാരുവൃന്ദ- ഭദ്രം
വന്ദ്യ, കൗസല്യാനന്ദന!
ഇന്ദീവരാക്ഷ, താവക-
മിന്നീ വരവൊരനുഗ്രഹിത-
മിന്ദിരാരമണ;യിന്നു പാർത്തീടുകിൽ
മന്ദഭാഗ്യതയകന്നൊരു ശുഭദിനം.

ജാനേ മുന്നമേ ഭവാനെ ജാനകീജാനേ!
ദാനവാരാതിയെന്നു ഞാൻ.

ഊനിലല്ലെന്തൊരു സത്കൃതി
ഞാനിഹ ചെയ്വൂ യദ്യപി
ദീനവത്സല, ഭവാനുടെ കൃപയൊട-
ന്നൂനമൊക്കെയുമൊരുക്കുവനധുനാ— ഭദ്രം

അഗസ്ത്യൻ അന്നപൂൎണ്ണേശ്വരിയെ സേവിക്കൽ.

അസാവേരി—മുറിയടന്ത

സ്നാതും യാതേ രഘുകുലപതൗ ദീൎഘികാം സാനുയാത്രേ
ഭക്തോ ഭക്ത്യ പുളകിതപയോരാശിരാശീ മുനീന്ദ്രഃ
ദേവീം ദേവാദിഭിരഭിനുതാമന്നപൂൎണ്ണേശ്വരീം താം
തുഷ്ടാവേഷ്ടാപ്തിഷു ദൃഢതരം നിശ്ചിതാത്മാ മഹാത്മാ. 13

കാണുമാറാസ്സുരേണം തവ തനു
കാണിനേരവും വൈകാതിവനു
സ്ഥാണുരുദ്രമുമ്പർ നിലിമ്പർ ദിനമനു
താണുതൊഴുമൊരു ചെമ്പവിഴകഴ-
ലഴകിലിവനിലുദിക്കണം തനു— കാണുമാറാ

അന്നപൂൎണ്ണേശ്വരി, ഹേ ലോകതായേ!
അന്നമെനിക്കു തായേ.
മന്നനും പരിവാരവുമുണ്ടുണ്ണുവാൻ ചിന്മയേ!
ഖിന്നനിവനിഹ മാനഹാനി വ-
രുന്നതിൽ മായാമയേ!— കാണുമാറാ

താമസരാജസസാത്വികഗുണാത്മികേ!
താമസം രാജസമ്മാനേ കിം?
ഈ മഹാസങ്കടേ കാത്താലും പ്രണമിതലോകേ
കാമദായിനിയാകെയഴലിതു പോകെ-
യരികിൽ വിളങ്ങുകംബികേ!— കാണുമാറാ

അന്നപൂർണ്ണേശ്വരി പ്രത്യക്ഷമായി ചോറു കൊടുക്കൽ:

പുന്നാഗവരാളി—മുറിയടന്ത

ഇത്ഥമാലപതി ഭക്തിദാമപരിബദ്ധബുദ്ധികപിപോതകം
ക്രീഡയത്യഹഹ! ചാരുകോരകിതപാണിപത്മയുഗളേ മുനൗ
ഭോജനോല്ലസിതഭാജനൈകസുസഭാജനാഢ്യകരപല്ലവാ
സുപ്രസന്നവദനാ തമേത്യ വചനം ജഗാദ ജഗദംബികാ. 14

ഹേ കുംഭഭവ, വ്യഥാമ്മാ കൃഥാ ഏദി വൃഥാ
ഏകുന്നേൻ തവ യഥാകാമം ചോർ മുനിനാഥ!
അന്നപൂർണ്ണമീപ്പാത്രം വാങ്ങൂ ദാരിദ്ര്യദാത്രം
എന്നാലോ നിൻകളത്രം വേണം വിളമ്പുവാൻമാത്രം—
ഹേ കുംഭ

സാകേതാധിപാതിത്ഥ്യം വൈകാതെ യഥാതത്ഥ്യം
ചെയ്ക;വൻ ചാരിതാർത്ഥ്യം പൂകുകെന്നാലിതത്ഥ്യം—
ഹേ കുംഭ

പാത്രം ഭക്താധാരതാത്മോപമാനം
തസ്മൈ ദത്വാ യാവദന്തർദ്ധേ സാ,
സന്തുഷ്ടാത്മാ താപസേന്ദ്രസ്സ രാമാ-
തിത്ഥ്യം കൃത്വാ തേന തൈഃ പര്യരംസീൽ. 15

## രംഗം എട്ട്

സീതാലക്ഷ്മണാഗസ്ത്യന്മാരോട്ടകൂടി രാമൻ വനം കണ്ടു സംഗീതകാരണം ചോദിക്കൽ:

വസന്തഭൈരവി—ചെമ്പട

സീതാലക്ഷ്മണകുംഭസംഭവയുതഃ
പശ്ചാദ്വനേ സഞ്ചരം-
സ്തല്ലക്ഷ്മീമവലോകയൻ പ്രിയതമാം
സന്ദർശയൻ സാദരം

സാകേതാധിപതിസ്സ പഞ്ചസരസ-
സ്തീരം തതസ്സംഗത-
സ്സംഗീതം ശ്രവണാമൃതം ബഹുവിധം
ശൃണ്വന്നപൃച്ഛന്മുനിം. 16

ശൃണു മുനിവീര, ശ്രുതിസുഖമായൊരു
ഗാനമിതാ കേൾപ്പൂ—
ഗുണമെഴുന്നോരിതു സ്ത്രീകളുടേതുപോൽ
തോന്നുന്നു നിനാദഭംഗ്യാ— ശൃണു

ഇവരാരെവിടെ വസിക്കുന്നോർ? മൎത്ത്യന്മാരല്ല,
ദിവി വാഴുന്നവരോയെന്നറിഞ്ഞില്ല.
ഇവർതൻകഥയഖിലം സത്യമായ്ക്കഥിക്ക പാരം
ശ്രവിച്ചീടാൻ കൗതുകമെനിക്കിന്നേരം— ശൃണു

അഗസ്ത്യന്റെ മറുപടി:

സൗരാഷ്ട്രം—മുറിയടന്ത

സാരസാക്ഷ, ലോകത്രയസാരസാക്ഷിൻ, ഭക്തപ്രിയ!
പാരമൎത്ഥിക്കയാൽ നിശമയ പാരമാൎത്ഥ്യം വാച്യം മയാ.

പണ്ടിങ്ങൊരു മുനിദീപം
പൂണ്ടിരുന്നു യമം നിരാലാപം
അണ്ടർകോനവന്റെ തപം
കണ്ടു പൂണ്ടു ഹൃദി താപം— സാര....

അവനയച്ച കന്യകകൾ
ഇവിടെ വന്നു ചെയ്തു കളികൾ
അവ തപോവിഘ്നമാകെ യതികൾ
ജവമവരെശ്ശപിച്ചിതു കേൾ— സാര....

ആകയാൽ കന്യകളായവരിന്നും
ശോകേന ജലേ വാണുവരുന്നു

പാകാരിപുരംതന്നിൽഗ്ഗതി വന്നു
പൂകിനാനാ മുനിയന്നു— സാര....
കല്യാണകര, ഭൂപർ കല്യരെന്നാകിൽ
കല്യാണം കഴിയാതേവമുലകിൽ
കല്യാണികളുണ്ടായീടുമോ? മുകിൽ
തുല്യവർണ്ണകഠിനം നിനക്കുകിൽ— സാര....

രാമൻ ക്ഷോഭിച്ചു് ആഗ്നേയാസ്ത്രം ധ്യാനിക്കൽ:

കേദാരഗൗഡം—ചമ്പ

കല്യ, ലക്ഷ്മണ, വരിക വില്ലും ശരവും തരിക
വെല്ലുവനിവളെ ക്ഷണിക ചെല്ലുമുമ്പിനിയറിക.
പഞ്ചസരോജലദേവീ മുഞ്ച ഭവത്യാ ഹൃതാദേവീഃ
പഞ്ചത ന ചേത്തേ ഭാവി പഞ്ചമരാരാലഭാവി— കല്യ

ആഗ്നേയാസ്ത്രം പ്രത്യക്ഷമായി സ്തുതിക്കുന്നതു്:

നാട്ടക്കുറിഞ്ഞി—മുറിയടന്ത

ഇത്യുക്ത്വാ ബദ്ധസിന്ധുസ്സ തു ധനുഷി സമാ-
രോപയൻ ജ്യാമതല്ലീ-
ന്മന്ത്രാം ധ്യായംസ്തു തസ്യാം ശരമപി ഘടയി-
ത്വാഥ യാവൽ ബഭൂവ,
പ്രത്യക്ഷീഭൂതമേതത്ത്രിഭുവനദഹനോ-
ദ്ദീപ്തമാഗ്നേയമസ്ത്രം
ത്വസ്തൗഷീത്താവദേതം ശ്രിതജനകരുണാ-
പൂർണ്ണമാനീലവർണ്ണം. 17
രാഘവ, ഹരേ, രാമ, ഭൂഭാര-
ലാഘവകര, നൌമി—
ശ്ലാഘനീയ, വൈകുണ്ഠനിവാസ, നിർജ്ജരാർത്ഥിത!
ദാശരഥേ, താടകാകാല, മഖപാല!— രാഘവ

കല്ലിലമരുമഹല്യയുടെ തന്റെ
കല്യയാക്കി വിശല്യമൈശചാര-
വില്ലൊടിച്ചുഴകുല്ലസിച്ചീടും
നല്ലാരെ വേട്ട— രാഘവ

മാർഗ്ഗവിഘ്നകരഭാർഗ്ഗവസമർപ്പിത-
ഭർഗ്ഗോവർദ്ധിതലാവണ്യ, പൗരജനവർണ്ണ്യ!

മുക്തപുര, വനയുക്തഹതഖര-
ശക്തനിവഹ, വിയുക്തദയിത, സു-
ഭക്തപവനജസക്ത, ഹരിജോക്ത്യാ
ഹതഹരിജ, യുക്ത്യാ— രാഘവ

ഭരിതവ്യൂഹഭീഷണ, തചരിതാപ്തവിഭീഷണ!
തരിതാബ്ധേ, കൃപാഭാഷണ, ശമവിഭൂഷണ!

നിഹതദശമുഖകലിതദയിത, സു-
മഹിതപുരഗത, സഹിതബഹുഭര!
വിഗതജനകജ, കൃതമഹായജ്ഞ!
ഹൃതദയിത, വിജ്ഞ!— രാഘവ

കർത്തവ്യം മയാ കിം കിമർത്ഥം ധ്യാതോസ്മ്യഹം
സാർത്ഥനാമക, ഭവതാ കത്ഥ്യതാം മഹതാ.

അസ്തവിമത, സമസ്തനമിത, നി-
രസ്തനാരാദചൃസ്തമവനുടെ
ദുസ്തരാക്രമമസ്തമിപ്പിപ്പൻ
സചസ്തി തവ ചേപ്പൻ— രാഘവ

പഞ്ചസരോജലദേവിയെ ജയിച്ചു കന്യമാരെ കൊണ്ടുവരു വാൻ രാമൻ പറയുന്നതു്:

സൗരാഷ്ട്രം—മുറിയടന്ത

അന്യായകർമ്മങ്ങൾ ചെയ്തു വസിക്കുന്ന
നിന്ദ്യയാം പഞ്ചസരോജലദേവിയെ

ചെന്നു നശിപ്പിക്ക വേഗ;മല്ലായ്കിലോ
ദുന്നയം പാരിൽ പരമായ്പ്പരന്നിടും.
കന്യകമാരെപ്പിടിച്ചടക്കിപ്പുരം
മാന്യഭാവേന വസിക്കമിവളെ നീ
ഉന്മൂലനാശം വരുത്തീട്ടവരോടും
ചേർന്നു വന്നീടുക, കാലം കളകൊലാ.

കന്യമാരോടുകൂടി ജലദേവി വന്നു രാമനെ സ്തുതിക്കൽ:

പുറനീരു്—ചെമ്പട

അഥ ഭീതാസ്ത്രാതസഹസാ
ജലദേവീ രാമമാഗതാ സഹ സാ
ദ്വാദശഭിഃ കന്യാഭിഃ
സ്വാപഹൃതാഭിർന്നനാവ തൽപ്രീത്യൈ. 18

ക്ഷമിക്ക മദപരാധം ക്ഷമയ്ക്കും രമയ്ക്കും നാഥ!
ശമിപ്പിക്കുകഗ്നിബാധാം നമിക്കുന്നേൻ പാദത്തിൽ—

യതിശാപാലെന്നാലപഹൃതമാരാം കന്യമാരെ
അതിമോദം സ്വീകരിക്കുകിത ഞാൻ തന്നീടുന്നേൻ— ക്ഷമിക്ക

കഞ്ജാക്ഷി, കലാവതി, കഞ്ജാംഘ്രി, കലിക, കമല,
കഞ്ജമുഖി, മാലതിയിവരേഴു നാഗസ്ത്രീകൾ— ക്ഷമിക്ക

ചന്ദ്രിക, ചപല, ചഞ്ചല, അചല,
ചന്ദ്രാസ്യയേവമഞ്ചു ഗന്ധർവ്വസ്ത്രീകൾ— ക്ഷമിക്ക

വിളവാകും ഭവാനിവരെ രഭസേന സ്വീകരിച്ചു
അഭയം തരികയിവൾക്കധുനാ ദീനബന്ധോ!— ക്ഷമിക്ക

## രംഗം ഒമ്പതു്

### മക്കളെ കിട്ടി എന്നറിഞ്ഞു ഗന്ധൎവ്വാദികൾ രാമനെ സ്തുതിക്കൽ

മുഖാരി—ചെമ്പട

ശ്രുത്വാ പുത്രീലബ്ധിവൃത്തം സമസ്തം
തത്താതാദ്യാസ്സൎപ്പഗന്ധൎവ്വമുഖ്യാഃ
പ്രീത്യാ തത്രാഗത്യ ഭൂയോപി ഭൂയോ
നത്വാ സ്തോതാരോഭവൻ ജാനകീശം. 19

തവ പദകമലം കലയാമഹേ വയം
ഭവതു ഭക്തിരസ്മാസു സൎവ്വദാ ന വിലയം—
ഭവഭയമൊഴിയുവാനൊരു വഴി സദയം
ഭവമുഖനുതപാദ, തരിക സുഖനിലയം— തവ

അഹിശയന, മുരഹര, ഹരേ, മാധവ!
മഹിമകൾ മുഴുവനുമാരറിയുന്നു തവ?
നഹി തവ ശക്തിവും ലീലയും വിട്ടൊന്നവ
ഗ്രഹിതമുണ്ടോ ഭക്തൎക്കന്നിയെ ശിവശിവ!— തവ

സുഖമുളവാകേണമിഹത്തിലും മാരുതി-
സഖ, പുനരതിനുമേൽപ്പരത്തിലു,മെന്നുമിതി
നഖമുഖശിഖാന്തം തേ രൂപമസ്മന്മതി-
മുഖസമയത്തിലും തോന്നണമെന്നാൽ മതി— തവ

ചിരവിരഹിതകളാമസ്മദീയപുത്രികളെ
ഒരുവേള കാണ്മാനോൎത്തോൎത്തിരിക്കുമീ ഞങ്ങളെ
കരുണയാ കൃതാൎത്ഥന്മാരാക്കിയ ഭവാൻ സ്നുഷകളെ-
ന്നരുമയിൽ വരുത്തേണം മേലിലീക്കന്യകളെ— തവ

1575 36619

രാമന്റെ മറുപടി:

ശങ്കരാഭരണം—ചെമ്പട

ആലോചിച്ചുറച്ചീടാം കാര്യമതിന്നായ് നിങ്ങൾ
ചാലേ സാകേതത്തിന്നു വരുവിനടുത്ത നാൾ
വേണ്ടതുപോലെ ചെയ്‌വാനൊരുക്കമാം; വിധിമതം
കണ്ടവരാരെന്നാലും ചെയ്തീടേണ്ടയോ യത്നം— ആലോ

## ൨൦ാം പത്ത്

താനേവം വദതഃ പുരം ഗതവതഃ
സ്വാചാര്യസഞ്ജല്പത-
സ്തത്വം ജ്ഞാനവതസ്സുനിശ്ചിതവതഃ
പുത്രോപയാമം തതഃ
രാമസ്യാഭിഹിതഃ പ്രഭഞ്ജനസുതഃ
പപ്രച്ഛത പ്രേഷിതഃ
ക്ഷ്മാദേവം വിനതഃ പരം പ്രമുദിതഃ
കാന്താന്തികം സംഗതഃ 20

ജ്യോതിശ്ശാസ്ത്രപടോ, ലവാദിപരിണീ-
ത്യുത്തമം ജാതകം
യദൃത്തൽ കഥയേഷ്വിമാം കവിഗിരാം
ശ്രുത്വാ സ പൃത്ഥ്വീസുരഃ
ദൈവജ്ഞഃ പ്രതിവാചമാഹ, കമലാ-
മത്രാചലാഖ്യാം സുബാ-
ഹ്വാഖ്യസ്തത്ര തു യൂപകേതുരുരഗ-
പ്രൗഢാത്മജാം മാലതീം. 21

കഞ്ജാസ്യാം ലവ വൃണീഷ്വ കഞ്ജനയനാം
താം ചന്ദ്രികാമംഗദഃ
കഞ്ജാംഘ്രീം കപിവീര, ചന്ദ്രവദനാം
ശ്രീചിത്രകേത്വാഹ്വയഃ

കന്യേ ദ്വേ തു കലാവതീം ച വിവഹേ-
　　　യുശ്ചാഞ്ചലാം പുഷ്കല-
സ്സക്ഷോസൗ കലികാം തഥൈവ ചപലാം
　　　ശാസ്ത്രീയമേവം മതം. 22

സുഗ്രീവൻ ഹനുമാനോടു വിവാഹോത്സാഹം ചെയ്യാൻ കല്പിക്കൽ:

പന്തുവരാടി—ചെമ്പട

പശ്ചാൽ കോസലനായകേന പവമാനോദ്-
　　　ഭൂതവിജ്ഞാപിത-
ജ്യോതിശ്ശാസ്ത്രവിദിംഗിതേന മനസാ-
　　　ഹൂതഃ കപീനാം പതിഃ
സുഗ്രീവസ്സഹ സൈനികൈരുപഗതോ
　　　വേഗാത്തദാജ്ഞാപിതഃ
സ്വാമാത്യം ഹനുമന്തമാഹ മഹതാം
　　　വീരം ഗഭീരാശയം. 23

സ്വാമിനിയോഗമിതറിഞ്ഞിതോ? യിനി
നാമിഹ വേണ്ടതാണശേഷവും—
താമസിയാതെ വേലകൾ ചെയ്തേ
കാമിച്ചവിധം സാധിച്ചവരു— സ്വാമി

ക്ഷണത്തിലെല്ലാബ് ഭ്രവരരേയും ക്ഷണിക്കണം തദ്ഭടരേയും
ക്ഷോണിയിലെങ്ങും കേൾവി മുഴങ്ങും വിളംബരത്താലന്യരെയും
അണഞ്ഞവർക്കെല്ലാർക്കുമിരിപ്പാൻ അവസ്ഥപോലെയിവിടെയും
ചേണാർന്നീടുമിടങ്ങളൊരുക്കിബ്ബഹുമാനിക്കണമെവരേയും—
സ്വാമി

സമസ്തദിക്കിലുമമ്പൊടരങ്ങുകൾ തൂക്കിവിതാനിപ്പതിനായും
ശ്രമിക്ക നീ; മത്കിങ്കരരങ്ങവർ ചെയ്യും വേലകൾ ശരിയായും

ധരിക്ക, സുമതീചംബേികമാർതൻകരഗ്രഹേ കുശലവരോടായ്
അരിതപമേററാം മാഗധനൃപമുഖരിരിപ്പതതിനാലവരോടായ്—
സ്വാമി
ശരിക്കു കലഹം വേണ്ടിവരാമവരുരത്തു വന്നീട്ടിവരോടായ്
തിരക്കിയാലതു കരുതണമെന്നായുരസ്സണം മദ്ഭടരോടായ്
ഒരിക്കലും ചെറുതമംഗളത്തെ വരുത്തിടാതെ വിരവൊടു കാത്തേ
ഗുരുതപമേൽക്കു, നാമതകത്തേററിരിക്കണം വഴിപോലെ സുഹൃ
ത്തേ.—സ്വാമി

ഹനൂമാൻെറ മറുപടി:

നമിച്ചിടുന്നേനടിയിണയടിയൻ വഹിച്ചീടുന്നേൻ കല്പന
ശിരസാ
ശ്രമിച്ചിടുന്നേനുടനുടനണുവും ശ്രമിച്ചിടാതേ ദൃഢതരമനസാ
നിനച്ച നാളിന്നകമെല്ലാം സംഭരിച്ചിടാം സംഭാരം സഹസാ
അമച്ചുചെയ്യാം പതറും ഭടരിലൊതുണച്ചു ചേക്കാം ഞാൻ
വചസാ
തിമത്തെതിത്താലമത്തിടുന്നേൻ സമത്ഥരായിട്ടമരികളെയും
കിമത്ഥമീ ഞാൻ നില്പതരാതികളുടക്കിലവർതന്നുയിർകളെയും
രഘൂത്തമൻതൻകൃപയുണ്ടെന്നാലെനിക്കിതൊക്കെയുമെത്രയെ
ളുപ്പം
സമുദ്രമങ്ങേക്കരയിൽച്ചാടിയതാരുടെ കൃപയുടെ വൈഭവമോ
ത്താൽ— നമി

## രംഗം പതിനൊന്നു്

ലവാദികൾ പന്ത്രണ്ടു കന്യമാരെ വിവാഹംചെയ്യൽ:

ഇത്യുച്ചൈരിനജാജ്ഞയാ ദ്വിഗുണിത-
പ്രോത്സാഹിനാ വാതജേ-
നാനീതൈശ്ച നിമന്ത്രിതൈന്നരവരൈഃ
ശ്രീഭൂരികീർത്ത്യാദിഭിഃ

മത്ത്യതേപനസമാംഗതൈഃ പ്രമുദിതൈഃ
സപസപാത്മജാസംയുതൈ-
ഗ്ഗന്ധവ്വാഹിവരൈശ്ച തൈഃ പുരജനൈ
രേജേ സഭാമണ്ഡപഃ 24

നാനാലങ്കാരദീപ്തേ സദസി ഹനുമതാ
ചാക്കപുത്രേണ ഗുപ്തേ
പൗരോഹിത്യം വസിഷ്ഠേ വഹതി സതി കൃതേ
വാദകൈവ്വാദ്യഘോഷേ
തത്ര ജ്യോതിവ്വിദുക്തേഷ്ടപതിശുഭസമയേ-
ഷ്വരഗാസ്സപ്തകന്യാ
ഗന്ധവ്വാഃ പഞ്ചകന്യാ ദദുരഹഹ, മുദാ
കോസലേന്ദ്രാത്മജേഭ്യഃ. 25

## രംഗം പന്ത്രണ്ട്

ബ്രാഹ്മണർ ലവാദികളെ അനുഗ്രഹിക്കൽ:

പുറനീര്—ചെമ്പട

നന്ദിമുസ്തദാ സുചിരമപ്സരോഗണാ
വവൃഷുഃ പ്രസൂനനിചയാനി നിജ്ജരാഃ
സ്തുതിഷുസ്തപോധനവരാ വയോധികാ
ധരണീസുരാ വിവിധമാശിഷം ജഗുഃ. 62

സവ്വഥാ ജയിച്ചാലും സാവ്വഭൗമസുതരേ!
സപവ്വഭുജംഗിമാരാം ഭാര്യമാരോടുംകൂടെ
ദുഷ്ടരെ നിഗ്രഹിച്ചും ശിഷ്ടരെ പാലിച്ചും
തുഷ്ട്യാ ഭൂമി കാത്താലും ഇഷ്ടസിദ്ധിയുണ്ടാകും— സവ്വ.

സമ്പത്തും സത്സന്താനസമ്പത്തും സൽക്കീത്തിയും
സമ്പാദിച്ചു വാഴ്‌വിൻ ദാമ്പത്യം കൈവിടാതെ—സവ്വ.

ശക്തേഭ്യോ നിഗ്രഹാനുഗ്രഹകരണവിധൗ
ഭൂസുരേഭ്യോ ലവാദ്യാ-
സ്സൃഷ്ട്വാ ലബ്ധ്വാശിഷസ്തേ നിഖിലതരവരേ
സ്വസ്വരാജ്യം പ്രയാതേ
ലോലാലീലാവിലാസേ നിജനിജലലനാ
സംയുതാസ്തത്ര മാത്രാ
പിത്രാ പൗരൈശ്ച സംലാളിതശുഭചരിതാ
രേമിരേ രാമപുത്രാഃ 27

# രണ്ടാംദിവസത്തെ കഥ

## രംഗം ഒന്നു്

യൂപകേതുവിൻെറ ശൃംഗാരപദം. ഭാര്യ മാലതി:

കല്യാണി—ചെമ്പട

കാകുത്സ്ഥേഷു പൃഥഗ്ഗൃഹേഷ്വപി കൃതോ-
ദ്വാഹേഷു ദാരൈസ്സമം
സംക്രീഡത്സു വസത്സു സത്സു നിഖിലൈ-
രീഡ്യേഷു തേഷ്വന്ത്യജഃ
കസ്യാഞ്ചിന്നിശി യൂപകേതുരുദിതാ-
നംഗജ്വരശ്ശ്രീയുഗാം
വ്രീഡാനമ്രമുഖീമുപേത്യ ദയിതാം
പ്രോവാച ചേതോഹരാം. 1

പുണ്ഡരീകായതാക്ഷി, കുണ്ഡലീകന്യേ, വധൂ—
മണ്ഡലമാന്യേ!

ദണ്ഡപാണിയുമെന്നാൽ ദണ്ഡ്യനാകെയിക്ഷുകോ-
ദണ്ഡന്മാത്രം തജ്ജിതഷണ്ഡരിൽച്ചേർത്തിതെന്നോ.
ചണ്ഡാംശുകുലജരെജ്ജയിപ്പതിന്നപരനീ-
യണ്ഡകടാഹത്തിലിന്നുള്ളാവീലെവനും
ശുണ്ഡസമോരോ,യിവനിതിൽജ്ജയം വരുവാൻ നിൻ-
ഗണ്ഡചുംബനാദി വിട്ടുപായമില്ലധുനാ— പുണ്ഡരീ

മാലതി, മമ മാരമാലതീവയേല്ലേ, ഹ്രീ-
മാല തീവ്രമണികയോ?
മാലതീമല്ലീസുനമാല തീരെ നിഷ്ഫലം
നീലവേണി, നീ സസ്മിതാലാപംചെയ്യാതിടായ്കിൽ.

പ്രാലേയരുചിമുഖി,യിരുവർക്കുമരോഗത,
കാലം യൗവനാരംഭം, വിജനപ്രദേശമിതു,
ആലോചിക്കുകിലിപ്പോളിരവു, നാം ദമ്പതികൾ
ഹാ, ലവംപോലും നാണം കരുതരുതിഹ ന്നീ— പുണ്ഡരീ

മറുപടി;

ഏരിക്കിലക്കാമോദരി — അടന്ത

അനുകൂലയല്ലെന്നെന്നെ അനുമാനിക്കരുതേ
അനുഭവയെന്നോടൊത്തു അനുചിതമാകാതെ ഹിതം.

പുരുഷേക്ഷതാൻ നവോഢയ്ക്കു പുരുലജ്ജ്യാവഹമാകെ
കുരുവിന്ദാസ്യേകേളിക്കു കരുതുകവരാളാമോ?

അരുമയില്ലായ്കയല്ലേ തിരുവുള്ളമിടയരുതേ
തരുണികൾക്കിതു ജാത്യാ വരുവതെന്നറിയേണം— അനു.

## രംഗം രണ്ടു്

കംബുകണ്ഠന്റെ ശൃംഗാരപദം:

പാടി—ചെമ്പട

കാലേസ്മിൻ ഖലു കാന്തിപുര്യധിപതിഃ
ശ്രീകംബുകണ്ഠാഹ്വയോ
രാജന്യോ ജിതമണ്ഡലേശ്വരകുലോ
ലീലാരസേനൈകദാ
മാലേയാനിലഖേലനൈകധരണീം
താം ചന്ദ്രശാലാം ഗത-
സ്സാനന്ദം രമയംസ്തു ചാടുവചനൈഃ
സ്വപ്രേയസീം ശ്രേയസീം. 2

മധുമൊഴികുലം തൊഴും കാന്തേ, കേൾക്ക
മധുരമെൻമൊഴി നീയേകാന്തേ.

വിധു തേ വദനം കണ്ടു വിധുതത രശ്മി തിരണ്ടു
വധൂമണി, മാത്സര്യംകൊണ്ടു.

സാധുപയോധിയിലനുദിനമാണ്ടു മെയ്യിൽ-
ശ്ശോധനചെയ്യതിയായൊളി പൂണ്ടു
ഹേ ധന്യേ, നിന്നെക്കാണുമ്പോഴുണ്ടു സാമ്യം
സാധിക്കാഞ്ഞഴലെന്നേ പറയേണ്ടു.

അധുനാ നാണമിയന്നാസ്സുധാംശു
വാരിദമറവിൽക്കൂടിയൊളിച്ചു നടപ്പതു കണ്ടോ?— മധു-

ഇരുളിൻവടിവാം നിന്മുടിയും കിഞ്ച
നിരുപമരാഗി ചെഞ്ചൊടിയും
കരുതുക കുടിലഭ്രൂകുടിയും എന്നും
തെരുതെരെയിളകും കണ്ണിണയും
സ്മരഗദമെന്നിലണപ്പതു പോട്ടേ
സദ്വൃത്തകുചം ചെയ്യതസഹ്യം— മധു-

മറുപടി:

ഭൂരികല്യാണി—ചെമ്പട

വാണീവിലാസം വിശേഷം താവകമെന്നെ
നാണിപ്പിക്കുന്നു വിശേഷം.

പ്രാണേശ, തവ തോഷമാണെന്മുതലശേഷം
നീണാളേവം നിർദ്ദോഷം കാണാനാണഭിലാഷം— ()

മല്ലീപ്രസൂനം വികസിപ്പൂ മാലേയാനിലൻ
മെല്ലെ തദ്ഗന്ധം വഹിപ്പൂ.
ഉല്ലാസമാർക്കും ചേർപ്പൂ സല്ലാപം കോപം വെപ്പൂ
അല്ലിന്നീശനുദിപ്പൂ മല്ലീശരൻ മദിപ്പൂ— വാണീ-

സമയമോർത്തോളം രമണീയം എന്നല്ലെന്നല്ല
പ്രണയനിവാസനിലയം
സുമബാണമായാമയം സുമതേ, സന്ദർശനീയം
സമകാമുകൈകാശ്രയം സമവലോകയ സായം— വാണീ-

## രംഗം മൂന്നു്

മകളുടെ വിവാഹത്തിന്നു ക്ഷണിപ്പാനയച്ച ദൂതൻ വന്നു കഞ്ചുകനോടു രാജാഭിപ്രായം പറയുന്നതു്:

കാമോദരി—ചെമ്പട

താവന്നിശ്ചിതനന്ദിനീപരിണയേ-
നാനേന ഭൂപാലക-
പ്രൗഢാനാശു നിമന്ത്രിതും നൃപതിനാ
പ്രാഗേവ യശ്ചോദിതഃ
പ്രത്യാഗത്യ കൃതാഞ്ജലിസ്സവിനയം
വിജ്ഞപ്തവാൻ സ്വപ്രഭും
ദൂതസ്സ സ്വനിമന്ത്രിതക്ഷിതിപതി-
പ്രൗഢേംഗിതം തുംഗധീഃ 3

ഭൂമിപാലവതംസമേ, തവ പാദയുഗം കലയേ
സ്വാമിൻ, മാമകഹൃദയേ—

മാമകീനവചസ്സു കേളയി ധീമതാം വരഹീര, വഴിയെ— ഭൂമി.

താവകകല്പനയാൽ ഭൂവരോത്തമന്മാരെ
ഏവരേയും ഞാൻ വേറെവേറെസ്സാദരമേറെ
സാവധാനമായ് ക്ഷണിച്ചാറെ നൃവരരേവരും
ദേവ, മറുപട ചൊന്നതിയ്യിവനാവതില്ലിവിടുത്തൊടുണർത്താൻ.
കേവലമതു കരുതാനരുതേ വെറുതെ
എങ്കിലുമിഹ ചൊൽവൻ— ഭൂമി.

സാകേതനാഥൻ വരുന്നാകിൽ ഞങ്ങളിലാരും
ഈ കല്യാണത്തിൽ വരുന്നില്ല ആയവനില്ലെ-
ന്നാകിൽ വന്നീടാം, വാദമില്ല.; വേണ്ടതാരെന്നുട-

നേകമതിയില്ലറച്ച വിവരമനേകതാമസമെന്നിയെയിങ്ങോ-
ട്ടേകുക, യദി വരുവൻ മരുവൻ കുരുവൻ-
ചിന്തനമിനി വിരവൊടു— ഭൂമി.

മുന്നം ശ്രീഭൂരികീർത്തിതന്നുടെ പുരിയിൽവെച്ച
കന്യമാർമൂലം രാമനായി കലഹമുണ്ടായി
എന്നുള്ളതുള്ളിൽനിന്നു പോയിയെന്നുണ്ടോ, ഹേ നൃപ?

അന്നതനുഭവമാകെ നിമന്ത്രണമിന്നു ചെയ്യതൊരനുചിതമാം
ക്രോധം

മന്നവരതു വെളിവായ്ത്തെളിവായൊഴിവായ്-
ച്ചൊന്നതു വിടകൊണ്ടേൻ— ഭൂമി.

കംബുകണ്ഠന്റെ മറുപടി:

ഖണ്ഡാരം—ചെമ്പട

ഭീരോ, സംശയം വെറുതെ
ഭൂരിപക്ഷമല്ലാതെ
ആരോ നടപ്പതതേ
പാരം ദോഷമാകു സുമതേ!—

രാമനനുരെക്കാളും
ഭീമതപം കത്തിക്കാളും
കേമനാണെന്നൊരാളും
ഊമന്നിൽ ചൊല്ലാ കേളും— ഭീരോ.

പലരേയും വിട്ടേകനെ
നലമൊടെടുപ്പതിനെ
ആലോചിക്കിൽ തദപ്യസ്തംതാനേ
ബലമതിനാൽ വിടുക രാമനെ— ഭീരോ.

കല്യാണത്തിനു ക്ഷണന-
മില്ല രാമനെ നൂനം
ചൊല്ലുകേവമനൂനം
എല്ലാവരോടും സമ്പമ്മാനം— ഭീരോ.

ഭൂയോപി ഭൂപാലകുലം നിമന്ത്ര്യിതും
നിയുജ്യ വേഗാത്സ നിയോജ്യമണ്ഡലം
സദാപി വൈവാഹപരിശ്രമോത്സുകോ
മുഹൂൎത്തവേളാം പരിപാലയന്നഭൂൽ. 4

## രംഗം നാല്

മദനസുന്ദരി എന്ന വിവാഹകന്യ വ്യസനിച്ചിരിക്കുമ്പോൾ സഖി കാരണം ചോദിക്കുൽ:

നവരസം—അടന്ത

പാണിഗ്രഹോപകരണൈർമ്മണിതോരണാദ്യൈ-
രുൎവ്വീശപൈർബ്ബഹുജനൈഃ പുരി രാജിതായാം
ഏകാകിനീം വിജനഗാമഥ കാംബുകണ്ഠീം
ചിന്താകുലാമിദമുവാച സഖീ നിജേശീം. 5

ചിന്താവിവശതയാലിപ്പോഴലം
ചെന്താർമിഴിയതുമൂലം
ചന്തമുടമ്പിലുയന്നതു കേവലം
പന്തിയല്ലാതായിക്കാണുകീക്കോലം— ചിന്താ.

ചീന്തി മിനുക്കികെട്ടിയ കുന്തലഴിഞ്ഞു
ചിന്തി നിലത്തിലിഴഞ്ഞു ചന്തമൊഴിഞ്ഞു
മാന്തളിർമേനി മെലിഞ്ഞു മുഖരുചി മാഞ്ഞു
ഹന്തയിതെന്തു? പോരാഞ്ഞു ചോദിപ്പൻ കുറഞ്ഞു— ചിന്താ.

പരിണീതിക്കെഴും ദിനം നാളെയായല്ലോ;
പരിചോടെ നൃപനിവഹം വന്നുവല്ലോ.
പരിതോഷം തവ വേണ്ടും സമയത്തഴലാണല്ലോ
പരിപോഷിപ്പൂ,തിതോത്തന്നകമുരുകുന്നല്ലോ— ചിന്താ.

മകരന്ദം തൊഴും മൊഴി, മാന്യനായാരെ
അകതാരിൽ നിനശ്ശുന്നതോതുകെൻചാരേ.
മികവോടതു ഞാൻ നിൻെറ ജനകനൊടോതാം, തീരെ
വകവെയ്ക്കാതിരിക്കില്ല നിന്മതം തദന്തരേ— ചിന്താ.

മദനസുന്ദരിയുടെ മറുപടി:

ഏരിക്കിലക്കാമോദരി—അടന്ത

യൂപകേതു, സകലയുവഭൂപകീർത്തി-
യൂപകേതു; വിജിതനിഖിലാർത്തി
താപഹേതുവായതെനിക്കവൻ കേൾ; സമൂർത്തി-
ശ്രീപുത്രനത്രേ പാർത്താലയോധ്യാവർത്തി.

പലപോതും ദാസി ചൊല്ലിക്കേൾക്കയാലദ്ദേഹത്തിൽ-
ബ്ബലവത്തായൊരഭിലാഷം വന്നിതെന്നകത്തിൽ.
ഫലമെന്തതിനാൽ, രാമൻ വന്നെന്നാൽ വിവാഹത്തിൽ
കലഹിക്കുമന്യഭൂപരെന്നല്ലോ സന്ദേശത്തിൽ.— യൂപ.

പരമാർത്ഥം പറയുകിൽ പരപതിയാകിൽ
പരമുണ്ടു പരിതാപമതിൽബ്ഭേദം മരിക്കുകിൽ
പരനായെന്നിലങ്ങിതു പറയുകിലവനലകിൽ-
പ്പരനായതിന്നാരിന്നു ഹേ സഖി, നിനശ്ശുകിൽ— യൂപ.

സഖി വീണ്ടും പറയുന്നതു്:

നവരസം—അടന്ത

ഇതു ചിന്തിച്ചുകം സദാ പുണ്ണാക്കീടൊല്ലേ,
കുതുകം പൂണ്ടമരുക നീ; ദൈവമില്ലേ?
പുതുതേന്മൊഴി, നിന്നിംഗിതസിദ്ധിക്കുതകാനല്ലേ-
യിതുവേളതൊട്ടീ ഞാൻ ചെയ്യുന്ന യത്നം കല്യേ— ചിന്താ.

അവർ ഇങ്ങനെ സംസാരിച്ചിരിക്കെ നാരദൻെറ വരവ്:

ആഭേരി—ചെമ്പട

തസ്യാമിത്യുക്തവത്യാമഭവദുപഗതോ
ഹാ, മഹത്യാ മഹത്യാ
നാനാനാമാനി ഗായന്നിയതിഗതിവശാ-
ന്നാരദഃ സ്വൈരചാരീ
തം സമ്പൂജ്യാതിഹൃഷ്ടാ തദനു സഹചരീ
സ്വാമിനീസന്നിയുക്താ
ഭക്ത്യൈത്യവാപൃച്ഛ്യദേവം കുശലമതിമുദാ-
ഭീഷ്ടസിദ്ധ്യൈകചിത്താ. 6

പരിപാഹി പരമാത്മൻ, പരിതാപാൽപ്പരമ, വിഭോ!
നരകാരേ, നളിനാക്ഷ, നാരായണ, രഘുതിലക!

സുരപാലാസുരകാല, ശരണാഗതഹിതവരദ!
പുരവൈരിമുഖാമരവന്ദ്യ, ശ്രീരാമ, രാമ, ഹരേ!— പരിപാഹി.

പുരുഷോത്തമ, മുരമർദ്ദന, ഗരുഡാസന, ശശിവദന!
സൂരവംശവതംസ, ശ്രീഭൂരമണ!— പരിപാഹി.

മകരാകൃതികമഠാകൃതികിടിനരസിംഹരൂപധര!
കൃതമാണവ, ഭൃഗുരാമ, രാമ, ബലരാമ, വിഭോ!— പരിപാഹി.

വസുദേവജ, ഖൾഗ്യാകൃതിധാരിന്നവസ വസ ഹൃദയേ
വൈദേഹീരമണ, തവ ചരണം കലയാമഹേ— പരിപാഹി.

സഖി നാരദനെ വന്ദിച്ചു കുശലംചോദിക്കൽ.

ഉശാനി—മുറിയടന്ത

താപസോത്തമ, താവകം പാദം
താപഹീനം തൊഴുന്നേൻ—
വിപദധികമിയലുമീ വേളയിൽ
തവാഗമനമുചിതമായ് നിനച്ചാൽ— താപസ.

എങ്ങുനിന്നിഹ ഭവാൻ വന്നുകൊൾവതെന്നും
പോവതിപ്പോഴെവിടെയ്ക്കെന്നതും പറയുക— താപസ.
തുംഗഖേദം പെട്ടവോർക്കുള്ളിൽസ്സുഖമുദിപ്പിക്കും
മംഗളാത്മൻ, തവ സംവീക്ഷ രക്ഷയായ്ത്തീന്നു— താപസ.
ദൈവയോഗാൽ ഭവാൻ വന്നെത്തിയെന്നാലും
കാര്യം കുറച്ചിണ്ടിങ്ങു തുംഗകീത്തേ!— താപസ.

നാരദന്റെ മറുപടി

ദേശാക്ഷി—മുറിയടന്ത

ഭവിക്കും ഭവ്യകം ഭാവികാലത്തിൽ
കൈവന്നീടുമഭീഷ്ടവും— അഴല്ക്കിനി ഹേതുവില്ല— ഭവിക്കും.
വാനിൽനിന്നു ഞാനിപ്പോൾ വന്നീടുന്നു;
മാനിനി, കോസലത്തിന്നു പോകുന്നു.
ജാനകീശനെ കാണ്മാൻ തോന്നീടുന്നു,
ആനന്ദമതിനെക്കളെന്തിന്നൊന്നു
സുരവരപുരിയിലുമില്ലിതുവിധം
സഖി, വിവിധം സൗഖ്യം സതതം നിയതം— ഭവിക്കും.
എന്നല്ല കുശമുഖ്യന്മാരെനിക്കും
നന്നെ വേണ്ടിയായിട്ടാണിവനവർക്കും.
ചെന്നീടിൽ യൂപകേതു കാണിക്കും
നന്ദിയിലാർക്കുമേ മതി കുളർക്കും.
അവിടെക്കുറച്ചു പാപ്പതിനു മേ
സുഖമകമേ ജനിച്ചിട്ടുമേവനുമേ— ഭവിക്കും.
ഞാനങ്ങു പോകെയിങ്ങു വേളിയെന്നു
ജ്ഞാനം വരികയാലെ കയറിവന്നു.
ആനന്ദനീയരാരുമിങ്ങില്ലെന്നു
മാനവർ ചൊല്ലി; തനപി, ഞാൻ പോകുന്നു.

അവരില്ലാതൊരു പരിണയമോ?
ഇതുചിതമോ? ഗുണകരമോ? സുഖമോ?—

സഖി നാരദനോടു വീണ്ടും അഭിപ്രായം പറയുന്നു.

ഏരിക്കിലക്കാമോദരി—ചെമ്പട

ഉപകാരമൊന്നിന്നു ചെയ്യാമോ?
ഊൎജ്ജിതാശയ!

ഉപചാരം തത്രഭവാനനുസൃത്യ തത്ര ഭവാൻ
ഉപഗമ്യ യൂപകേതുമിതി ചെൽക ജവാൽ.

ഉപയാമംചെയ്കയെന്നതു മററാരാളെയുമില്ലൊരു നാളും
ഉപവാസമേവമോൎത്തു ചെയ്യുന്നു കാംബുകണ്ഠി— ഉപ.

ഉപകരണം വൈവാഹികമെത്തി, വേളി നാളെയായി,
നൃപരും വന്നു, കാര്യം വൈഷമ്യമായിട്ടമിപ്പോൾ— ഉപ.

കൃപയാലദ്ദേഹം വന്നു വേട്ടുകൊണ്ടിടേണം
അപരാധമിവൾതൻജനകൻ ചെയ്തതോക്കാതെ— ഉപ.

അപരദാരങ്ങളാകുവാനിടവരികിലുടനിവൾ
അപമൃതിക്കു പാത്രമാകും, വാദമില്ലതിൽത്തെല്ലും— ഉപ.

സപദി ചെന്നിക്കാര്യം ചൊല്ലി സഫലമാക്കേണമേ ഭവാൻ;
കൃപയിതിങ്കലരുതേ തെല്ലും കാരുണ്യസിന്ധോ!— ഉപ.

സഖീവചോജ്ഞാതസമസ്തവൃത്തോ
മുനീശ്വരഃ കംബുഗളസ്യ പുത്രീം
തദാ നിജാഹ്വാനസമീപഗാം താ-
മിതി ബ്രുവൻ സന്തതസാന്ത്വനായ. 7

നാരദൻ അടുത്തു വിളിച്ചു മദനസുന്ദരിയെ സമാധാനപ്പെടുത്തൽ:

മധ്യമാവതി—ചെമ്പട

സംഗതിയറിഞ്ഞേൻ സുശീലേ, ഞാൻ ചെന്നങ്ങു നി-
ന്നിംഗിതമറിയിക്കാം വഴിപോലെ—

അങ്ങുമിങ്ങും ഹിതംപോലെ
ഞങ്ങൾ ചൊല്ലും വേണ്ടിയാലെ
എങ്ങുമേ ചെൽവാനുമബലേ!
ഭംഗമില്ലെനിക്കസ്ഥലേ— സംഗതി.

സാധ്യമാക്കാം നിന്നഭിലാഷം ഞാൻ പറഞ്ഞെന്നാൽ
ബോധ്യമാകുമവനു സതോഷം

ബാധ്യതയേറെറനുശേഷം
ബദ്ധധൈര്യമിനി ശേഷം
ബുദ്ധിമുട്ടാം തേ നിർദ്ദോഷം
വിദ്ധി ശുദ്ധമീ വിശേഷം— സംഗതി.

മുനൗ സമാശ്വാസയതി പ്രയാതേ
സാ കാംബുകണ്ഠീ സഹ തത്ര സഖ്യാ
പ്രിയാഗമം പ്രേമമയം പ്രതീക്ഷ്യ
തസ്ഥൗ വിഷണ്ണാ ഖലു നിർന്നിമേഷം. 8

## രംഗം അഞ്ച്

യൂപകേതുവിൻെറ നായാട്ടിൽ വിശാഖകദ്രു എന്ന കാട്ടാളനുമായി യുദ്ധം:

സുരട്ടി—ചെമ്പട

കാലേസ്മിൻ ഖലു യൂപകേതുരരിഹാ
ത്വാഖേടലീലാപര-
സ്സമ്പ്രാപ്തോ ഗഹനം തദീയകരുചിം
പശ്യന്നത്രസഞ്ചരൻ
തം ദൃഷ്ട്വാ കില വിശാഖകദ്രുരിതി വി-
ഖ്യാതഃ പുളിന്ദഃ ക്രുധാ
സേനാവാന്മൃഗയാവിനോദിതമതിഃ
പ്രോവാചതുസ്സൗ മിഥഃ 9

കൊള്ളാം ബാലക, ധിക്കാരം കാട്ടിൽ വന്നേവം
കൊള്ളചെയ്യുതോ വിഹാരം—

ഉള്ളോരീപ്പെരുങ്കാട്ടിന്നുള്ളിന്നീശനാമിവനെ
ഉള്ളിൽ നീ ചെറിയൊരെള്ളിനും കരുതി-
യില്ലയല്ലി നില്ല; പിഴകൾ ചൊല്ല; പണികൾ നല്ല പാദേ മമ—

പോക പുളിന്ദ, വേണ്ടാതേ ഓരോന്നു ചൊല്ലി-
പ്പോക ദൂരേപ്പോ തീണ്ടാതേ—

നീ കാനനേശൻ യദി ഭൂലോകനാഥൻ ഞാനറിയുക,
പാകശാസനനുമാകിലുമെന്നോടു പാകമില്ലെതിപ്പാൻ;
അതു ധരിപ്പാൻ കഴിക; തോല്വാൻ വഴിയിതും— പോക.

അമ്പുമെന്നുടെയമ്പുകൾ കൊള്ളുന്നേരം നിൻ-
തെമ്പു; വളരുമെമ്പുകൾ—

അമ്പ! ശിശുവാം നിയ്യെൻമുമ്പിൽ വന്നേവം സമ്പ്രതി
സമ്പ്രദായമിയലാതുരിയാടുവതെന്തു കാലമായി
അടരിനായി; വരികയായി ഒരു ശിശു— കൊള്ളാം

കാട്ടാളാധമ, നീ യമരാട്ടിൻരാജ്യത്തു
വേട്ടയാടുക തെരമാ—

കൂട്ടാളരൊന്നിച്ചവിടെപ്പെട്ടന്നെത്തിക്കാം ഞാ;-നിതു
മൃവട്ടയല്ലട,രിവൻ മൃഗമല്ലോരു നാട്ടുരാജ;-നോർത്തോ
നിജബലത്തോടടനടുത്തോ; ജയം നഹി— പോക.

CHILDREN'S LIBRARY

## രംഗം ആറ്

കാട്ടാളനെ കൊന്ന യൂപകേതു അവിടെ എത്തിയ നാരദ
നോടു കുശലം ചോദിക്കൽ:

ശങ്കരാഭരണം—ചമ്പട

ഹതപാതം കൃതവാംസ്തു സാന്ധ്യനിയമം
തിഷ്ഠൻ ജലേ പുഷ്കരാ-
ദായാതം പ്രതിബിംബിതം മുനിവരം
പശ്യന്നയം കഃ പുമാൻ

ഇത്യാശങ്ക്യ തമാശ്രു നാരദമിതി
ജ്ഞാതപാ ജവോദ്ഭന്ധവ-
ന്നതപൊ തത്പദി യൂപകേതുരവദദ്-
ഭക്ത്യാഥ ബദ്ധാഞ്ജലിഃ 10

ചരണാരവിന്ദം മാമുനേ, താവകം സദാ
സ്മരണംചെയ്യുന്നേൻ ഭഗവാനേ!—

തരണം നാനാതരമാം തരണമററിവന്നെ
ഭരണംചെയ്തീടുമ്മാറു കരുണ
ശരണമപാരമെഴുവതെങ്ങനെ— ചരണാം.

കരണീയമെന്തൊന്നിഹതേ അങ്ങയാൽ മയാ-
ചരണീയമായതിഹ തേ.?

നിരുപമ, വരവിഹ നിരൂപിതമല്ല തേ
പരഭാഗ്യം മേയിന്നു പരമപുരുഷ,
പരമമനസ്സ, മുനിപതേ!— ചരണാം.

പാദപാംസുവും പാവന, പുണ്യം നേടുമീ-
പ്പാദപാംസുവാൽ ജവേന
സദയമെങ്ങാണു പൂതമാക്കാനോപ്പുതേതു ജാന-
പദം മുക്തമാക്കിയതു വദ സുഖമധുനാ— ചരണാം.

നാരദൻെറ മറുപടി; മദനസുന്ദരിയെ വേൾപ്പാൻ പറയലും:

കല്യാണി—ചെമ്പട

വീര, ഹേ കാകുൽസ്ഥഹീര, സൂനശരസുന്ദര!
സാരമാകിയൊരു കാര്യമരപ്പുത-
സാരമത്ഭുതമതിങ്കിലിരിപ്പു.
സൂരവംശഭവ, കംബുഗളൻ ബഹു-
ശ്രൂരനെന്നു പറയേണ്ടിവരുന്നു— വീര.

1575

കോസലേശനൊരു പുല്ലിനു തുല്യമ-
ശേഷമില്ല ബഹുമാനമിവണ്ണം
ഹാ, സദസ്സിലുരചെയ്തതിലുംവെ-
ച്ചാ സമർത്ഥനൊരു സംഗതി ചെയ്വൂ.

കഷ്ടമേ, രഘുനാഥനെ വിട്ടനവധി നൃപരൊത്തവ-
നിഷ്ടമാംപടി നിജമകളുടെ പരിണയമഴകൊടു പരമതി-
പുഷ്ടമായിദ്ദിനമതികുതുകമൊടവനുടെ പുരി സകലവി-
ശിഷ്ടമായ് ശൃണു നടത്തുന്നു— വീര.

എങ്കിലും മദനസുന്ദരിയെന്നാ മങ്കമാർമണി ശശാങ്കനിഭാനന
നിങ്കലതിപ്രിയമിയലുകയാൽബ്ബഹുസങ്കടമേറവു വസിച്ചീടുന്നു.

ശങ്കവെടിഞ്ഞവളെ നീ ക്ഷണമിഹ
കൊണ്ടുവരേണ,മതില്ലെന്നാലാ-
പ്പങ്കജമിഴിയുടനുടലു വെടിഞ്ഞു വ-
ശംഗതയാകും യമനറിക ഹൃദി.
നിങ്ങളെ ക്ഷണമതെന്നതൊഴിച്ചൊരു
മംഗളക്രിയ നടത്തിടുകെന്നതു
ഭംഗിയല്ലതിനു കോപ്പിടുമവനൊടൊ-
ത്തുങ്ങിടുന്നതതിലും ബഹുമോശം.

ചെല്ലണം ക്ഷണമങ്ങെതിരാളികളിവനൊടെതിർക്കുകിൽ
വെല്ലണം ക്ഷണമതിനുടെ തടവിയലുവതു പറവതിനു ബഹു

ചൊല്ലണം മറുപടി പറയുവതി-
നൊരുവനും നഹി യദിയെതിരിനു
നില്ലണം കൊലപ്പെടുത്തണം— വീര.

മാനഹാനി ദിനനാഥകുലോത്ഭവ-
മന്നവർക്കുചിതമോ? കരുതീടുക.

ഹേ നയകോവിദ, കുശനിതു കേട്ടാൽ
നൂനമൊഴിക്കില്ലവനതിശ്രൂരൻ.
മാനിനിയോർക്കിൽ നിനക്കനുരൂപ മനസിജ-
മാനിനിയോടു സമാന
അനവധി ശരനിര ചൊരിയുമൊരരികളെ .
ദിനമണിസുതപുരി ചേർത്തു ജയിക്കുക— വീര.

## രംഗം ഏഴു്

ഉണ്മാൻ യൂപകേതുവിനെ കാണാഞ്ഞു രാമൻെറ അന്വേഷണം:

കേദാരഗൗഡം—ചമ്പ

ആത്താമാഹത്തുകാമേ ഗതവതി കമനീം
തത്ര തസ്മിന്മുനീന്ദ്രേ
സാകേതം പ്രാപ്യ സീതാപതികൃതകുശല-
പ്രശ്നസന്തുഷ്ടചിത്തേ
തസ്യാം രാത്രൗ ബുഭുക്ഷൂ രഘുകുലതിലകോ
യൂപകേതും സമീപേ
നോപശ്യംസ്തം സുമിത്രാസുതമിതി മൃഗയ-
ന്നപാചമൂചേ ഗഭീരം. 11

ഹേതുവെന്തുണ്ണുവാൻ യൂപ-
കേതുവിങ്ങു വന്നീടായ്വാൻ?
ഏതു ദിക്കിൽപ്പോയിയവൻ
ഏതുമേ ചൊല്ലാതെ—
നിത്യവുമെന്നോടൊന്നിച്ചുണ്മാ-
നത്യുത്സാഹമുണ്ടാകെ
കൃത്യമാമീസ്സമയത്തെത്താൻ
വ്യത്യാസമുണ്ടാമോ?— ഹേതു.

എന്നോടോതാതിന്നേവരെ
ഒന്നുംതന്നെ ചെയ്യാത്തവൻ
ഇന്നു മിണ്ടാതെ പോയതു
നന്നേയാശ്ചര്യം— ഹേതു.

ശത്രുഘ്നന്റെ മറുപടി:

തോടി—ചെമ്പട

അടിയനുമറിഞ്ഞില്ലല്ലോ
വിടകൊണ്ടതു രഘുവീര!
ഉടനെ വേണ്ടതിനിയുരചെയ്താൽ
തടവില്ലാതതു വിരവൊടു ചെയ്യാം—
എവിടെപ്പോകിലുമൊരു കുറവില്ലാ-
തിവനെത്തിക്കാം, സംശയമില്ല.
തവ കല്പനയേ വേണ്ടു വിശേഷാൽ
ദിവി പോയെങ്കിലുമെന്തു വിശേഷം— അടിയനും.

നാരദന്റെ സമാധാനിപ്പിക്കൽ:

ഇതി യൂപകേതുയുവഭൂപമാർഗ്ഗണേ
സതി തത്ര രാഘവഗിരാ മുനീശ്വരഃ
ദയിതാവചഃക്ഷുഭിതമാനസം രഘു-
പ്രവരം തമാഹ പരിസാന്ത്വയൻ നയം. 12

രാമ, രഘുകുലജലനിധിഭവസോമ!
സീമയററഴലുള്ളിൽ സഹിയാഞ്ഞിവളഹിതം ചെറു-
തിഹ ചൊന്നതു ഹൃദിയിനി കരുതരുതയി ജഗദഭി—രാമ.

താപമെന്തിനിഹ താവകസഹജജനെ പരമാത്ഭുതവൃത്തനെ
യൂപകേതുവിനെ ഞാനയി കണ്ടു വനേ.

ആ പരന്തപനിദാനീം താനേ
ശ്രീപതേ, മൃഗയചെയ്യതു ജാനേ— രാമ.

അപ്പവിത്രനിലഭിഷ്ടമെഴും സുത-
യെപ്പരനേകുവതിന്നു നി-
നപ്പു കംബുഗളഭ്രപതിയിതു സമയേ,
സ്വല്പമക്കഥ ധരിച്ചിതു ഹൃദയേ,
കെല്പൊടങ്ങഥ ഗമിച്ചിതു തനിയേ— രാമ.

ചെറുതു സമരമുളവായിട്ടുമുടനവിടെ ഇവനവളെ ഹരിച്ചാൽ
പൊറുതി വരുവതരികൾക്കകമതിലെവിടെ?

പൊരുവതിനു നില്പതു ചോടെ
കുരുതിയാൽഗ്ഗുണമെഴും പരിചോടെ— രാമ.

## രംഗം എട്ട്

ഹനുമാൻ ഇന്ദ്രിയബന്ധം മോചിപ്പാനുള്ള കാരണം വി
ചാരിക്കുന്നതു്:

ആഹരി—അടന്ത

വീണാപാണിവചഃപ്രബോധിതസഹോ-
ത്ഥാപത്യവൃത്തേന ത-
ത്സാഹ്യൗത്സുക്യധിയാഥ തേന മനസാ-
ഹൂതസ്സ വാതാത്മജഃ
സ്വാമിധ്യാനനിബദ്ധബുദ്ധിചലനാ-
ദപിസ്രസ്തസർവ്വേന്ദ്രിയ-
ഗ്രന്ഥിഃ കേയമുപാസനാശ്ലഥിലതാ
ചിത്രേതി ചിന്താകുലഃ 13

എന്തെന്നിന്ദ്രിയബന്ധം
ഹന്ത, വിടുവാൻ ബന്ധം?
സന്തതം ഞാൻ നിർബ്ബന്ധം
സ്വാന്തേ ചെയ്തതു വന്ധ്യം—

ഹരിഹരി! ഹരിവംശ്യ-
ഹരി; ധരാഹരി; സാക്ഷാൽ
ഹരി; ദാശരഥിയിതാ
ഹരിയാമെന്നെ നിനപ്പൂ— എന്തെ.

36619

കൈലാസം പന്താടിയ
കൈ ലാസിപ്പോരവനെ
കാലനേകിയ ദേവൻതൻ
കാലിണ പണിവാൻ പോവൻ— എന്തെ.

## രംഗം ഒമ്പതു്

സമീപത്തു വന്ന ഹനുമാനോടും ശത്രുഘ്നനോടും രാമൻ പറയുന്നതു്:

കേദാരഗൌഡം—ചെമ്പട

ഇതി നിശ്ചിതവാൻ സമീരസൂനു
രഘുനാഥാന്തികമേത്യ തം നനാവ
സ തു തം പവമാനജം സുമിത്രാ-
തനയം ചാരികുലാന്തകം ജഗാദ. 14

പോകിൻ വേഗം പടയൊത്തു
പോകിൻ വേഗം—

ശോകം വിട്ടിഹ സാകം മത്സഹ-
ജേനാനിലസുത, കംബുഗളഭ്രപനെ
വൈകാതെ വെല്ലുവാൻ മമ നന്ദനനാം
യൂപകേതുവിൻ സാഹ്യമേററമായ്ച്ചെയ്യു വേണം—
പോകിൻ.

ശത്രുഘ്നനോടുള്ളതു്:

സുമിത്രാനന്ദന, നിന്നൊത്തുണച്ചിടും, നേത്തോ-
രമിത്രങ്ങളെ മൃതിയിൽപ്പിണച്ചിടും, ഇവൻ

സമത്ര സാഹ്യാൽപ്പകളണച്ചിട്ടും, കാബ്യ-
കബ്ലന്നെ മദം വിനാ കാണിച്ചിട്ടും, ഇവ-
നല്ലോ നമുക്കു ബന്ധു മുമ്പു ലങ്കാധിപനെ-
സ്സംഗരേ വധിപ്പാനും ഇന്നിവനെജ്ജയിപ്പാനും— ( )

ഹനുമാൻെറ മറുപടി:

സാരംഗം—ചമ്പ

താവകകൃപയില്ലാതേവനേതും സാധിക്കാ,
രാവണവധസാഹ്യം ഭാവത്കകൃപയാലാം.
സാത്ഥനാമനാകുന്ന ശത്രുഘ്നനൊത്തു പോയി
തത്പുത്രനു സഹായമിപ്പൊഴേ ചെയ്തീടുന്നേൻ—താവകം.

ശത്രുഘ്നൻെറ മറുപടി:

കന്യകാകരം മമ നന്ദനൻ തൊടുന്നേരം
ഒന്നായെതിർക്കുമരികളെ ഒന്നൊഴിയാതെ വെൽവൻ.

ശത്രുഘ്നനും ഹനുമാനും യാത്ര:

പവമാനനന്ദന, പാവമാന, പോകയല്ലീ
സാരഥിയെങ്ങു,സേനാനാഥനെങ്ങു, വരുവിൻ—കന്യകാ.

നാനാശസ്ത്രാസ്ത്രപാശാങ്കുശമുസലലസൽ-
പാണിഭിർയ്യോതൃസംഘൈഃ
കുംഭീന്ദ്രാശ്വപ്രവീരൈസ്സഹ ഗഗനലസ-
ച്ചാരുകേതാങ്കിതാം സ്വാം
ചക്രാതേ ചക്രിചാരീം സരഭസമധിരു-
ഹ്യാത്തധൈര്യം പ്രയാണം
ശത്രുഘ്നസ്സാത്ഥനാമാ പുനരനിലസുതോ
രാമസഞ്ചോദിതൗ തൗ.

## രംഗം പത്തു്

കന്യയെ അപഹരിച്ച യൂപകേതുവിനെ കംബുകണ്ഠൻ പോർക്കു് വിളിക്കുന്നതു്:

വേകട—ചെമ്പട

താവത്പാതോദ്യദീപ്രൈഃ കനകമയപതാ-
കാദിഭിഃ കാന്തിപുഷ്ടാം-
മനപത്ഥാഖ്യാം വഹന്ത്യാം നൃപസദസി വിവാ-
ഹായ പിത്രാ സപുത്ര്യാം
ആനീതായാം തദംഗംപ്രതി നൃപതികുലേ
ദത്തദൃഷ്ടേ പ്രഹൃഷ്ട-
സ്തത്രാപ്തോ യൂപകേതുഃ സ്മര ഇവ സജവം
മോഹനാസ്ത്രം മുമോച. 16

സുപ്തേ തേന നൃപോല്ക്കരേ തദബലാ-
രത്നം ഹരന്തം ജവാൽ
പ്രത്യസ്ത്രം തു വിമുച്യ യാന്തമഹിതം
ശത്രുഘ്നപുത്രം രുഷാ
രുദ്ധാനേഷു നൃപേഷു സംഗരശിര-
സ്യാപ്തേഷു കാലാലയം
ദേവാനാം പ്രിയ ഏവ തം ദരഗളോ
യോദ്ധും ജഗജ്ജാഡധീഃ 17

കള്ള, നില്ലു നില്ലു
കള്ളമെവനു നല്ലതു ചൊല്ലു—

പുള്ളിമാൻമിഴിയാളെ ഹരിപ്പതു
കൊള്ളുന്നവനിഹ കൊള്ളുകയില്ല— കള്ള.

ക്ഷണമില്ലാതിഹയെന്തിനു വന്നതു
നാണംകൂടാതെ?
ആണായിവനുണ്ടിപ്പണി ചെയ്തതു
കാണുകയില്ല ജവാലടർചെയ്യുക— കള്ള.

വീരനെങ്കിൽ വാടാ
പൊരുതുവതിനു ഭൂപതികീട!
ഓരി ഗജ്ജിപ്പതിലണുവിന്നും
നേരിടുമോ ഭീ ഹരിവരനുള്ളിൽ— വീരനെങ്കിൽ.

കൊള്ള കെട്ടപ്പതിന്നാണരചന്മാർ; നീ നരവരനല്ലീ?
കൊള്ളരുതാത്തോക്കീശത നല്കുകി-
ലുള്ള ഫലം പുനരിങ്ങനെതന്നെ— വീരനെങ്കിൽ.

കന്യയെ വിട്ടതിമാന്യത ചേരുകി-
ലെന്നോടു പൊരുതീടുക—
അന്യായമിതെന്നിനിയറിവാൻ തവ
തെമ്പു കളവനമ്പൊടു രണഭുവി— കള്ള.

നിന്നുടെ മകളുടെ കല്യാണത്തിനു-
യിന്നാരെ വെടിഞ്ഞു,
മന്നവവരനാമവരുടെ മകനാം
ഞാൻ നിനക്കു യമനായി നിനയ്ക്കുക— വീരനെങ്കിൽ.

മദനസുന്ദരി അച്ഛനെ കൊല്ലരുതെന്നു യൂപകേതുവിനോടു പറയുന്നതു്:

തതോ മദനസുന്ദരീ രണപരാജയാക്രന്ദിതം
സ്വതാതമപി വല്ലഭം ജ്വലിതകോപവൈശ്വാനരം
നിജശ്വശുരകണ്ഠഖണ്ഡനകരാളകർമ്മോദ്യമം
വിലോക്യ വിവശാവദീദ്വിപദി ഗദ്ഗദാർദ്ധാക്ഷരം. 18

ദ്വിജാവന്തി—ചെമ്പട

കാന്ത, ഭവാൻ കോപവൃദ്ധിയാൽ
ഭ്രാന്തചിത്തനായോ? പരമിതരുതേ—

താന്തനായി രിപുവെന്നിരിക്കിലൊരാശ്രിതൻെറ നിലയാം കൃ-
താന്തഗേഹത്തിൽ വിടൽ ധീരക്കൊത്തതോ?— കാന്ത.

എന്താതൻെറ കാലം കഴിയുകിൽ സൗഖ്യമുണ്ടോ? കരുതുക
ഹന്ത ഹന്ത, കൊല്ലായ്കിവൻ തെററു ചെയ്തതൊട്ടും കരുതൊല്ലം.
കരുണാസിന്ധോ, നതരിൽ ബന്ധോ, എന്നിൽ
സ്നേഹമൊടിപ്പോൾ വിടുക; ഗതിയല്ലാതെന്തു?— കാന്ത.

ദണ്ഡ്യമേനമപി മണ്ഡിനം പ്രിയാ-
പേക്ഷയാ സ കൃതവാൻ സവല്ലഭഃ
കേതുദണ്ഡസവിധേ നിബധ്യ ഹാ!
യൂപകേതുരരിഹാ പുരം യയൗ. 19

## രംഗം പതിനൊന്നു്

ശത്രുഘ്നഹനൂമാന്മാരുടെ ശത്രുബുദ്ധിയോടെയുള്ള പോർവിളി:

കല്യാണി—ചെമ്പട

ശത്രുഘ്നഃ പാവമാനീ രഥഗജതുരഗ-
ധ്വാനവിക്ഷോഭിതോർവ്വീ-
ചക്രൗ നാനായുധോദ്യദ്ഭടചടനിനദൈഃ
പൂരയന്തൗ നഭോന്തം
സമ്പ്രാപ്തൗ കാന്തിപൂര്യന്തികമതിരഭസാ-
ത്തൗ ച കന്യാസഹായം
ദൃഷ്ട്വാന്യോന്യം വിദൂരേ തമിതി പരുഷവാ-
ഗ്ഭ്യാമുച്ചതുശ്ശത്രുബുദ്ധ്യാ. 20

നാരിക്കവച്ച് നീ തരമൊട്ട ചെയ്യൂ ശൂദ്ധം
നടക്കുവതെത്ര ചിത്രം!
നേരേ വാ കുമതേ, ദൂരേ ഗതി വെറുതേ,
ചോര, നിൻകളവു തീരേ നിത്തിടുവൻ—നാരി.

നാരിയിൽ മോഹമേറുന്ന നിന്നെക്കൊല്ലുവാനിദ്ദപ്പാൾ
കാരണം കിട്ടി മത്ഭാഗ്യംതന്നെ.

പോരിനു നേരേ നില്ലുകയെന്നെ യുധി വിജയിക്ക നിൻ-
ശ്ശൂരത കാണുവാൻ മോഹമാം നന്നെ എന്നല്ല പാക്കിൽ

കട്ടിടുന്നവനെ വിട്ടിടുന്നതൊരു
രാട്ടിനുള്ള നയമല്ലയെന്നറിക
വേട്ടിടാത്തവളെ വിട്ടു നീയടരി-
നേറുകൊൾക, പോവതെങ്ങെടാ?

ബാലമാരനേകം പേരുണ്ടായിട്ടും
കാലനുള്ള ഗേഹത്തിലവിടെയ്ക്കു
മാലൊഴിച്ചവരെ വേട്ടിടുന്നതിനു
കാലതാമസമൊഴിച്ചുപോയിടുക— നാരി.

ഹനുമാന്റെ പോക്കുവിളി:

മധ്യമാവതി—മുറിയടന്ത

മോഹമഹോ വിഫലം രേരേ!
സാഹസം സർവ്വം.

ആഹവംചെയ്യ; ബലിയാണെന്നാലെന്നോടു— മോഹം.

ജയിപ്പാൻ പണിയടക്കെന്നോടേററാൽ
കുറച്ചിലില്ലെന്നാൽപ്പദേ നമിച്ചുകൊൾക.
തിരിച്ചു ഗമിച്ചിടാൻ നിനക്കില്ലോ തെ-
ല്ലസാധ്യമതിനാലെ മരിച്ചിടാം.
മുറയ്ക്കറിക നീ കട്ടിടുമവക്കേഴുന്ന ശിക്ഷ; ശകുനപ്പിഴ തേ
ഫലിച്ചു പോരാടുവാനായിറങ്ങിടുക; യുദ്ധസന്നദ്ധനാഹമിഹ—
മോഹം.

യൂപകേതുവിൻെറ മറുപടി; പോർക്കുവിളി:

കാമോദരി — ചെമ്പട.

അരേ രേ ഭീരുക്കൾക്കീശരേ, ദൂരേ നില്ക്കാതെ
വരുവിൻ സംഗരവീരരേ! —

തരുണീമണിയാമിവളെ-
ത്തരുമോ? ഞാൻ നമിക്കുമോ? — അരേ രേ.

പോരടിച്ചിടുക; -യെങ്കിലതിൽജ്ജയ-
മാരിലാണു പെരുകുന്നതവൻ ബഹു-
വീരനെന്നു കരുതാം, മറ്റു വിട്ടിതി
ഗീരുകൊണ്ടു ഫലമെന്തിഹ ചൊൽവിൻ — അരേ രേ.

ശത്രുഘ്നശ്ശത്രുവീര്യശ്ലഥനനിജചമൂ-
വിക്രമശ്ചക്രിചാര്യാം
തസ്യാമാരുഹ്യ നൈജാഹ്വയലിപിവിലസിതം
ബാണമേകം മുമോച
സോപി സ്വാഖ്യാക്ഷരാത്യുജ്ജ്വലമിഷുമചിരാ-
ത്തത്ര മുഞ്ചന്നുഭൗ തൗ
തദ്വീക്ഷാജ്ഞാതവൃത്തൗ രണശിരസി മിഥഃ
പ്രാപതുഃ സ്നേഹഭക്തീ. 21

## രംഗം പന്ത്രണ്ട്

ദ്വാസ്ഥൻെറ പോർക്കുവിളി:

കേദാരഗൗഡം — ചെമ്പട

ക്ഷുഭ്യച്ചാക്ഷുഷത്രുക്ഷതാക്ഷതവിപ-
ക്ഷാക്ഷൗഹിണീഹൃൽബ്വേലോ
ഗർജ്ജന്നിർജ്ജിതഗർജ്ജനോർജ്ജിതമഹാ-
ധ്വാനൈർന്നിജജ്യാരവൈഃ

അഭ്രാന്തം ഭ്രമയൻ ഭൃശം ഭടജനൈ-
രുദ്യൽകരളായുധൈ-
ശ്ചോദ്ധും ബദ്ധമതിസ്സമുദ്ധൃതധൃതിർ-
ദ്വാഃസ്ഥഃ പ്രതസ്ഥേ ക്രുധാ. 22

ആരും ഗ്രഹിയാതെ വന്നതിവിടെ ആരഹോ, ചിത്രം!
ആരും ഗ്രഹിയാതെ വന്നതിവിടെ—

ആരെയോ നീ കവൎന്നുപോകുവ,-
താരെയോ നീ പിടിച്ചടക്കി?
ദൂരേ വെടിഞ്ഞുകൊൾകവരെ
രേരേ അതു നല്ലതു— ആരും.

അളികേശിനിയെക്കട്ടൊരു കള്ള!
നിന്നെ ക്ഷണമിഹ കൊന്നാലേ
തെളിവു വരുള്ളു, പോരുന്നവനെ-
ന്നാകിൽപ്പൊരുതുകയെന്നാലെ
ഒളിവിൽത്തേരിലിരിക്കെന്നെന്തേ
പോവാനാമോ നിന്നാലെ?
വെളിവിലിറങ്ങുകയല്ലെന്നാൽ ഞാ-
നങ്ങു വരാം നിൻപിന്നാലെ— ആരും.

ഘണ്ടാരം—മുറിയടന്ത

നിന്നെയും നിന്നുടെ തമ്പുരാൻതന്നെയും
ഒന്നായ്ജ്ജയിപ്പാൻ മിടുക്കുള്ളവനഹം;
പിന്നെയോ നിന്നെബ്ഭയപ്പെട്ടു കൊൾവതു?
വന്നുകൊൾക മുന്നിലെന്നാലറിഞ്ഞിടാം.

കേദാരഗൗഡം—ചെമ്പട

വെളുപ്പുമായവുമധികം തടിയും
പെരുത്ത രോമം നിറയും തടിയും

നിലത്തു തുങ്ങീട്ടെപ്പോഴുമടിയും
തടിച്ച വാലും നാല്ക്കാലടിയും
തുടുത്ത മുഖവും കോലും നിന്നെ-
ജ്ജയിക്കുവാനായ് ഞാൻ തുനിയും.
തടുത്തുകൊള്ളുക, പടസ്സു തക്കൊരു
മിടുക്കനെന്നാലിഹ നീയും.

ഘണ്ടാരം—മുറിയടന്ത

വീരസ്യമേവം പുലമ്പുന്നതിൽഗ്ഗുണം
നേരിട്ടെതിർക്കുന്നതാണെന്നതോർക്കണം.
ഘോരമാമിഗ്ഗദ തട്ടിയാലക്ഷണം
മാരണകാരണം വന്നെന്നുറയ്ക്കണം.

കേദാരഗൗഡം—ചെമ്പട

അമഹിമയുള്ളവർ വാഴ്ത്തും നിന്നെ-
ക്കണ്ടതു നല്ലോരുപകാരം.
അടരാടുക; നീയന്തകനമ്പിനൊ-
ടായീടേണമൊരുപഹാരം.
അമരാ ഞാനല്ലാതെ;-യറിഞ്ഞീടു-
കെന്തിനു വെറുതേ വ്യവഹാരം?
കുമതേ, നിമ്പുഉതനുവാൽ ഗൃധ്രം
ചെയ്യട്ടെ ചെറുതാഹാരം— ആരും.

ഘണ്ടാരം—മുറിയടന്ത

ഗീരുകൾ കേൾക്കയാലുള്ളിലെള്ളോളവും
ഭീരുതയില്ലയെന്നല്ലതിധൈര്യവും
പാരം വളരുന്നിതെന്നിലാമോദവും
തേ രണപ്രൗഢി കണ്ടീടുവാൻ മോദവും— നിന്നെയും.

## രംഗം പതിമൂന്നു്

ശത്രുസംഹാരം ചെയ്ത യൂപകേതു അയോധ്യയിൽ എത്തി രാമനായ സംവാദം:

പുറനീര — ചെമ്പട

നിഹതരിപുകുലസ്സ യൂപകേതുഃ
കളകളകാഹളനിസ്വനൈശ്ച,പശ്ചാൽ
ശ്വശ്രുരപിതൃമൈത്യയാവയോധ്യാം
രഘുതിലകസ്തു ജഗാദ താൻ സതോഷം. 23

വരിക യോഗ്യ,യിവനെ വരികയോ? ശ്വശ്രുരനല്ലീ
ശരണാഗതരിൽക്കോപമരുതേ വിടുക വേഗം.

നിന്നെക്കാണാഞ്ഞുണ്ടായ ഖിന്നതയാലിവരെ ഞാൻ
അന്വേഷിപ്പാനയച്ചേൻ എന്നുണ്ണി, വാത്സല്യത്താൽ.

പവമാനാത്മജ, സഖേ, തവ സാഹ്യമുചിതമായ്
ഭവതു മേന്മയെന്നെന്നും ഭുവനേഷു പ്രചാരമായി.

അനുജ, ഹേ വീര തവ തനുജനിവളെയിന്നു
അനുമോദം വേട്ടീടട്ടെ നനു നമ്മ വരും മേലിൽ.

താത, താവകകൃപ താതനായീടുമെന്നിൽ
വീതശങ്കമുണ്ടായാലേതേതും സാധ്യം മയാ.

സ്വാമിൻ, തവാജ്ഞ കേൾപ്പാൻ കാമിക്കുമെന്നെസ്സദാ
രാമ, ശാസിച്ചീടേണം പ്രേമം ഭക്തിയിൽ വരേണം.

അഗ്രജ,യെന്മകനിലാഗ്രഹിച്ചീടുമിവളെ
വ്യഗ്രത വിട്ടിവൻ വേട്ടു സമഗ്രഭാഗ്യം നേടീടട്ടെ.

സാർവ്വഭൗമ, കാര്യങ്ങൾ സർവ്വവും തേ ഹിതംപോലെ
നിർവ്വാദം ചെയ്തീടുന്നേൻ ഗർവ്വശൂന്യനായേനഹം.

രാമാജ്ഞയാ നിജസുതാമഥ കംബുകണ്ഠ-
സ്തത്പ്രേമവാരിനിധയേ പ്രദദൗ പ്രശസ്തം
രേമേ ചിരം ഗുണനിധിസ്സ തു യൂപകേതു-
സ്തത്രാത്തരക്ഷണകരസ്സസുഖം സദാരഃ.

---

# ചന്ദ്രാംഗദവിജയം

## ആട്ടക്കഥ

## വന്ദനശ്ലോകങ്ങൾ

ബീജാപൂരക്ഷേക്ഷ്വപാശാങ്കുശമുകുളഗദാ-
ധാന്യദന്താരിശൂലാ-
ന്യാബിഭ്രാണം ഭുജാഭിർമ്മഹദുദരതലാ-
ലംബിശുണ്ഡേ സുധാം ച
വന്ദേ ദേവാസുരായോധനനിജകൃതസാ-
ഹ്യാർജ്ജിതോർജ്ജപ്രതാപേ-
ഷ്വാനമ്രേഷ്വാദിതേയേഷ്വധികകൃതകൃപം
ലോകനാഥം ഗണേശം. 1

ശ്രീകൃഷ്ണം ശശിബിംബസുന്ദരമുഖം
ശർവ്വാദിസർവ്വാമര-
ശ്രേണീചാരുകിരീടകോടിവിലസത്-
പാദാരവിന്ദദ്വയം
കാളാംഭോദകളേബരം കരലസ-
ദ്വേണും കൃപാവാരിധിം
ഗോപസ്ത്രീകുചകുങ്കുമാങ്കിതതനും
ഗോപാലബാലം ഭജേ. 2

ഛത്രാരണ്യപുരേശ്വരം ഋ പിതരം
ശ്രീനീലകണ്ഠാഹ്വയം
ശ്രീദേവീദയിതാസുതം ഗുരുവരം
വാങ്മേഷഗേഹേശ്വരം
നത്വാ സമ്പ്രതി മാലികദ്വിജകുലോ-
ത്ഭൂതോപ്യഹം ശങ്കര-
സ്സംഗീതേന ച പദ്യപംക്തിഭിരിദം
കാവ്യം കരോമി സ്വയം. 3

## പുറപ്പാടു്

ചിത്രവർമ്മാവു്—ഭാര്യ:

ശങ്കരാഭരണം—ചെമ്പട

ആര്യാവർത്താധിനാഥോ ദ്യുമണികുലമണി-
സ്സർവ്വശാസ്ത്രാസ്ത്രദക്ഷ-
സ്സൗന്ദര്യാപാംഗഭംഗപ്രചരദുപവന-
ശ്ശത്രുവിദ്വേഷമൂർത്തിഃ
ദാതാഭീഷ്ടം നതാനാമതിതരമഹിമാ
ധർമ്മപത്നീസമേതഃ
സ്വസ്യാം പുര്യാം ന്യവാത്സീത്സമുപചിതയശാ-
ശ്ചിത്രവർമ്മാ നരേന്ദ്രഃ 1

കർമ്മസാക്ഷ്യന്വയേ ധർമ്മാധർമ്മവേദിയായി
സമ്മതിയാകിയ ചിത്രവർമ്മരാജനുണ്ടായി.
ശാസ്ത്രജ്ഞന്മാരിലൊന്നാമൻ ശത്രുക്കൾക്കു യമൻ
നൽത്തരുണികൾക്കു കാമൻ സജ്ജനമാർക്കു സോമൻ
ഇഷ്ടി ചെയ്യിച്ചു ധാരാളം പുഷ്ടി കൂട്ടി മന്നിൽ
ദുഷ്ടരെ നിഗ്രഹംചെയ്തു ശിഷ്ടരെ രക്ഷിച്ചു
കാര്യാകാര്യമറിഞ്ഞീടും ഭാര്യയോടുംകൂടി
ആര്യാവർത്തരാജ്യംതന്നിൽ ധൈര്യശാലി വാണു.

## രംഗം ഒന്നു്

ചിത്രവർമ്മാവും ഭാര്യയും—ശൃംഗാരപദം:

കാമോദരി—ചെമ്പട

ഏകസ്യാം നിശി കാമകോമളതനൂ
രാജാ സ മാരാലയസൽ-
കസ്തൂര്യാദ്യനഘാംഗരാഗവിഭവൈ-
രാലേപിതോരസ്ഥലഃ

സമ്പ്രാപ്യോപവനം സുമേഷുഭഗവത്-
പൂജാസകാമോദരീ
പ്രാഹ പ്രേമഭരാകുലാം പ്രണയിനീം
മാരജ്വരക്ലേശിതഃ 2

പാഥോജാക്ഷി, പരഭൃതവാണി!
പാഥോദസുവേണി!
പരിമളകുളുർമകൾ തിരളുന്ന പനീർ-
പാടീരാദ്യണിസുസ്മനി, കേൾ നീ— പാഥോജാ.

കണ്ടാലും പൂവനമൊട്ടധികം
വണ്ടുകളുണ്ടൊരു സുമമാധ്വീകം
മാലേയാനിലകലിതസുഗന്ധം
ജലരുജഷു ജിതൈരിഹ കൃതബന്ധം— പാഥോജാ.

കൗമുദി നന്നായ് പ്രവഹിക്കുന്നു,
കാമൻ സഖി, മാം പ്രഹരിക്കുന്നു.
ഇതിനൊരു ശരണം തവ കൃപയല്ലാ-
തേതുമൊരെണ്ണം കാണുന്നില്ല— പാഥോജാ.

കാമിനി, മധുരാധരമധു തരിക,
കാമംപോൽപ്പുളകാംഗം പുണരുക.
ഹതനായ്ക്കാമൻ ഹരനാൽ മുന്നം;
ഹതയായിലാരാല്യം തത്പ്രേതബാധ— പാഥോജാ.

ഏരിക്കിലക്കാമോദരി – ചെമ്പട

പൂന്തേൻതൊഴുംമൊഴി,യിന്നാക്കും
സ്വാന്തമ്മോദം വളരെ വളർക്കും.
കോകിലപഞ്ചമസുസ്വരരാഗവും
ഏകാ സുഖമിതുവിധമൊരു ദിനവും— പൂന്തേൻ.

കാമനടൻെറ നടിപ്പു തുടങ്ങാൻ
സോമവിളക്കു കൊളുത്തി സമയം.
പതി പറയുന്നതു തെററി നടക്കുക
പതിവില്ലല്ലോ സതികളിലാരും.

## രംഗം രണ്ടു്

ചിത്രവർമ്മാവും ജ്യോതിഷക്കാരൻ ബ്രാഹ്മണനും ജാതകം നോക്കൽ:

മുഖാരി—ചമ്പ

പുത്രീ ജജ്ഞേ ജ്യേഷ്ഠാ രാജ്ഞസ്സുകൃതിജനവര-
സ്യാസ്യ സീമന്തിനീതി
ഖ്യാതാ താതസ്തു തജ്ജാതകഫലമഖിലം
ജ്ഞാതുമിച്ഛൻ കദാചിൽ
ജ്യോതിശ്ശാസ്ത്രാഗ്രഗണ്യം ധരണിസുരമുപാ-
നീയ പപ്രച്ഛ യോഗാ-
നായുർമ്മംഗല്യഭാഗ്യാദികമസുഖമുഖാ-
രിഷ്ടമിത്യാദ്യശേഷാൻ. 3

അവനീദേവവതംസമേ, പദ-
മവനമിക്കുന്നേൻ—
ദൈവജ്ഞ, ഭോ, മാമകീനനന്ദിനിതൻ-
ജാതകമാണിതു കാൺക— അവനീ.

യോഗമെന്തൊക്കെയാണിവൾക്കുള്ളതു
ഭാഗധേയവതിയോ, വരാകിയോ?
ആയുസ്സെത്രയുണ്ടല്പമോ, നീണ്ടതോ?
പ്രേയാനുണ്ടാകിൽ നീണാൾ വസിക്കില്ലേ?—അവനീ.

സന്തതിയിവൾക്കുണ്ടായിത്തീരുമോ!
സന്തതം കഷ്ടകാലമോയെപ്പൊഴും!
ചിന്തിച്ചോക്കെയും ചൊല്ലുതിനായിട്ടാ-
ണന്തമേന്മാദാൽ വരുത്തിയതങ്ങയെ— അവനീ.

ജ്യോത്സൻെറ മറുപടി:

സൗരാഷ്ട്രം—മുറിയടന്ത

ആകർണ്യ വാചം നരനായകസ്യ
തജ്ജാതകം ഗാഢതരം വിചിന്ത്യ
യോഗാനശേഷാഞ്ഛുഭദാൻ പ്രജാനൻ
ജവാദസൗ രാഷ്ട്രപതിം ജഗാദഃ 4

ഭൂതലേന്ദ്ര, ഭവത്പുത്രീ-
ജാതകഫലങ്ങൾ കേൾക്ക
ഏതുമൊന്നും ചിന്തിക്കേണ്ടീ-
പ്പൈതൽ ദീൎഘായുസ്സായിത്തീരും.

അത്രയല്ല സപത്നേരീട്ടം
പൃത്ഥ്വീശൻ വിവാഹംചെയ്യും
പുത്രരും ജനിക്കും, പിന്നെ
പൗത്രരും തത്പുത്രന്മാരും— ഭൂതലേന്ദ്ര.

മംഗല്യത്തിന്നല്പംപോലും
ഭംഗമെന്നതില്ല നൂനം.
അംഗഭംഗിയും വൎദ്ധിക്കും
മംഗലാവസ്ഥയാം മേലിൽ— ഭൂതലേന്ദ്ര.

പൂൎവ്വജന്മസുകൃതവും
ശൎവ്വാണീശപ്രസാദവും
സൎവ്വാനുഭവയോഗ്യതയും
ഉൎവ്വരേശ,യിവൾക്കുണ്ടാം— ഭൂതലേന്ദ്ര.

## രംഗം മൂന്നു്

ചിത്രവൎമ്മാവും രണ്ടാമതൊരു ജ്യോത്സ്യൻ ബ്രാഹ്മണനും ജാതകം നോക്കൽ:

ശ്രീരാഗം—ത്രിപട

ഏവം ദൈവജ്ഞവാചാ പ്രമുദിതഹൃദയ-
സ്യാസ്യ രാജ്ഞസ്സമീപം
പ്രാപ്തശ്രീരാഗധാമ്നശ്രുതിനയനമഹാ-
ശാസ്ത്രവേദീ ദ്വിതീയഃ
പൃഷ്ടോ രാജ്ഞാ സുതായാ ജനനഫലമസൗ
സമ്യഗാലോച്യ ശാസ്ത്രേ
ദുഷ്ടം ക്ലിഷ്ടപ്രദം യദ്യപി ധരണിപതേ-
രാഹ ധീമാൻ സധൈര്യം. 5

ചിത്രവൎമ്മരാജ, തേ പുത്രിതൻജന്മഫലം
എത്രയോ കഷ്ടം വേധസ്സിത്ര ദുഷ്ടനാണല്ലീ!
ഇക്കുഞ്ഞിന്നാദികാലമൊക്കെയും ക്ഷേമം; പക്ഷേ
ദുഃഖപ്രദമിഷ്ടം മേലി,ലോൎക്കുവാൻകൂടി വയ്യ.
പത്തുമേ നാലും വയസ്സെത്തുന്ന കാലത്തിങ്കിൽ
ഭൎത്താവു മരിച്ചീടു,മത്തലെന്തിതിൽപ്പരം?— ചിത്രവൎമ്മ.

പുന്നാഗവരാളി—മുറിയടന്ത

അനേന പുന്നാഗവരാളിഭൂഷണ-
ത്രിണേത്രഭക്തേന സമീരിതം ഫലം
നിശമ്യ തീവ്രാദ്ധിവശോ വിശാംപതി-
ൎജ്ജഗാദ ഭൂയോപി തമുൎവ്വരാസുരം. 6

കണ്ണുശല്യമാം കാര്യമെന്തീവിധം
വണ്ണിക്കുന്നില്ല നിഷ്കൃതിയല്ലയോ?

മുമ്പൊരു ജ്യോത്സ്യനീജ്ജാതകം നോക്കി
വമ്പിച്ച ഫലംതാനല്ലോ ചൊല്ലീ?
മംഗല്യത്തിന്നു ഭംഗമില്ലെന്നുള്ള
സംഗതി തീർച്ചയായ്ച്ചൊന്നാനവൻ.
വാഴ്ത്തുന്നുണ്ടഴൽ നിൻചൊല്ലാൽ; വീണ്ടുമേ
നോക്കിച്ചൊല്ലതിൻനിഷ്കൃതിയെന്തെന്നും— കണ്ണുശല്യം.

ആഹരി—അടന്ത

സ ബുദ്ധിമാനാഹരിപാദസംഗതി-
ദ്രഷ്ടാ ദ്വിജോ വേദദൃശാ തദീരണം
ശ്രുത്വാപ്യസഹ്യാം വിപദം വിചിന്തയൻ
ഭൂയോപി ഭൂയോപി ഗഭീരമാഹതം— 7

മുന്നം ചൊന്നതു സ്തുതി-
തന്നേ;യീ ഗ്രഹസ്ഥിതി
അന്യർ നോക്കിയാൽപ്പതി-
ക്കന്നു ചൊല്ലുമേ മൃതി;

ഈഷൽ വേണ്ട; വൈധവ്യ-
ദോഷമന്നു കാണായ്കിൽ
ഏഷ ഞാൻ ജ്യോത്സ്യനെന്ന
വേഷത്തിൽ നടന്നിടാ— മുന്നം.

## രംഗം നാല്

സീമന്തിനി എന്ന രാജകുമാരിയും മൈത്രേയി എന്ന യാജ്ഞവല്ക്യപത്നിയും:

കാനക്കുറിഞ്ഞി—ചെമ്പട

അത്യാസന്നാം സ്വസ്യ വൈധവ്യവാർത്താം
ശ്രുത്വാ ദാസീഭാഷണാത്തന്നിവൃത്തൈ്യ
ആർത്ത്യാ ശുഷ്കാ യാജ്ഞവല്ക്യസ്യ ജായാം
മൈത്രേയീമേത്യാഹ സീമന്തിനീ സാ. 8

സ്വാമിനി, ഞാൻ വന്ദിക്കുന്നേൻ
മാമുനീന്ദ്രപ്രിയേ, തായേ!—

ഭീമവിപന്നദിയിൽ വീണൊഴുകീടുമെന്നെ
സാമോദം കൃപാനൗകാൽക്കരയിലണക്കണേ— സ്വാമിനി.

ഈ മഹാഭാഗ്യക്കേടുള്ളിവളെ രക്ഷിക്കുവാൻ
സീമയററുള്ളഴിവു മററാക്കുമില്ല നൂനം— സ്വാമിനി.

ജ്യോതിഷക്കാരനായൊരന്തണനെന്റെ
ജാതകം നോക്കിച്ചൊന്നാൻ ലക്ഷണം മുന്നം— സ്വാമിനി.

പത്തും നാലുമാം വയസ്സെത്തുന്ന കാലം മമ
ഭർത്തൃനാശമുണ്ടെന്നു സംശയമെന്ന്യേ— സ്വാമിനി.

എന്തിതിൽപ്പരമൊരു സന്താപം വരാനുള്ളൂ?
എന്തൊരു പരിഹാരം ചെയ്യേണം ഞാൻ?— സ്വാമിനി.

ചിന്തിച്ചു ചൊല്ലേണ്ട വേണ്ട,തങ്ങെല്ലാമറിയും;
നിന്തിരുവടിയല്ലാതില്ല മേ ശരണം— സ്വാമിനി.

എരിക്കിലക്കാമോദരി—തൃപട

നിന്നുള്ളിലാളീടുന്ന ഖിന്നത കളഞ്ഞാലും
നന്നായ്പ്പുന്നീടും മേലിലെന്നൊന്നു ധരിച്ചാലും—
കേൾക്ക ചിത്രവർമ്മിണി,
നിൻഹിതം സാധിക്കുവാൻ
തക്ക നല്ലൊരു വഴി ഞാൻ
ചൊല്ലാം വഴിപോലെ— നിന്നുള്ളിൽ.

ശർവ്വാണിയോടുകൂടെ ശർവ്വനെ സേവിച്ചാലും,
നിർവ്വാദമവൻ തരും സർവ്വധാ മംഗളാപ്തി— നിന്നുള്ളിൽ.

ചന്ദ്രവാരങ്ങൾതോറും തദ്വ്രതത്തോടുകൂടെ
ചന്ദ്രമുഖി, നീ ഭജിക്ക; വഴി മററില്ല നൂനം— നിന്നുള്ളിൽ.

തദ്ദേവനന്നനിഷ്ടം ചെയ്യോരു കാലനെപ്പണ്ടു
നിർദ്ദയം ഹനിച്ചതീദ്ദേവനെന്നറിയുക— നിന്നുള്ളിൽ.

## രംഗം അഞ്ച്

ചിത്രവർമ്മാവും നൈഷധയുവരാജാവും സീമന്തിനിയും—വിവാഹം:

ഇന്ദളം

ഇത്ഥം സദ്ഗുണപൂർണ്ണയാ പരമനഃ-
ക്ലേശാനുകമ്പാഢ്യയാ
മൈത്രേയ്യാ വിധിനോപദിഷ്ടമഥ ത-
ത്താരേശവാരവ്രതം
ഭർത്തുസ്സ്വസ്തിദമീശ്വരീശ്വരകൃപാ-
ലബ്ധ്യൈ സ്വയം ദീക്ഷിതാ
ഭക്ത്യാ തത്പദമാരരാധ വിഭവൈ-
ർദ്ദിവ്യൈശ്ച സീമന്തിനീ. 9

സമസ്തോർവ്വീശാനാം സദസി വിവിധാലംകൃതിയുതേ
കൃതേ ഭേരീഘോഷേ സരസകൃതസംഗീതബഹുളേ
ഗുരൗ പൗരോഹിത്യം കൃതവതി ദദൗ സ്വീയതനയാ-
മഥാര്യാവർത്തേശോ നിഷധനൃപപുത്രായ വിധിനാ. 10

തതോ നൃപകുമാരകോ മധുവിധും സമാരഭ്യ ത-
ദ്വധൂമണിസമന്വിതഃ ശ്വശുരരാജധാന്യാം സുഖം
ഉവാസ കതിചിദ്ദിനാന്യഖിലമാനിതശ്ചന്ദ്രികാ-
സമന്വിതശശാങ്കവൽ സകലപൗരചേതോഹരഃ. 11

## രംഗം ആറ്

നിഷധയുവരാജാവും ഭാര്യ സീമന്തിനിയും—ശൃംഗാരപദവും മറുപടിയും:

ഭൂരികല്യാണി—ചെമ്പട

അഥൈകദാ നിധുവനകാംക്ഷയാ ക്ഷമാ-
പതേസ്സുതശ്ശയനഗൃഹം സമാഗതഃ

നിജാം പ്രിയാം നതവദനാം നിരീക്ഷ്യ ത-
ദ്വ്യഥാകുലോ വചനമുവാച സാന്ത്വയൻ. 12

തേനോലുംമൊഴി, നീയെന്തീ മഞ്ചം വിട്ടന്യ-
സ്ഥാനേ താനെത്താനിരിപ്പൂ—
ആനനം കുനിപ്പിച്ചു മൗനം ദീക്ഷിച്ചിരുന്നു
മാനേലുംമിഴി, ദീർഘശ്വാസം വിടുന്നതെന്തേ?— തേനോലും.

പൂന്നിലാവുണ്മാൻ ചകോരമുത്സാഹിക്കവേ
പൂർണ്ണേന്ദുബിംബം ജലധരം
വന്നു മൂടീടുന്നതു ഖിന്നതാഹേതുവല്ലീ?
സുന്ദരി, സ്മരപുരസുന്ദരദീപമേ, കേൾ— തേനോലും.

മോദിക്കുംപടി ചെയ്യാനുമെന്ന,ല്ലെന്തും നീ
ചോദിച്ചാലതു നല്കാനും
വാദമില്ലച്ചു;-ന്നീ ഞാൻ പാദം തേ കൂപ്പും ദാസൻ
ഹേ ദേവി, നിനക്കുള്ള ഖേദഹേതു ചൊല്ലുക— തേനോലും.

ഉശാനി—ത്രിപട

മത്പ്രാണേശ്വര, മാമകമാനസത്തിന്നു
നിഷ്പ്രസന്നതാഹേതു കേൾ—
സുപ്രസിദ്ധജ്യോത്സ്യനാം വിപ്രൻ മുമ്പെന്റെ ജന്മ-
പത്രിക നോക്കിച്ചൊന്നാനെത്രയോ, കഷ്ടഫലം— മത്പ്രാണം.

എന്നെൻപതിന്നാലാം വയസ്സന്നു വൈധവ്യം
വന്നീടുമെന്നു തീർച്ചയായ്
അന്നു ചൊന്നതിന്നുമേ നന്നായിത്തോന്നീടുന്നു:
അബ്ജോജാസനശാസ്യം ഖണ്ഡിപ്പാനാരീപ്പാരിൽ!—
മത്പ്രാണം.

ദുഷ്ടയോഗമൊട്ടേറുമെൻ വേളിയാൽബ്ഭവാൻ
നഷ്ടായുസ്സായിപ്പോയല്ലോ!

കഷ്ടമായതോൎത്തകം പൊട്ടുന്നുവെന്തുചെയ്വൂ?
ക്ലിഷ്ടമാകിലും പ്രായശ്ചിത്തം ചെയ്ക വേണ്ടതാം— മത്പ്രാണം
സങ്കടനിവൃത്തിക്കായി ഞാൻ മൈത്രേയി ചൊന്ന
തിങ്കളാഴ്ചാവ്രതത്തോടെ
ശങ്കരനെസ്സേവിപ്പൂ തൻകൃപമൂലം മേലിൽ
സന്തുഷ്ടിയുണ്ടാകുമഞ്ജും സ്വാന്തഭക്ത്യാ ഭജിക്ക— മത്പ്രാണം.

## രംഗം ഏഴ്

സീമന്തിനിയും ചന്ദ്രാംഗദനും തിങ്കളാഴ്ച നോററു പാൎവ്വതീ പരമേശ്വരന്മാരെ ഭജിക്കൽ:

മോഹനം—മുറിയടന്ത

ജ്ഞാത്വാസന്നാമാപദം ദാരവാചാ
വൈധവ്യാത്താം പാലയിഷ്യൻ സ ഭ്രയഃ
ഭക്ത്യാ സാൎദ്ധം സോമവാരവ്രതം തൽ
കുൎവ്വൻ ഗൗരീമോഹനം തം സിഷേവേ. 13

---

ഈശ്വര, ശിവാവര, ശംഭോ, പുരഹര!
വിശ്വവന്ദ്യ, പാപം മേ ഹര ഹര!
കേശാദിപാദം തേ രൂപം മഹാദേവ!
ക്ലേശനാശന, തോന്നേണം വാമദേവ— ഈശ്വര.
ആസന്നാപത്തിൽനിന്നെന്നെ രക്ഷിക്കേണം
ഈ സീമന്തിനിക്കുണ്ടാം വൈധവ്യം കെടുക്കേണം
അല്പായുസ്സാം മൃഗണ്ഡുപുത്രനു നിൻസേവയാലെ
ദീൎഘായുസ്സേകി നീയോ കാലകാലനായി— ഈശ്വര.
അത്തരം കൃപയൊന്നിന്നെന്നിലും ചെയ്യുക
മൃത്യുഞ്ജയനല്ലയോ നിന്തിരുവടി
പാൎത്ഥിവകുലനാശം വന്നീടും വൈധവ്യ-
മിത്തന്വിക്കിന്നു വന്നാ,ലതിൽപ്പരമെന്തു കഷ്ടം!— ഈശ്വര.

സോമശേഖര, നാഗഭൂഷണ, ജയ ജയ
സ്വാമിൻ, പുഷ്കരനായക, ലോകനായക!
വ്യോമകേശ, കൈലാസവാസ, ലോലമാനസ!
ഭീമ,ഭക്തിയോടെ നിൻതിരുവടി വണങ്ങുന്നേൻ— ഈശ്വരം.

## രംഗം എട്ട്

ചന്ദ്രാംഗദനും തോണികളിപ്പാൻ കൊണ്ടുപോകുവാൻ വന്ന നാവികനും:

ഗൗളിപ്പന്തു്—ചെമ്പട

അഥോഡുപവ്യൂഹവിനോദലോലുപം
കലിന്ദകന്യാംഭസി ഭൂപനന്ദനം
നിമന്ത്രിതസ്തേന പുരൈവ നാവികോ
ജഗാദ സമ്പ്രാപ്യ വിനീതമാനസഃ 14

യൗവരാജമൗലിമണേ!
സർവ്വവന്ദ്യ, തവ
നവ്യപാദപാഥോജം
നിർവ്യാജം തൊഴുന്നേൻ—

താവകനൗകലീലയ്ക്കു നാവമൊട്ടധികം
കേവലം ഭംഗിയായിതാ കൊണ്ടുവന്നേൻ ഞാൻ— യൗവ.

അക്കജാജലത്തിൽച്ചെയ്യും തവകേളി പിന്നുണ്ടാപ്പാൻ
ഇക്കണ്ട പൗരരെല്ലാരുമുൾക്കൊള്ളുന്നിതുത്സാഹം— യൗവ.

കാണ്മതില്ല കാറെങ്ങും, കാറ്റുമൊട്ടനുകൂലം,
ഇമ്മുഹൂർത്തമെല്ലോ തോണി കളിപ്പാൻ നല്ലതു— യൗവ.

വേകട—മുറിയടന്ത

താവകപരിശ്രമം നാവിക, കേമം;
ഈവക കളികളിൽ സേവകരിങ്ങനെ വേണം;
ഭാവത്കഗിരാ മോദമിവനുള്ളിൽ വളരുന്നു— താവക.

സംഗീതമേളമെന്നീസ്സംഗതി രണ്ടും
ഭംഗ്യാ പുളിനവാതസംഗമസുഖമേററു
ഗംഗയിൽക്കളിയാടാനിംഗിതം വളർക്കുന്നു— താവകം.

ഒന്നിച്ചു കേളിയാടാനുന്നിക്കും മോഹാൽ
വന്നു പൌരരേവരുമെന്നാൽത്താമസിയാതെ
നാം നൌകാവിനോദാൎത്ഥം സന്നദ്ധരാകയല്ലീ?— താവകം.

ഭൂയശ്ചന്ദ്രാംഗദോസൗ പടഹദരരവൈ-
ർഘോഷയിത്വാ ദിഗന്തം
സമ്പ്രാപ്യാക്കാത്മജാംഭഃ പ്രമുദിതഹൃദയഃ
പൗരവൃന്ദൈർവ്വയസ്യൈഃ
സത്രാരൂഢോ ധ്വജാഢ്യം വിവിധമണിഗണാ-
ലംകൃതം പൂതപോതം
പ്രാരേഭേസ്മിൻ നിഹത്തും ജനഗണലസിതാ-
നേകനൗകാഢ്യമേനം.

വഞ്ചിപ്പാട്ട്—തോണികളി

തമ്പുരാക്കൾ ജയിച്ചാലും
തമ്പുരാക്കൾ ജയിച്ചാലും
വമ്പെഴുമീ കാളിന്ദി ക-
ണ്ടാനന്ദിച്ചാലും.

ഒളിചിന്നുമിളമോളം
കളിയാട്ടമൊഴിക്കിതാ
കളിന്ദജാശാന്തശീലം
വെളിവാക്കുന്നു.

മന്ദാനിലൻ ഭവത്കേളി
നന്ദിച്ചതിൽ പങ്കുകൊൾവാൻ
നന്ദിച്ചിതാ മുന്നിൽത്തന്നെ
കാത്തുകൊള്ളുന്നു.

ഗംഭീരമീനങ്ങളാമ
കുംഭീരമിവ ഭവാന്റെ
വൻഭേരീമുഴക്കം കേട്ടോ
ദൂരേപ്പോയ് മാറി?

കൂലംവിട്ട നമുക്കനു-
കൂലംതന്നെ നദി; പക്ഷേ
നീലക്കാർ വാനിലല്പാല്പ-
മങ്ങിങ്ങായ്ക്കാണ്മൂ.

ഇടി മുരളുന്നു ധൈര്യ-
മടിവൂ മിന്നലാലാറ്റിൻ-
നടുവിലോടിയോടിപ്പാൻ
മടിക്കുടുന്നു.

പാകമല്ല കാറ്റിൻഗതി,
ഭീകരം ജലപ്രകൃതി,
ആകെയോർക്കിൽക്കളി നിർത്തി-
പ്പോകതാൻ നല്ലൂ.

ഏനം കേളിമഹോത്സവം ന തു ചിരം
സേഹേ വിധാതാഹിതോ
ഹാഹന്താധികഭീതിദം ജലധരൈ-
ർവ്വിദ്യുദ്ഘനോർജ്ജത്സ്വനൈഃ
അഭ്രം ശീഘ്രമകാരണം സമഭവ-
ന്നാവോ യമസ്യ സ്വസു-
ർവ്വാതൂലാഭിഹതാ ജലേ നിപതിതാഃ
ക്ഷുഭ്യത്തരംഗാരവേ. 16

മഗ്നാ മർത്ത്യാ കേചിദാത്താത്മജീവാഃ
കൃച്ഛ്രാദ്യയത്താ,ന്മൃത്യുമാപുസ്തഥാന്യേ
ഊർമ്മിണ്യംഭസ്യാപ്ലുതോർവ്വീശപുത്രോ
ഭാഗ്യാജ്ജീവൻ സപ്തലോകം ജഗാഹേ. 17

## രംഗം ഒമ്പതു്

ഭർത്തൃനാശം കേട്ട ദുഃഖിതയായ സീമന്തിനിയുടെ വിലാപം:

ദ്വിജാവന്തി—ത്രിപട

പ്രാണാധീശനദീനിപാതകഠിനാ-
വസ്ഥാം ഭടൈർബ്ബോധിതാം
ശ്രുത്വാ ഛേദിതവൃക്ഷവന്നിപതിതാ
ഭ്രമൌ തു സീമന്തിനി
പ്രാഗുദ്യൽ ഫലമൂ ചതുൾദ്ധതരം
ജ്യോത്സ്യ ദ്വിജാവന്തികം
പ്രാപ്താവത്ര തദന്തിമോക്തിരഭവ-
ത്സത്യേതി ചുക്രോശ സാ. 18

ദൈവമേ, വേണ്ടതെന്തു ഞാൻ? ഹേ വാമ-
ദേവ, മാം ദുഃഖിപ്പിപ്പൂ—
ഇൗവിധമാകിലാരിനി നിൻപദം
സേവിപ്പൂ,തിണ്ടലല്ലോ ഫലം.
കൈവരും സുഖമെന്ന മൈത്രേയിവാ-
ക്കീവിധം ദുഃഖമേററി ചതിച്ചു മാം— ദൈവമേ.

ജീവനായകനോടുകൂടാതിനി
ജീവിച്ചീടുവാൻ മോഹിപ്പതില്ല ഞാൻ.
ഹേ വര, ഭവാനെന്നെയുപേക്ഷിച്ചു
നൌവിനോദത്താൽ മുങ്ങി മരിച്ചിതോ?— ദൈവമേ.

ഇൗ വരാകിയെക്കൈവിട്ടു നീ ശ്രാദ്ധ-
ദേവസന്നിധൌ ചേൎന്നുവെന്നാകിലും
ഹാ, വളൎന്നുള്ള പാപത്തിൻശക്തിയാൽ
ഭൂവാസംമാത്രമായി മമ ഗതി— ദൈവമേ.

ദൈവജ്ഞൻ പണ്ടു രണ്ടാമൻ ചൊല്ലിയൊ-
രാ വാക്കാണിന്നു സത്യമായ്ത്തീൎന്നു:
കേവലം പതിന്നാലാം വയസ്സിന്നു;
ഹാ, വിധിവിധി നീക്കുവാനാർ പോരും?— ദൈവമേ.

ജാമാതുരന്തിമാവസ്ഥാം
ശ്രുത്വാ പാര്യാവൎത്തനായകഃ
പുത്ര്യാ പിതൃക്രിയാം ശോച-
യന്ത്യാ ഖിന്നോപ്യകാരയൽ. 19

## രംഗം പത്തു്

സാല്വവനും പത്നിയും സ്വന്തം രാജധാനിയിലിരിക്കു
മ്പോഴത്തെ ശൃംഗാരപദം:

പാടി—ചെമ്പട

സാല്വാഖ്യോ നിഷധാഹ്വയക്ഷിതിപതേ-
ൎജ്ജായാദ ഉൎവ്വീപതിഃ
സ്വൈരം ചാരുതരേ പുരേ പരിലസ-
ന്നക്ഷൗഹിണീരക്ഷിതഃ
ജേതാപി സ്വവിരോധിനാം സ്മരജിതോ
രാത്രൗ രഹസ്യൈകദാ
പാടീരാഗരുപങ്കിലാങ്കിതകുചാം
പ്രോവാച വാചം പ്രിയാം. 20

തേൻമൊഴികുലം തൊഴും മാന്മിഴി, കേട്ടുകൊള്ളു-
കെന്മൊഴി വഴിപോലെ—
വന്മഹീരുഹത്തോടൊട്ടും പിന്മാറാതടരാട്ടും
നിന്മലയിണ ചേൎത്തു സമ്മോദം പുണരുക— തേന്മൊഴി.
നാമിനി വേണ്ടതിതാ യാമിനീതരുണിയാൾ
സാമോദം ചെയ്തീടുന്നു ഭംഗ്യാ.

വ്യോമമാം മേക്കട്ടിയിൽ സോമദീപം കൊളുത്തി
ഭ്രമെത്ത പൂന്നിലാവാം ക്ഷൗമത്താൽ മൂടീടുന്നു—തേന്മൊഴി.

സാരമാം രസഗോള വാരവും തൂക്കീട്ടിതാ
പാരം ശയ്യാഗൃഹത്തെ

ചാരുവാക്കുന്നു കാൺക മാരനിടഞ്ഞെത്തുന്നു
ആരുണ്ടിവനെ വെൽവാൻനാരി നീയല്ലാതിപ്പോൾ—(തേന്മൊഴി.

സ്മരശ്ശൂരൻ തെരുതെരെ ചൊരിയുന്നു ശരനിര
പരമെന്നിലേററം തോററു ഞാൻ
മരണമണയുംമുമ്പെ തരണംചെയ്യുവനെ നീ
ശരണം മററില്ലെന്നതും സ്മരണീയംതന്നെ നിന്നാൽ—

ഏരിക്കിലക്കാമോദരി—രൂപട

കർണ്ണപീയൂഷമേവ കാന്ത, തേ വചനം
നിർണ്ണയം കുയിൽനാദത്തേക്കാളും മനോഹരം—
അർണ്ണോജശരനുടെ താണ്ഡവകോമളം
പൂർണ്ണാനുമോദദം തദപശഗക്കീസ്സമയം— കർണ്ണപീ.
മനസിജദേവസേവാമനമേശ്രമങ്ങളും
അനുകൂലയല്ലെന്നെന്നെ മനനംചെയ്തീടൊല്ലേ.
സമരവിരുതനാകും സുമശരനെജ്ജയിപ്പാൻ
കമിതാവേ, മതിരുക സമയം കളഞ്ഞീടൊല്ലേ— കർണ്ണപീ.

ചാരൻെറ വരവ് (നാട്ടുവത്തമാനം അറിവാനയച്ചിരുന്നവൻ)—ചന്ദ്രാംഗദവാത്ത പറയുന്നു:

കാമോദരി—ചെമ്പട

ദേശാന്തരാഖിലവിശേഷഗവേഷണായ
തത് പ്രേഷിതേഷു ബഹുചാരവരേഷു കശ്ചിൽ
വിജ്ഞാതനൈഷധനരേന്ദ്രസുതാപമൃത്യുഃ
പ്രത്യാഗതഃ പ്രണമിതഃ സ്വപതിം ജഗാമ.

പരിപൂൎണ്ണദൈവനിവാസ, ഭോ ഭൂവാസവ!
പരിപൂൎണ്ണദൈവനിവാസ—

സാരസോപമചരണം
ത്വരാനപിതം തൊഴുവനിക്ഷണം— പരിപൂൎണ്ണ.

സ്വാമിൻ, തേ നിഗൂഢനിയോഗം കയ്യേററിയുള്ളോൻ
സാമോദം ചെയ്തു വിയോഗം പിന്നീടൊററയ്ക്കായ്
സാമാന്യം സൂത്രപ്രയോഗം ഓരോന്നായ്ച്ചെയ്തീ-
ട്ടീ മന്നിലെങ്ങും ന്യയോഗം കാണാതെപോകെ

ഒഴിഞ്ഞു വിപദിഹ സുഖോൽബ്ബണം
വഴിഞ്ഞു ഹൃദി; ധരണിരക്ഷണം
കഴിഞ്ഞ തലമുറയിലും ഗുണം
കവിഞ്ഞതെന്നരുൾവു സദ്ഗുണം— പരിപൂൎണ്ണ.

അംഗം, കോസലഭൂ, കലിംഗം, കുന്തളം, ഭാദ്രം,
വംഗം, പാഞ്ചാലം, ഭദ്രതുംഗം, കേരളം, ചോളം
മററും പലേ രാജ്യവുമുററുവെച്ചന്വേഷിക്കെ
ഒട്ടും വിശേഷവാൎത്ത കിട്ടാഞ്ഞൊടുവിലീ ഞാൻ

പ്രവൃദ്ധഭടഭരിതമുജ്ജ്വലം
വിവൎജ്ജിതാഹിതഗമനാകുലം
വ്യവസ്ഥിതാധികധനികാഞ്ചലം
വിവേശിതോ നിഷധഭൂതലം— പരിപൂൎണ്ണ.

അന്നാട്ടിൽ വിശേഷമായൊന്നു കേട്ടേൻ തന്നാഥ-
നിന്ദ്രസേനൻെറ പുത്രൻ ചന്ദ്രാംഗദാഖ്യൻ വീരൻ
സുന്ദരീചിത്രവൎമ്മാനന്ദനിയെ വേട്ടിട്ടാ
മന്ദിരേ വാഴവേ കാളിന്ദീകേളിയാലോടി

മറിഞ്ഞു മൃതിയവനണഞ്ഞതാ-
യറിഞ്ഞ ജനകനതിഖിന്നതാ
പൊറാഞ്ഞിരിപ്പുവിതടർക്കുതാ-
ന്നിറഞ്ഞ തരമരുളു മന്ദതാ— പരിപൂൎണ്ണ.

ഘണ്ടാരം—മുറിയടന്ത

പോക നാം വൈകാതെ പോരിലാ മന്നനെ
പാകം വരുത്തിപ്പിടിച്ചടക്കിപ്പുരേ
ശോകഹീനം വസിക്കേണ,മല്ലായ്കിലോ
പാകമാകാ പിന്നെയാമെന്നിരിക്കുകിൽ—

തേർതെളിപ്പവനെങ്ങു സേനകളെങ്ങുയെങ്ങു ഭടാധിപൻ?
തേർനടത്തിടുകമരിനേവരുമൊരുങ്ങി മുന്നിൽ നടക്കുവിൻ.
സന്തതിക്കു വിനാശമേററതിതാന്തനായൊരു തന്തയെ
സന്തതം രണസീമ്നി വെന്നവിടം വിടാതെയടക്കണം— പോക.

## രംഗം പതിനൊന്നു്

സാലപൻ ഇന്ദ്രസേനനെ പോർക്കു വിളിക്കുന്നതു്—സാലപൻമാത്രം:

കേദാരഗൗഡം—ചെമ്പട

സാലപഃ ഛരിദ്രഗവേഷണൈകനിരത-
സ്സൂതോപനീതം മരുത്-
പ്രേംഖത്തുംഗപതാകമുത്തമരഥം
ചാരുഹ്യ യുദ്ധോദ്യമഃ
ബാണേഷ്വാസമുഖായുധോദ്ധൃതകരൈ-
ന്നിർവ്വാരഗർവ്വാരവൈ-
രസ്സൈന്യൈസ്സാർദ്ധമുപേത്യ നൈഷധനൃപം
യോദ്ധും ക്രുധാഹ്വാഹ്വിതം. 22

മാനവനായകകീട, ഭവാൻ ഹൃദി
മാനം കരുതിടുകിൽ

ഞാനിതാ രണത്തിന്നായൊരുങ്ങി വിളിച്ചിടുന്നു—
നൂനം നീയെതിർത്തടർ പൊരുതിടുക— മാനവ.

തടുക്കുവാൻ നിനക്കല്പം മിടുക്കുണ്ടെങ്കിലീ രാജ്യം
കിടയ്ക്കുമല്ലെങ്കിൽ ഞാൻ കയ്യടക്കുമിപ്പോൾ.
കഴിഞ്ഞ മകനെപ്പററി കരഞ്ഞിരുന്നാലരിക-
ളൊഴിഞ്ഞുപോകയില്ലെന്നൊന്നറിഞ്ഞുകൊൾക — മാനവ.

## രംഗം പന്ത്രണ്ടു്

ഇന്ദ്രസേനൻെറ പൊർക്കുവിളിയും യുദ്ധവും — ഇന്ദ്രസേനനും സാല്വനും:

ശങ്കരാഭരണം — മുറിയടന്ത

ശ്രുത്വാ ശ്രോത്രസുദുസ്സഹം ബഹുതരം
ഘോഷം കൃതം ശത്രുഭിഃ
പുത്രാപദ്വിവശോപി നൈഷധനൃപോ
യുദ്ധായ ബദ്ധോദ്യമഃ
ക്രുദ്ധോഭ്യേത്യ ഭൃശം കരാഭരണമാ-
തന്വൻ സബാണം ധനുഃ
ക്ഷാത്രം ധർമ്മമഥാതനോദതിജവം
സ്വാക്ഷൗഹിണീരക്ഷിതഃ 23

വീരനെങ്കിൽ വരിക പോർമിടുക്കൊന്നു
നേരിട്ടിന്നു കാണട്ടെ —
പോരാടുവാനകതാരിൽബ്ഭയം നഹി
പാരം പൂജിതമിക്കരബലമറിയുക. വീരനെങ്കിൽ.
സങ്കടമെപ്പൊഴാർക്കോ വന്നീടുമവനെ
തങ്കരാൽ ഹതിചെയ്തീടാൻ
കെങ്കേമൻ നീയെന്നഹംകൃതിയുള്ളതു
ശങ്കവിട്ടു കളഞ്ഞുകൊൾക ഭയങ്കരസ്ഥിതിയിപ്പൊഴണയും. ()
കൂററന്മരങ്ങൾ ചുഴററി മറിച്ചിടും
കാററതിരൂക്ഷഭാവാൽ

ച്ചാറുകയക്കിലുമിളകിടാ മാമല,
തോററു നഭസിയൊളിക്കുമനിലന-
ത്തോർത്തുകൊൾ,കരുതാൻഫലം— വീരനെങ്കിൽ.

യുദ്ധപദം:

കേദാരഗൗഡം—ചെമ്പട

രണത്തിലെനിക്കുള്ളോരു ചണതപമൊട്ടറിയാഞ്ഞു
കണക്കിലേറെയെൻമുമ്പിൽ ചുണങ്ങുന്നു നീ.
തൃണപ്രായം നിൻമൊഴി ദൃഢമണിമകനെഴും പുരേ
കണിക്കായ് നിന്നെ ഞാനിപ്പോഴയച്ചിടുന്നേൻ—

വലിയ വാക്കെന്തിന്നേവം ഫലമെന്ന്യേ പുലമ്പുന്നു!
കലിതധൈര്യം വന്നിങ്ങു പൊരുതിടുക.
കുലയാനത്തലവനെബ്ഭയമാക്കും; പക്ഷേ ഹരി-
കുലത്തിന്നായവൻ ഭക്ഷ്യപദാൎത്ഥമത്രേ—

ധനുസ്സിതാ കുലച്ചുന്നേനടർ തുടങ്ങിയാൽപ്പിന്നെ
നിനച്ചതു സാധിക്കാതെ മടങ്ങിടാ ഞാൻ.
നിനക്കതാവില്ലതിനാലെനിക്കു കല്പമേകിട്ടെ-
ന്നനുജന്മട്ടിരുന്നാലും വ്യസനമെന്ന്യേ—

മതി മതി വൃഥാ ചൊൽവതിവൻ തനുജൻെറ മൃതി
പ്രതിദിനം നിനച്ചതിവിവശനെന്നാൽ
ക്ഷിതി പിടിച്ചടക്കീടാൻ തരമെന്നോൎത്ത നീ പിതൃ-
പതിലോകം ഭരിക്കു; ഞാൻ പറഞ്ഞയയ്ക്കാം—

ജിതപാഹവേ മൃതഭടം നിഷിധാധിരാജം
കാൎഷ്ണീയലോഹകൃതശൃംഖലയാഥ സാലപഃ
ബദ്ധ്വാ ചിരേപ്സിതധരാതലലബ്ധിഹൃഷ്ട-
സ്തത്രേന്ദ്രസേനപുരി ഭൂരിസുഖം ന്യവാത്സീൽ. 24

# രംഗം പതിമൂന്നു്

പാതാളത്തിൽ ചെന്ന ചന്ദ്രാംഗദനും അവിടത്തെ രാജാവായ തക്ഷകനും കുശലം:

കല്യാണി—അടന്ത

സമ്പ്രാപ്തേ സർപ്പലോകം നിഷധയുവനൃപേ
തത്ര സംസ്ഥാ ഭുജംഗ്യ-
സ്തല്ലാവണ്യാവലോകക്ഷണജനിതമഹാ-
ശ്ചര്യസിന്ധുപ്ലുതായാഃ
കല്യാണീഭിസ്തുതാഭിർന്നിജസവിധമഥാ-
നീതമേതം സ്വകൃത്യം
കൃത്വാതിഥ്യം ഫണീശഃ പ്രമുദിതഹൃദയ-
സ്തക്ഷകോപൃച്ഛദേവം. 25

ചാരുരൂപ, ഭവാനെ ഞാൻ ആരെന്നതുമറിഞ്ഞില്ല;
ഔരഗജീവിയല്ലാതീപ്പാരിലി,ല്ലങ്ങഹിയല്ല.
സ്വർവ്വാസിയോ? ഗന്ധർവ്വനോ? സാർവ്വഭൗമരിലേകനോ?
നിർവ്വിവാദം വർത്തമാനം സർവ്വവും പറഞ്ഞുകൊൾക— ചാരു.
എന്തു പേരേതു വംശ്യസന്തതി നീ പുണ്യാത്മാവേ!
ഹന്ത, മൽഭാഗ്യപ്പുളപ്പാൽ നാന്തമ്മിൽക്കാണുമാറായി— ചാരു.
എങ്ങു രേ വസതിയിങ്ങു എങ്ങനെ വന്നെത്തിച്ചേർന്നു?
ദിവ്യനല്ലാത്തോർക്കിതു സംഭാവ്യമാനസാധ്യമല്ല— ചാരു.

ശങ്കരാഭരണം—ത്രിപുട

കാളികാവല്ലഭഭക്ത, ഭോ തക്ഷക!
കാളിയസഹോദര, വ്യാളീവംശനായക!
കേളെൻപരമാർത്ഥം ചന്ദ്രവംശജഭൂപൻ
കേളിയെഴുമിന്ദ്രസേനൻെറ പുത്രൻ ഞാൻ— കാളി.

നാളീകാക്ഷ, മേ നാമം ചന്ദ്രാംഗദനെന്നു
വേളികഴിച്ചിതു ചിത്രവർമ്മസുതയെ
മേളിച്ചു കുറച്ചിട തത്ര വാഴവേ മററു-
ള്ളാളുകളോടുകൂടിട്ടൊരു കേളി നിശ്ചയിച്ചേൻ— കാളി.

കാളിന്ദിയിൽത്തോണി കളിക്കുവാൻ; കാററു-
മോളവും വന്നു നൗകം മറിഞ്ഞു സർവരും മുങ്ങി
ച്ചീളെന്നു മൃതിയവർക്കായെല്ലാം; താനേ ഞാൻ നി-
ന്നാളീവശഗനായിങ്ങെത്തി ദൈവയോഗാൽ— കാളി.

ചളിയററ കനിവുള്ളിൽ കളിയാടുമീശനെന്നിൽ
തെളിയുമെങ്കിലിതിലിളകാ മന്മനസ്സോട്ടും
ഒളിച്ചിന്നുമിപ്പുരവും വിളികൊള്ളും ഭവാനെയും
വളരും കൗതുകാൽക്കാണ്മാനുളവായീ മമ ഭാഗ്യം— കാളി.

ശ്രുത്വോരഗപതിരേവം
നൈഷധയുവഭൂപമാത്തശിവഭക്തം
ദിവ്യൈർവ്വിഭവൈരാരാ-
ധ്യാതി സുഹൃദ്യോഗതഃ പ്രഹൃഷ്ടോഭൂൽ— 26

ബാഢാ ഭക്തിസ്തു യസ്മിൻ യുവനൃപ, തവ; മേ
സർപ്പരാജാഷ്ടമൂർത്തൗ;
ധന്യം മന്യേ ഭവന്തം; യദി ജഗതി ജയ-
ത്യർഭകേ വത്സലത്വം
കാലം കഞ്ചിൽ ഗൃഹേസ്മിന്നിവസ; മമ മഹാ-
മിത്രതാപേനദൂയേ
പശ്ചാത്തത്രൈവമാസീദഹിനൃപസുതയോ
സ്സ്നിഗ്ധയോർവ്വാഗ്വിശേഷഃ 27

തക്ഷകനാൽ ധ്യാനിച്ചു വിളിക്കപ്പെട്ട നാഗകുമാരനും രാക്ഷസനും വിളിച്ച കാരണം ചോദിക്കൽ:

സാരംഗം—ചമ്പ

ഫണീന്ദ്രേണ സാരംഗപാണിപ്രിയേണ
സ്വരാജ്യാപ്തികാമസ്യ തസ്യോപനീതൗ
സഹായക്രിയായൈ ഭുജംഗാശരൗ ദ്വൗ
പ്രഹ്വം തം പ്രണമ്യ പ്രവിജ്ഞപ്രവന്തൗ. 28

ആശുഗപതേ, പ്രണത ക്ലേശഹരണാകര!
ഈശഭക്ത, വിമതനാശക, നമോസ്തു തേ
എന്തൊന്നു വിചാരിച്ചു ഞങ്ങളെ വരുത്തിയ-
തന്തമ്മുദാ പറകയെന്താകിലും ചെയ്തീടാം— ആശുഗ.
ശത്രുക്കളാരെങ്കിലും ആക്രമിച്ചിതോ,യിഹ
അത്ര കിങ്കരർ ഞങ്ങൾ സശ്രദ്ധം വാണീടവേ— ആശുഗ.
തത്കൃപയുണ്ടായെങ്കിലൂക്കേഴുമിക്കൈകളാൽ
ഒക്കെ ഹനിച്ചുടനെ തൃക്കാല്ക്കൽ വന്ദിക്കുന്നേൻ— ആശുഗ.
കല്പന വേണമെന്നാലല്പനല്ലൊന്നിനും ഞാൻ
ത്വത്പാദസേവചെയ്തു നില്പതെന്തിനു പിന്നെ— ആശുഗ.

പന്തുവരാടി—ചെമ്പട

കിങ്കരർ നിങ്ങൾ പറഞ്ഞതു പാർക്കിൽ
കെങ്കേമം നിയതം—

സങ്കടമില്ല നമുക്കെങ്കിലുമൊരു
വങ്കാര്യം ചെയ്യേണം നിങ്ങൾ—

നൃപസുതനിവനു ധരിത്രിയലണവാൻ
തുണയായ്പ്പോകുവിനിരുവരുമിപ്പോൾ
ഞാനിയേകും ധനമഖിലം നൃപ-
സൂനുവിനേകുവിനവിടെച്ചെന്നാൽ.

ഒരുതരവും ഭയമണയാതിവനെ
ധരണിയിലെത്തിച്ചുടനിഹ വരുവിൻ.
കാലം നീട്ടരുതതിനാം ഞാനി-
ക്കാലം വാമിഹ സപദി വിളിച്ചുതു.

സാവേരി—ചെമ്പട

ഏകുന്നേൻ ഹയവരമതിലേറി-
പ്പോകുക നൈഷധയുവനൃപവീര!—
ഉരഗപതേ, ഞാൻ പോകുന്നേൻ മത്-
പുരി പൂകാനായ് നിൻകൃപ ഭവതു.

## രംഗം പതിന്നാല്

ചന്ദ്രാംഗദൻ തന്റെ അച്ഛനെ ജയിലിലിട്ട സാല്വനെ പോരിനു വിളിക്കുന്നു:

ഖണ്ഡാരം—മുറിയടന്ത

ഇത്ഥം സർപ്പേന്ദ്രമാമന്ത്ര്യ ച നൃപജ ഇതോ-
ഽശ്വാധിരൂഢഃ പ്രയാതോ
ദാസാഭ്യാം ദൃഷ്ടമാർഗ്ഗോ ദിനകരതനയാ-
കൂലമാപ്തഃ ക്ഷണേന
തത്രത്യസ്സ്വാത്മലോകാദ്വിദിതനിജപിതൃ-
സ്സുദ്ധിസാല്വോഗ്രകൃത്യഃ
പ്രാപ്യൈനം യുദ്ധവിജ്ഞാപനമഥ കൃതവാം-
ശ്ചാപഖണ്ഡാരവേണ. 28

---

പോരുമ പോരിനു പാരമുള്ളോരു ഞാൻ
പോരാടുവാനായി നിന്നെ വിളിക്കുന്നു.
ധീരതയുണ്ടെങ്കിലെന്നോടു മല്ലിട്ടു
പേരെടുത്തീടുക, കാണട്ടെ വൈഭവം.

നാമം ജപിച്ചു ദിനംകഴിക്കും വൃദ്ധ-
നാമെൻെറയച്ഛനെ ഞാൻ ദൂരെയാകവേ
നീ മല്ലടിച്ചു ജയിച്ചുവെന്നുള്ളോരു
കേമത്തമീ ഞാനിരിക്കേ നടന്നിടാ— പോരുമ.

ഉള്ളിലുള്ള മദത്തോടെ നീ കല്ലറ-
ക്കുള്ളിലെൻതാതനെയേററി; സിംഹാസനേ
കൊള്ളാമിരുന്നു;തതിൻഫലമെന്നമ്പു
കൊള്ളുകയല്ലാതെ ഗത്യന്തരം നഹി— പോരുമ.

## രംഗം പതിനഞ്ചു്

ചന്ദ്രാംഗദൻെറ പോർവിളി കേട്ട സാലപൻ അവനെ എതിത്തു വിളിക്കുന്നതു്:

പന്തുവരാടി—ചെമ്പട

ആരുഹ്യാഥ രഥോത്തമം ഭടജനൈർ-
ബ്ബിഭ്രത്കരാളായുധൈർ-
ർന്ത്യൈശ്ച സമാവൃതോ രണഭുവം
സമ്പ്രാപ്യ സാലപാഹ്വയഃ
സാടോപന്തു വരാടികാതിപരുഷാൻ
ദന്താൻ ദശന്നുച്ചകൈർ-
ഗർജ്ജൻതർജ്ജിതതർജ്ജിനിന്നൃപസുതം
രേരേതി രൂക്ഷാക്ഷരം. 29

അടരിന്നെവനാണെന്നെ വിളിച്ചതു
ആടലകത്തെന്യേ—
കൂടലരോടടരാടാനൽഭുതി
കൂടുവതതിചതുരം.

അയ്യോ, തിയ്യിൽപ്പാററകണക്കെ
നീയ്യെന്തിനു ചാകുന്നു— അടരി.

വേണ്ടാത്തതിനു മുതിൎന്നാൽ ഫല-
മിണ്ടൽക്കിടതന്നെ— അടരി.
അണികൾ നിരന്നിട്ടിഹ നില്പൻ; നീ
തുണയെന്നാൽ വാടാ— അടരി.

യുദ്ധപദങ്ങൾ:

ഘണ്ടാരം—മുറിഅടന്ത

നിൎല്ലജ്ജയോയെൻെറ താതനെസ്സംഗരേ
കയ്യിനും കാലിനും ചങ്ങലവെച്ചുടൻ
കല്ലറയ്ക്കുള്ളിലടച്ചവനായതിൻ
തെല്ലു ഫലമിന്നനുഭവിച്ചീടുക.
ഉള്ളിലടങ്ങാത്ത ദുൎമ്മോഹവായ്പിനാൽ
കൊള്ളചെയ്തു നാടടക്കിയ നിന്നുടെ
തുള്ളിത്തുളമ്പും രണവമ്പു കാണുവാ-
നുള്ള മോഹാൽ വന്നു ചന്ദ്രാംഗദനഹം— നിൎല്ലജ്ജ.

പന്തുവരാടി—ചെമ്പട

പോ പോ ബഹുദൂരേ നൃപാത്മജഃ
പോ പോ ബഹുദൂരേ—
ഞാൻതാൻ നിന്നുടെ താതനെ വെന്നു
തുറുങ്കിലടച്ചതു കേൾ.
പകരംചോദിച്ചീടാമോ നീ
പകവെച്ചിഹ വന്നു— പോ പോ.

ഘണ്ടാരം—മുറിയടന്ത

നീതിയും മാനവും മൎയ്യാദയും വിട്ട
ഭൂതലാധീശ, രണത്തിൽ ഞാൻ നിൻഗളം
ഏതും മിടക്കാതറുത്തു രക്തത്തിനാൽ
ഭൂതമോദാൎത്ഥം ബലി നടത്തീടുവൻ— നിൎല്ലജ്ജ.

പന്തുവരാടി — ചെമ്പട

കേൾക്കാനരുതാതെയുള്ളോരു
വാക്കു പുലമ്പാതെ
ചാക്കിൽബ്ഭയമില്ലെന്നാലെന്നോടു
പോക്കണക ജവാൽ— പോ പോ.

ഖണ്ഡാരം — മുറിയടന്ത

പാടവം പോരിനുണ്ടെന്നു നടിച്ച നീ
പേടിയാംമട്ടുരചെയ്തതു കേൾക്കവേ
ഓടിയൊളിക്കുന്ന ഭീരുവല്ലേഷ ഞാൻ
കൂടലർകാലനാണെന്നു ധരിക്ക നീ— നിശ്ചല്ല.

പന്തുവരാടി — ചെമ്പട

താതനോടെന്നുടെ രണവിരുതൊക്കെ
ചോദിക്കുക നീ പോയ്.
നിന്നെയതിന്നായുടനെക്കല്ലറ-
തന്നിലയയ്ക്കാം ഞാൻ— പോ പോ.

യുദ്ധത്തിൽ തോററ ചന്ദ്രാംഗദനെ രക്ഷിപ്പാനായി ശിവനയച്ച നന്ദികേശ്വരൻ വരുന്നു:

മധ്യമാവതി — അടന്ത

യുദ്ധേ ശത്രുപരാജിതഃ പുരജിതം
സസ്മാര ചന്ദ്രാംഗദോ
യാവത്താവദനേന ഹാ, ഭഗവതാ-
ത്രാണായ സഞ്ചോദിതഃ
നന്ദീ തത്ര സമേത്യ വൈര്യപഹൃതൗ
നാഗാശരൗ സ്വസ്യ ഭൂ-
പാലസ്യാന്തികമധ്യമാവതിജവം
കൃത്വാ തമിത്യൂചിവാൻ. 30

വെടികവെടിക വേദനയെല്ലാം ശിവപാദഭക്ത!
വടിവിലറിക നന്ദിയെന്നു മാം.

ചന്ദ്രചൂഡൻ കല്പിക്കയാലൈന്ദ്രസേകന, വന്നു ഞാൻ കേൾ
സാന്ദ്രമോദം പ്രതിപക്ഷകേന്ദ്രമെങ്ങു വിളിച്ചാലും— വെടികം.

ആഹവേ സഹായം ഞാൻ ചെയ്യാമെന്നല്ല ജയിച്ചു
ബാഹുജ, താതനെ വിട്ടുവിക്കാം.

ഭക്തനാകും നിനക്കരിശക്തിയാൽ പെട്ടൊരനത്ഥം
ഭക്തദാസത്വാത്സഹിപ്പാൻ ശക്തനാകുമോ മഹേശ്വരൻ— ()

നീതിവിട്ടു ചെയ്യുന്ന കാര്യം നീലകണ്ഠനുൾ-
പ്രീതിയുള്ളതല്ലെന്നറിക.

ഖ്യാതനാം വൈരിയെയതിനാൽ ഭൂതലാധിപതിസൂനോ!
വീതഖേദം ജയിച്ചു വൻഭൂതിയൊത്തിരിക്ക മേലിൽ— വെടികം.

## രംഗം പതിനേഴ്

സാല്വനെ ജയിച്ചു് അച്ഛനെ വിട്ടുവിച്ച ചന്ദ്രാംഗദൻ ഭാര്യയോടു വർത്തമാനം പറയുന്നു:

കാമോദരി—ചെമ്പട

ജിത്വാ സാല്വമഥാത്മതാതമചിരാൽ-
ബ്ബന്ധാദ്വിമുച്യ പ്രിയാം
സൗമംഗല്യപുനസ്സമാഗമസമു-
ന്മീലത്പ്രമോദാലസാം
ആനീയ ശ്വശുരാലയാന്നിജപുരീം
സീമന്തിനീം താമസൗ
ദൈവാധീനമവർണ്ണയദ്വിപദി ത-
ത്സോമാഹസംസേവയാ. 31

ബാലികേ, സീമന്തിനീമാലികേ, സീമന്തിനീ!
മാലിനീ വേണ്ട ഭാഗ്യശാലിനി, കേൾക്ക വാക്യം.

അന്നു ഞാൻ കളിന്ദജതന്നിലോടംകളിക്കേ
വന്ന വൻകാററാൽത്തോണിയൊന്നാകെ താന്നിതാററിൽ— ()
എന്നാലും ദൈവേച്ഛതാനൊന്നാലെ താന്നുതാന്നു
ചെന്നിതു പാതാളത്തിലെന്നേ പറവാനുള്ളൂ— ബാലികേ.
തന്മൂലം തക്ഷകനായ്ത്തമ്മിൽ മൈത്രി കൈവന്നു
അമ്മഹാൻ ചെയ്ത സാഹ്യനന്മയാലിങ്ങു വന്നു— ബാലികേ.
ഇന്നു നാം തമ്മിൽ കാണ്മാൻവന്നു സംഗതി;-യിനി
ഖിന്നത വേണ്ട; സൗഖ്യം തന്നിടും ദൈവം നൂനം—ബാലികേ.

മറുപടി സീമന്തിനി പറയുന്നു:

ഏരിക്കിലക്കാമോദരി—ചെമ്പട

ഈശപരാനുഗ്രഹമുണ്ടെന്നാൽസ്സാധിക്കാത്തെന്തീ
വിശപത്തിലുള്ളൂ സമ്പാദിക്കേണ്ടതതൊന്നുതാൻ.
ദൈവജ്ഞന്മാരിൽ മുന്നമൊന്നാമൻ ചൊന്നതും
കേവലം മിത്ഥ്യയല്ലയെന്നതും വന്നുവല്ലോ— ഈശപരാ.
ആക്കമേ ശിരോരേഖ മാസ്ക്കാവതല്ലല്ലോ
ദുഃഖത്തിൻ മറുപുറം സൗഖ്യമെന്നല്ലോ കേൾപ്പൂ— ഈശപരാ.
ഈവണ്ണം നന്മ നേടാനാദികാരണയായ
ആ വിശിഷ്ടമൈത്രേയിയെന്നും വന്ദ്യതന്നെ— ഈശപരാ.

## രംഗം പതിനെട്ട്

സാലപശല്യം തീന്ന സന്തുഷ്ടന്മാരായ ബ്രാഹ്മണർ ചന്ദ്രാംഗദനെ ആശീവ്വാദം ചെയ്യുന്നതു്:

പുറനീര്—ചെമ്പട

പ്രശാന്തേ സാലപഭൂപാലശാസനേ ഭൂദിവൗകസഃ
സ്തുഷ്ടുമ്മുദിതാ യൗവഭൂപം സവ്വജ്ഞസേവകം. 32
തീത്ഥപാദ, തേ പാദം തീത്ഥത്താൽദ്ദോഷമുക്തം
പൃത്ഥ്വീതലമിനിമേൽ പാത്ഥിവ, നന്നായ് വാഴ്ക.

അങ്ങിങ്ങില്ലാത്ത വൈരി തുംഗശാസനംമൂലം
ഏങ്ങിനെ കഷ്ടത്തിലായ ഞങ്ങളിന്നോളം വാണു— തീൎത്ഥ.

താതശുശ്രൂഷമുതലേതും വേണ്ടപോൽ ചെയ്തു
പ്രീതനായ് പതിയൊത്തു സ്ഥിതമോദം വാണാലും— തീൎത്ഥ.

അന്തകാരികാരുണ്യാൽ സന്താനമുണ്ടായ്‌വരും;
സന്തതം മംഗളങ്ങൾ സന്തു ഭവതാം നൂനം— തീൎത്ഥ.

* "ചന്ദ്രാംഗദവിജയം' കലി-
ദോഷഹരം ചന്ദ്രചൂഡഭക്തികരം
ആതപവാരണവിപിനനി-
കേതനപതിനാഥേന ശങ്കരേണ കൃതം. 33

ഇതി സമാപ്തം.

---

* ഈ ശ്ലോകം തുടങ്ങുന്ന 'ചന്ദ്രാംഗദവിജയം' എന്ന ഏഴക്ഷരം ഇതു് എഴുതിത്തീൎന്ന ദിവസത്തെ കലിദിനസംഖ്യയാണു്.—സാവനപ്രകാരം 1134 കൎക്കടം 10-ാംനു.

# ശിഖിരാവണവധം

ആട്ടക്കഥ

# വന്ദനശ്ലോകങ്ങൾ

രത്നാഢ്യോദ്യത്‌കനകമകുടാം പാണിപത്മൈർദ്ധാനാം
പത്മദ്വന്ദ്വം വരദമഭയം ഭൂഷിതാം ഭൂഷണൗഘൈഃ
ദേവീം ദേവദ്വിരദകലിതാം സ്വർദ്രുസൂനസ്രഗേഷ്ടാം
പാഥോജസ്ഥാമരുണവസനാമിഷ്ടദാം ഭാവയാമി. 1

രാജദ്രാജതവർണ്ണവന്ദിതതനും
ഹൈരണ്യഡോളാസ്ഥിതാ-
മങ്കാരോപിതവല്ലകീഗുണരണ-
ത്സംഗീതലീലാപരാം
ബാലാദിത്യസഹസ്രരശ്മിമകുടാം
ഗൗരാംബരാലംകൃതാം
മാലാപുസ്തകധാരിണീം ഭഗവതീ
ബ്രാഹ്മീം നമാമീശ്വരീം. 2

കാരുണ്യാപൂർണ്ണചിത്താവധിമതിപിതരാ-
വാതപത്രാടവീന്ദ്രൗ
ശ്രീദേവീ നീലകണ്ഠൗ ഗുരുമപി വചന-
ച്ഛാഗസത്മാധിനാഥം
ആമ്നായാക്ഷീജ്ഞവര്യം സകലഹിതകരം
കൃഷ്ണദാസം മഹാന്തം
മാലാകാരദ്വിജോഹം കവനകൃതമതി-
ശ്ശങ്കരോ ഭാവയാമി. 3

രാവണയുദ്ധമദ്ധ്യേ ഒരു ദിവസം സന്ധ്യക്കു യുദ്ധം നിർത്തിയ രാമനും ലക്ഷ്മണനും:

പുറപ്പാട്—ഭൈരവി—ചെമ്പട

സംഗ്രാമേ സ്വീയവീര്യജ്ഞപിതബലബലം
രാവണം വീക്ഷ്യ താന്തം
ഭൂയോഭൂയോപി ഭൂതാധികതരവിപദാ
ശങ്കിതാത്മീയമൃത്യും

നീതിജ്ഞോ വിശ്രമാർത്ഥം നിശി കിമപി പുരം
പ്രേഷയിത്വാ പ്രദോഷേ
കീശൈശ്ശേക്തോനുജേനാഹവഭുവി സധന്യ
രാമഭദ്രോ വിരേജേ. 4

## രംഗം ഒന്ന്

സ്വരാജധാനിയിൽ സുഖിച്ചിരിക്കുന്ന ശിഖിരാവണൻ വർണ്ണമാലിക എന്ന ഭാര്യയോടു ശൃംഗാരപദം:

പാടി—ചെമ്പട

വിഖ്യാതശ്ശിഖിരാവണോ ദശമുഖ-
ദ്വൈമാതൃകോ ഭാരതീ-
ഭർത്തുർല്ലബ്ധവരഃ സ്വധാമ്നി നിവസൻ
പാതാളലോകേശ്വരഃ
ക്രീഡാസക്തമനാ മരാളഗമനാം
ഭൃംഗാളകാം പത്നിനീ
കാന്താം വീക്ഷ്യ പയോജകുഡ്മളകുചാ-
മിത്യാഹ രക്ഷോവരഃ 2

മാനിനീമണേ, വർണ്ണമാലികേ, കാന്തേ, രതി-
മാനനീയാംഗി, കേൾക്ക—
വാനവരുടെ സാക്ഷാൽ മാനസപ്പൊയ്കയിലുള്ള
മാനമിടിച്ചീസ്സരസ്സാനന്ദം വളർത്തുന്നു— മാനിനീ
കണ്ടാലുമിതൾ കൂമ്പിക്കൊണ്ടൊരബ്ജം വിരിയാത്തൊ-
രിണ്ടലാലൊരു ഭൃംഗം
കൊണ്ടാടിപ്പാടിയുമീത്തണ്ടാർ വിരിയുന്നില
കാന്തനോടിടഞ്ഞൊരു വണ്ടാർവേണിയെപ്പോലെ— മാനിനീ
പാരം മൃണാളവാഞ്ഛ ചേരുന്ന മത്തഹംസീ-
വീരൻ നിൻജഘനത്തിൽ

വൈരിയാം ഹരിയുടെ ധാരണ വന്നമൂലം
ധീരത വെടിഞ്ഞോടി ദൂരവേ മുന്നെത്തന്നെ— മാനിനി

കളഹംസം രമിച്ചുബ്ജദളതല്പേ പതിയൊത്തു
കളർകാറേററുറങ്ങുന്നു.

നളിനശരനുടയ കളിയാമമാകുമാറായ്
പുളകിതമാമെന്നംഗം കിളിമൊഴി, പുണന്നാലും— മാനിനി

ഭാര്യയുടെ മറുപടി:

എരിക്കിലക്കാമോദരി—ചെമ്പട

പ്രേമാനുകൂലം തവ മൊഴിയിതെൻകണവ!
കോമള, വാണീധവസേവക, കൃപാണ്ണവ.

കാമനടന്റെ കേളീയാമം പോഷിപ്പാനായി
സോമൻ ചന്ദ്രികാദീപം പ്രേമാൽ കൊളുത്തുമാറായ്— പ്രേമാ

അംഗം കുളൂപ്പിച്ചീടും മന്ദമാരുതനിതാ
ഭംഗിയായ് വീശിട്ടാർക്കും സംഗമാശ ചേർക്കുന്നു— പ്രേമാ

ഭൃംഗനാദമാം ശംഖതുംഗനാദത്തോടൊപ്പം
മംഗലകരം പികസംഗീതം കേൾപ്പു— പ്രേമാ

ഭർത്തൃപാദസേവയാം പതിമാർക്കുള്ള ധമ്മം,
കത്തവ്യം മറെറാന്നില്ലെന്നെപ്പോഴുമോർക്കുന്നേൻ— പ്രേമാ

## രംഗം രണ്ടു്

മന്ത്രിയും സഹോദരീഭത്താവുമായ കാലദത്തൻ പുത്രനായ നീലമേഘനോടുകൂടി രാജധാനിയിൽ വന്നപ്പോൾ ശിഖിരാവണൻ പറയുന്നു:

ആഹരി—അടന്ത

ഏവം ജായാസമേതസ്സസുഖമധിവസൻ
രാജധാന്യാം കദാചിൽ
പുത്രീം സ്വാങ്കാധിരൂഢാം സ തു രജനിചരോ
ലാളയൻ ഗാഢഗാഢം

പ്രഖ്യാതം കാലദത്തം നിജസവിധഗതം
സോദരീപ്രാണനാഥം
സഖീയാമാത്യാഗ്രഗണ്യം സസ്മിതമിതി വൃഥാ
വാചമൂചേ സലീലം 3

മിത്രമേ, മൽസ്നേഹത്തിൻപാത്രമേ, ചൊല്ലൂ ഏത്തിൽ
പാത്താൽ ഭവദ്ഗൃഹത്തിൽ മത്തുല്യരാർ ലോകത്തിൽ?
കാലദത്ത, കേളെൻറ ബാലയാം രൂപവതിയെ
നീലമേഘനാം ഭവദ് ബാലനേകുവാനോപ്പേൻ— മിത്രമേ
സന്തോഷമാണിതെങ്കിൽ നാന്തമ്മിലുള്ള മൈത്രി
ചിന്തിച്ചാലിന്നത്തെക്കാൾ ബന്ധിക്കമെല്ലോ മേലിൽ— മിത്രമേ
കാലദത്തൻെറ മറുപടി:

മധ്യമാവതി—ചെമ്പട

നിന്മകളെ വേൾപ്പാൻ ഭാഗ്യമോ മത്സുത,നെന്നാൽ
നന്മ വന്നു; പക്ഷേ യോഗ്യമോ
സന്മതേ, നമുക്കീക്കാര്യം സമ്മതംതന്നെയാണല്ലോ
ത്വന്മതത്തിന്നെതിരാമോ മന്മതം നിശിചരകുലവീര— നിന്മ
ജാതിയിൽമാത്രം നാം തുല്യരെന്നുണ്ടെന്നല്ലാതി-
ന്നേതിലുള്ള സാമ്യം കല്യരേ!
ഭൂതിയും വൈരികൾക്കുള്ളിൽ
ഭീതിയും മിത്രങ്ങൾക്കുള്ള-
പ്രീതിയും കൃത്യാകൃത്യത്തിൻ
നീതിയും തവ സമമിഹ നഹി നഹി— നിന്മ
ചാർച്ച പണ്ടേയുണ്ടെന്നായിട്ടും കാര്യമോക്കാതെ
ചേർച്ചയില്ലെന്നാരുമോതിടും
കാഴ്ചയിലെന്നവസ്ഥക്കു താഴ്ചയാമിഗ് ഗൃഹത്തിൽത്താൻ
വാഴ്ചയാം, മാന്യതക്കല്പം വീഴ്ചയാമിതു തവ ഹൃദി കരുതുക— ( )

തദവസരത്തിൽ അശരീരിവാക്കിനാൽ ക്രുദ്ധനായ ശിഖിരാവണൻ കാലദത്തനെ പോരിന്നു വിളിക്കുന്നു:

കേരാരഗൗഡം—ചെമ്പട

സംതൃപ്തസ്സു കാലദത്തവചനേ-
"നാസ്ത്വാം ഭവന്നാശത-
സ്ത്വത്പുത്രീ കില നീലമേഘദയിതേ"-
ത്യാകാശവാണ്യാ പുനഃ
ലജ്ജാരോഷഭയാകുലഃ സപസ്യകുലം
നാമാവശേഷം ക്ഷണാ-
കൎത്തും നിശ്ചിതവാൻ ഗിരം ശ്രുതിശരാ-
മാവൃത്തമിത്യൂചിവാൻ. 4

വാടാ നേരേ നീ നിശാട! നിന്നോടടരിൽ
വാടാതെല്ലുമേ ഞാനെടാ—
കൂടാ കൈതവം ധാൎഷ്ട്യക്കൂടായ ദുഷ്ട, നിന്നുടെ
ആടൽ വിട്ടു രണനാടകം വിരവിലാടിടുന്നൊരു നട!
രണഭുവി നട തരതു വിട പെരിയൊരു വിട!
എട നിശാടമൂഢ— വാടാ.

രേരേ, ചതുരം ചതുരം ദുൎമ്മതേ, നിന്നുൾ-
ത്താരിലുള്ളൊരു വിചാരം.
ക്രൂരനാം നിന്നെ മിത്രസാരമെന്നോൎത്തേൻ; കഷ്ടം
വൈരിയെന്ന കഥയാരറിഞ്ഞു,തിനി നേരേ നില്ക്ക ശൂര!
വിമതവീര, വിഗതധൈര്യ, കഠോര— വാടാ.

എന്നെച്ചതിച്ചു ഹനിച്ചു പാതാളമാകെ-
യ്യൊന്നാം രാജത്വം വഹിച്ചു—
നിൻനന്ദനനെക്കൊണ്ടെൻ നന്ദിനിയെ വേൾപ്പിച്ചു
ഉന്നതസ്ഥിതിയിലാൎന്നിരുന്നിടണമെന്നു നീ കൊതിച്ചു
അതു പിഴച്ചു ഇനി മരിച്ചുകൊൾക— വാടാ.

കാലദത്തന്റെ മറുപടി:

ഖണ്ഡാരം—മുറിയടന്ത

എന്തിവണ്ണമഹോ, കയർത്തു പറഞ്ഞിടുന്നു മഹാമതേ!
ബന്ധമെന്തിതിനെന്നു ലേശമറിഞ്ഞുകൊള്ളുവതില്ല ഞാൻ.
രജനിചര, തവ വിമതനില ഹൃദി കരുതിയില്ലിതുനാൾവരെ
ഭോ ജനേശ്വര, യുഷ്മദന്ത്യമെനിക്കു ദുസ്സഹമല്ലയോ?
കരുതുകയി ഹൃദി സമിതി ബഹുതരസാഹ്യമേല്ക്കുകയെന്നിയെ
പോരുമോ പൊരുതിടുവാനിവനതുലഭടജനസംവൃത?— എന്തി.

കാലദത്തവാക്കിനാൽ സമാധാനമാവാത്ത ശിഖീരാവണൻ വീണ്ടും കയർക്കുന്നു:

കേദാരഗൗഡം—ചെമ്പട

സ്തുത്യം ചൊന്നതു പോരുമേ, നിന്നുടെ മന-
സ്സത്യന്തം ദുഷ്ടമാകുമേ—
ഗത്യന്തരമില്ലിപ്പൊഴപത്യത്തൊടൊത്തു ദുരാത്മൻ!
മൃത്യുമേത്യ സമരത്തിൽ യാമ്യപുരമാപ്യ തത്ര നിത്യം
രമയ; സത്യം കളകിലിത്ഥം സഹ സഹ— വാടാ.

അഥ യുധി ജിതകാശീകൃത്തമാവൃത്തകണ്ഠം
നിശിചരകുലവര്യസ്സവ്യദോഷ്ണാ സരോഷം
അസിമപരകരേണ ഭ്രാമയംസ്തീവ്രമഭ്യ-
ദ്രവ,ദഹഹ, ഭവിഷ്യത്ഭാഗിനം ഭാഗിനേയം. 5

## രംഗം മൂന്ന്

ഭർത്താവും സോദരനും കൂടി പിണഞ്ഞ കഥ കേട്ടു കോപിഷ്ഠയായ ദൂരദണ്ഡിയുടെ പുറപ്പാട്:

സൗരാഷ്ട്രം—മുറിയടന്ത

ഭ്രാതൃഭർത്ത്യരിത്വം ഝടിതി ദൃഢതരം
ശൃണ്വതീ ശോകകോപാ-
ക്രാന്തസ്വാന്താ നിഹന്തും സഹജമഥ പുരഃ
പ്രസ്ഥിതാ ദൂരദണ്ഡീ

ഉന്മത്താ കാളമേഘദ്യുതിതുലിതതനുഃ
കാളരാത്രീവ ഘോരാ
മദ്ധ്യേമാർഗ്ഗം ഭിയാഭ്യാഗതമപി തനുജം
വീക്ഷ്യ ചിന്താപരാഭൂൽ. 6

കഷ്ടം കഷ്ടമിതെന്തൊരു കാലം?
ഇഷ്ടന്മാർ തമ്മിൽത്തല്ലുന്നുവല്ലോ—
ഇത്ര കാലവും മൈത്രിയിൽ വാണവർ
ശത്രുതയേറവുപോയെന്നല്ലോ കേൾപ്പൂ—
ആരുമില്ലയോയിവരെ യോജിപ്പിപ്പാൻ
പോരുമയുള്ളോ,രെന്തിതു കഷ്ടം!
സോദരനായാലെന്തു കണവന്നു
ഖേദമേല്പിച്ചാൽ കാണുമോ കാന്ത ഞാൻ?
നേരെ നിന്നടരാടുകിൽ സോദരൻ
ആരാലും വധ്യനല്ലെന്നു നിർണ്ണയം.
ആകയാൽച്ചതിവേണമതിന്നു ഞാ-
നേകയെന്നിയെ പററില്ല നൂനം— കഷ്ടം കഷ്ടം.

മകനെ കണ്ടിട്ടുള്ള വിചാരം:

ആരാണോററം കരഞ്ഞുംകൊണ്ടെന്നുടെ
നേരിട്ടെത്തുന്ന,തെന്മകനല്ലി?
വൈരമേററുംകൊണ്ടെന്നുടെ സോദരൻ
ആരാൽപ്പിമ്പിലുണ്ടെന്തൊക്കെ ചെയ്യുമോ?

അച്ഛനെ വധിക്കയാൽ മാതുലനെ ഭയപ്പെട്ട നീലമേഘൻ വന്ന് അമ്മയോടു സങ്കടം പറയുന്നു:

ദുഃഖഘണ്ടാരം—മുറിയടന്ത

മാതാവേ, പാഹി മാതാവേ!
മാതുലനാജിതന്നിൽ കൊന്ന താതൻെറ ശിരസ്സോടുംകൂടി
ഏതും ദയയെന്നിയേ നമ്മെ മൃതരാക്കുവാൻ വരുന്നു പിമ്പെ—

ആരുമില്ല തുണചെയ്യാൻ മമ കാരുണ്യമുണ്ടായൊരുവൻ
നേരെ രക്ഷിക്കേണ്ടവർ വൈരിയായല്ലോ വന്നു.

കാലദത്തനെ കൊന്ന ശിഖിരാവണൻ നീലമേഘദ്ദൂരദണ്ഡികളെ കൊല്ലാൻ ചെല്ലുന്നു:

ശങ്കരാഭരണം—മുറിയടന്ത

ഭിയാ കുടീരം ശരണാഗതസ്യ
ശാബസ്യ പശ്ചാദഥ കേസരീവ
അഭ്യേത്യ തത്രാതിരുഷാ സഘോഷം
സ്വസ്രീയമപ്യാഹ നിശാചരേന്ദ്ര. 7

നില്ലു മത്കുലഘാതക, നിഖിലജനനിന്ദ്യ!
നില്ലു മത്കുലഘാതക!—

ചൊല്ലൊള്ളും പിതാവൊത്തു വാഴ്വാൻ കാംക്ഷിയല്ലോ നീ
മത്കരാഹതിമൂലമിനിയുമതിന്നു വഴിവരുമുടനെ ദുഷ്ടര!— ()

അല്പബുദ്ധേ, ദുരാത്മൻ, കേൾക്ക മമ
ചൊല്പടി വെടിയുന്നാകിൽ—

നില്പതെങ്ങവൻ പിന്നെ കല്പാന്തകാലത്തിൽ
ഗോത്രശിരസി വസിക്കിലും
ജലമെത്തുമവിടെയതറിക തവ ഹൃദി— നില്ലു

ദൂരദണ്ഡിയോടു്:

രേരേ ദുഷ്ടേ, കാൺകെടി നീയിത്തല-
യാരുടെയെന്നറിയുമോ?—

ഘോരേ, നീയുടന്തടിചാടുകില്ലെ,ാഴല്ലായ്കിൽ-
പ്പുരിചിലിവരുടെ പെരിയൊരമ്പിയുടെ
ധാരയേററു മരിക്കുമുടനിഹ.

ഭയന്നു ശാന്തശീലയായ ദൂരദണ്ഡി ശിഖിരാവണനോടു സങ്കടം പറയുന്നു:

കാനക്കുറുഞ്ഞി—ചെമ്പട

അരുതേ സാഹസം സോദര, ഏവം
കരുണാശാലിയല്ലോ ഭവാൻ—

വരനെ വധിച്ചതിൽപ്പരമായൊന്നും
വരുവാനില്ലെന്നാലും
മരണമല്ലോ വലുതാർക്കുമതിനാൽ-
ശ്ശരണം പ്രാപിക്കുന്നേൻ.
ബാലനാമിവനോടുംകൂടിയെന്നും
പാലനം ചെയ്തീടുകെന്നെ
ആലംബമറേറാരു ഞാനിതാ, തവ
കാലിണ വഴിയേ തൊഴുവൻ— അരുതേ.

സഹോത്ഥാം സാപത്ന്യാം വിപദി വിപതീം പാദപതിതാം
നിജേ കാരാഗാരേ സുദൃഢതരമാബധ്യ സഹസാ
സധൈര്യം പുര്യാമപ്യഥ നിവസതസ്തസ്യ ജയിനഃ
പദം പ്രാപപ്രൗഢാ ഹൃദയതല ആഹോപുരുഷികാ. 8

## രംഗം നാല്

യുദ്ധത്തിൽ പരാജിതനായ ദശമുഖൻെറ ദൂതൻ ശിഖിരാവണനോടു സാഹായ്യംചെയ്യാൻ പറയൽ:

കാമോദരി—ചെമ്പട

അഥ കദാചന ശത്രുപരാജയാ-
കുലിതചിത്തദശാനനചോദിതഃ
സമുചിതം സമുപേത്യതു കൃതാഞ്ജലീ
രഹസി ദൂത ഉവാച തമീദൃശം. 9

രാക്ഷസാധീശ, ദയാലോ, പാതാളരാജ!
രാക്ഷസാധീശ, ദയാലോ!—
രക്ഷ നല്കുമീക്കഴലഹം വണങ്ങുവൻ വിരവിലനഘം—രാക്ഷസ.
സാരബുദ്ധേ, ലങ്കാധീശപരനാകും പങ്ക്തികണ്ഠനി-
ന്നേരമുൾക്കളമുരുകും മട്ടിലാർന്നതി-
സാരമാം കാര്യം പെരുകും വേഗാൽ ഭാവത്ക്-
ചാരേ കേൾപ്പിപ്പാനിളകും ശ്രദ്ധയാലെന്നെ
അയച്ചു വിരവിനൊടതിന്നതെ-
ന്നുരച്ചിടാമയി മഹാമതേ!
ധരിച്ചിടുക ഹൃദി ജഗത്പതേ!
കുറച്ചൊരപകടമുദിച്ചതേ— രാക്ഷസ.
രാമനും കപികളും കൂടി ലങ്കയിൽ വന്നെൻ-
സ്വാമിയോടേററു പോരാടി ആയതിലിന്നാ
രാമൻ വിജയം കൈനേടിക്കൊൾകയാൽ ഭവ-
ദ്വൈമാതൃകാഗ്രജനാടി എന്നല്ല സൈന്യം
നശിച്ചു നിഖിലവു;മലംഘ്യയായ്-
ജ്ജയിച്ചു ലക്ഷ്മിയുമദൃശ്യയായ്
ഭവിച്ചു; ദശമുഖനൊരുത്തനായ്-
ബ്ഭവിപ്പതെന്തിനി വിപത്തിനായ്— രാക്ഷസ.
ആകയാൽ സൈന്യമൊത്തു ഭവാൻ മേനാഥന്നായ് സാഹ്യം
വൈകാതെ ചെയ്ക വേണമേ നാളത്തെസ്സൂര്യാ-
ലോകനത്തിന്നുമുന്നമേ അല്ലെങ്കിൽ യമ-
ലോകമാശ്രയമാകുമേ അഗ്രജന്നെന്നാ-
ണവസ്ഥയിതു ഹൃദി ധരിച്ചിടാ-
തനാസ്ഥ ചെറുതിനി വഹിച്ചിടാ;
ദൃഢസ്വബലമൊടു പുറപ്പെടാൻ
മുദാസ്ഥയോടിഹ മുതിർന്നിടാം— രാക്ഷസ

ശിഖിരാവണന്റെ മറുപടി:

പന്തുവരാടി—ചെമ്പട

ചതുരം ചതുരം ലങ്കേശപരനുടെ ചതുരംഗപ്പടയെ
മൃതിയിലണച്ചതിനാലെ രാമനു ചതുരത കൈവന്നോ?
അഗ്രജനുള്ളഴലിപ്പോൾ തീർപ്പൻ വ്യഗ്രത കളക ജവാൽ
കൂടെ വരാം ഞാൻ സാരഥിയെ, ഞെൻതേർ കൂട്ടുക വേഗം—ചതു.

രാത്രി യാത്ര ചെയ്യുവാൻപോകുന്ന ശിഖിരാവണനെ ഭാര്യ മാതംഗി തടുക്കുന്നു:

വേകട—ചെമ്പട

സത്രാസം ക്ഷണമവതും പുലസ്ത്യപൗത്രം
സത്രാ സൗഭ്രതകവരേണ യാതുകാമഃ
യാവത്തം സവിധമുപേത്യ താവദേവം
മാതംഗീ മധുരഗിരാ രുരോധ കാന്തം. 10

വല്ലഭ, ഭോ വല്ലഭ, വല്ലഭതൻ വല്ല ഭാഷയല്ലിതു
നല്ലാർചൊല്ലു കേൾക്കൽ നന്നല്ല ചൊല്ലുകൾക്രുനം
കല്യ കില്ലില്ലെന്നാലും കേൾക്കുക.
അല്ലിലിപ്പോൾപ്പോകുവാനാ-
യല്ലയോ മുതിരുന്നു നീ?
അല്ലലിതിന്നെന്തൊന്നു തേ ഭവിച്ചു?
ചൊന്നാലതു ഞാനൊഴിച്ചു; സുഖമൊടണച്ചു-
തരുവനരച്ചു; രമയയിവളെ നിനച്ചു— വല്ലഭ.
രാമനു വിരോധത്തിനെൻ-
പ്രേമപാത്രമേ, പോകായ്ക
ആ മഹാൻ മർത്ത്യനോ? സാക്ഷാൽ ഹരിയാം
പങ്ക്തികണ്ഠനുള്ളരിയാം, എന്നതറിയാം
അവനു തുണയാം, നല്ലതതിനു തുനിയാം— വല്ലഭ.

രാവണസഹോദരനും രാമനെ സേവിച്ചുനില്പൂ
ആവതുണ്ടെങ്കിലവൻ നില്ക്കുമോ?
നമ്മൾ മർത്ത്യരെ കൂപ്പുമോ? കേൾക്ക ചിതമോ?
കണവ, ജഡമോ? അവനിതൊരു തെളിവാമോ?—വല്ലഭ.

താരതൻചൊൽ തള്ളിപ്പോയ ബാലി യുദ്ധേ മൃതനായി
സ്ത്രീകളിൽ ചിലപേർ കാര്യം പറയും
കേൾക്കും പുമാനു വഴിയും; നല്ലതണയും;
അതിനു തിരിയുന്നവനു കെടുതി പിണയും— വല്ലഭ.

ശിഖിരാവണൻ ഭാര്യയെ പറഞ്ഞു സമാധാനപ്പെടുത്തുന്നു:

ആനന്ദഭൈരവി—ചെമ്പട

അത്ഭുതമത്യത്ഭുതം നിന്നുൾഭയമബലാമണേ!
രാഘവൻ തീരെ മർത്ത്യനാം—

ബാലി മജ്ജാമാതാവിന്നു മീനമൂണക്കന്നവനാം— രാഘവൻ.

രാവണനരിയായ്നില്പോരു രാമനീ
രാവണനിരയാകുന്നതു കാണാം— രാഘവൻ.

എലിയൊടു ശൗര്യമെടുക്കും പൂച്ചകൾ
പുലിയെക്കണ്ടാലോടുകയില്ലേ— രാഘവൻ.

ഭീതിയുമഴലുമൊഴിച്ചു വസിക്കുക
ശാതോദരി, ഞാൻ പോയിവരുന്നേൻ— രാഘവൻ.

പോക ദൂത, വേഗം മയാ സാകം തേരിൽക്കേറീടുക
ദശമുഖമൂതിയുടെ മുമ്പെത്തന്നെ
ദശരഥസുതരെ മറപ്പതു കാണാം— രാഘവൻ.

## രംഗം അഞ്ച്

യുദ്ധത്തിൽ അപജയം പ്രാപിച്ച ദശമുഖരാവണൻ ദൂതൻ കൊണ്ടുവന്ന ശിഖിരാവണനോടു വർത്തമാനം പറയുന്നു:

ദുഃഖഖണ്ഡാരം—അടന്ത

ഇത്ഥം നൂതനഭൂതഗോപ്രസരതഃ
പ്രോത്ഫുല്ലവക്ത്രാംബുജേ-
നാനേനാശു ഗതസ്തതോ രഥവരം
സംരുഹ്യ ലങ്കാമസൗ
തം ദൃഷ്ട്വാഥ യഥോചിതം ദശമുഖ-
സ്സത്കൃത്യ സമ്മാനയ-
ന്നാസന്നാതിവിപന്നിജാം ബഹുഭിയാ
വിഖ്യാതവാൻ ഖ്യാതവാൻ. 11

ബലിപുരേശ, കേൾ നലമൊടെൻവാക്കുകൾ
പലവിധമായ് വളരുന്നു മനസി ഭയമിന്നു—

നരനൊഴിച്ചാരാലും വധ്യനാ-
കരുതെന്നപേക്ഷയധുനാ
പുരുദോഷമായി നാനാ-
തരമായ്‌വരുന്ന വിപത്തിനാൽ— ബലി

കാലകാലദേവൻെറ
കാലിണ പണിയുമെൻെറ
കാലദോഷമൊട്ടിന്നു
ആലോചിക്കേണ്ടിവന്നു— ബലി

വാനരരാകും പുരു-
സേനയോടൊന്നിച്ചൊരു
മാനുഷകീടം രാമൻ
ഈനിശാചാരിഭീമൻ— ബലി

ലങ്കയിലെത്തിഞ്ചിഷ്ഠ
കെങ്കേമപ്പടയിൽ ഞാൻ
സങ്കടത്തിലായ്സ്സൈന്യ-
മൊക്കെയും നശിക്കയാൽ— ബലി

നാളത്തെ യുദ്ധംതന്നിൽ
നാളെയെന്നേന്ന്യേയെന്നെ
കാലനുക്ക്യേഷ്ഠുമ-
ല്ലെങ്കിൽ ഞാൻ വണങ്ങണം— ബലി

ആകയാൽ ഭവാനിന്നു
രാമനെജ്ജവാൽക്കൊന്നു
വൈകാതെ രക്ഷിക്കേണം
ശോകതപ്തനാമെന്നെ— ബലി

ശിഖിരാവണൻെറ മറുപടി:

സൗരാഷ്ട്രം—ചെമ്പട

കരുതരുതുരുഖേദം മമ പൂർവ്വജ
കുരു കുരു പരിമോദം

പെരിയ ഗിരീശഗിരീശനെയറിയോ-
രുരുഭക്ത്യാ പൊന്തിച്ചവനറിയോ?
നരനിതു വിസ്മയമാധൃതിമതിയോ-
ടേറവു പൊരുതി വിജയിപ്പൻ, മതിയോ— കരുതരു

പോരിൽപ്പോരുമ പോരാത്തവരെ
പാരം കൊന്നതിനാലീ നരരെ
ആരോ വാഴ്ത്തുവ,തിവരെൻചാരേ
പോരുമെങ്കിലണയട്ടെ സമരേ— കരുതരു

നാളെയുദിക്കും മുമ്പെബ്ബലിയാം
കേളിയെഴും രാഘവനാൽബ്ബലിയാം
കേളെൻകാളിക്കിതു ജയവഴിയാം
വാളിതാണു പരമാർത്ഥമിതറിയാം— കരുതരു

ഞാനൊററയ്ക്കു രണാങ്കണമാൎന്നാ
മാനുഷരെയൊളിവാക്കീടുന്നേൻ
ദീനത വേണ്ട ഭവാ,നെന്തെന്നാൽ
മാനനീയ, കൎത്തവ്യമിതെന്നാൽ— കരുതരു

## രംഗം ആറു്

ശിഖിരാവണദശമുഖന്മാരുടെ ഗൂഢസംഭാഷണം ത്രിജടമുഖേന അറിഞ്ഞു മരുത്തു പറഞ്ഞറിഞ്ഞ വിഭീഷണൻ ഹനുമാനോടും സുഗ്രീവാംഗദന്മാരോടും വൎത്തമാനം പറയുന്നു:

ഭൈരവി—ചെമ്പട

ആശ്വാസ്യേതി ദശാസ്യമാത്മനിലയം
യാതേ യദാസൌ രുദാ
തദ്വൃത്തം ത്രിജടാപ്രചോദിതമരു-
ദ്വാക്യേന വിജ്ഞാതവാൻ
ജ്യേഷ്ഠാനിഷ്ടമനാഃ പ്രഭഞ്ജനസുതം
സുഗ്രീവമപ്യംഗദം
ഗൂഢം പ്രാഹ വിഭീഷണോ രഘുവരാ-
പായൈകഭീത്യാകുലഃ. 12

ഭൈരവി—ചമ്പ

കേൾപ്പിൻ വചനം കപീശ്വരരേ!
ഓൎപ്പിൻ കഴിവധുനാ—
ഇപ്പോൾ ഗൂഢം മരുത്തു ചൊല്ലിയ-
തല്പം ദോഷം ഭയാനകം താൻ.
ഉൾപ്പൂവിലോൎപ്പാൻപോലും നമ്മൾ-
ക്കരുതെന്നാലും പറയാം ഞാൻ— കേൾപ്പിൻ
വിരോധിയാകിയ ദശമുഖനിയലിന
പരാജയത്താലാധിമുഴുത്തി-
ട്ടരക്ഷണാൽത്തൻതമ്പി രസാതല-
വരിഷ്ഠനാം ശതമുഖനെ വരുത്തി

പരസ്പരം ചെയ്താലോചനയിൽ-
പ്പരോക്ഷമായ് രഘുവരരെയെടുത്തി-
ട്ടരം ഹനിക്കാമെന്നായ് ശപഥം
നിരാകുലം നിശിചാരി നടത്തി— കേൾപ്പിൻ

അതിന്നു രാത്രിയിലാണത്രേ, നാ-
മതുകൂടാതെ കഴിക്കേണം
അതിന്നു വേണ്ടും കൗശലമെല്ലാം
കൂട്ടീട്ടിഹ നാം കാക്കേണം.

അതിമായാവി ശതാനനനെന്നതു
സകലരുമിന്നു ധരിക്കേണം.
ചതിപെട്ടാൽപ്പുനരില്ലൊഴിവെന്നായ്-
പ്പുരിചോട്ട കണക്കാക്കേണം— കേൾപ്പിൻ

അംഗദൻ പറയുന്നു:

ശങ്കരാഭരണം—ചെമ്പട

ഇക്കാര്യമോർക്കുംതോറും ദുർഘടമായ്ത്തോന്നുന്നു
കാക്കുവാനിതിൽ വെറും മർക്കടൻ പോര നൂനം
രക്ഷോമായയിൽനിന്നു രക്ഷണംചെയ്‌വതിന്നു
ദക്ഷൻ മാരുതിയെന്നു സൂക്ഷ്മം, അന്യരാരിന്നു?— ഇക്കാര്യം

സുഗ്രീവൻ പറയുന്നു:

സാരംഗം—ചെമ്പട

ജയ ജയ കപിവീര, ജയ ജയ ഹനുമൻ, ശൂര!
ജയലബ്ധിക്കായിപ്പോരാ വയ,മങ്ങേ പോരു, വീര!

വാലിനാൽ ഭവാനുരുശൈലസദൃശപുര-
സാലാവൃതയായൊരു ശാല രചിച്ചേ തീരു— ജയജയ

രാമലക്ഷ്മണന്മാരെ നാമതിലാക്കി ദ്വാരേ
ക്ഷേമമായ്ക്കാക്കാം തീരെ യാമിനി തീരുംവരെ— ജയജയ

ചാലേ ജാംബവാൻതാനും നീലനും കുമുദനും
ബാലിനന്ദനൻതാനും നാലുദിക്കും കാക്കേണം— ജയജയ
ആട്ടവും വാദ്യങ്ങളും പാട്ടും പോർവിളികളും
കൂട്ടുവിൻ വേണ്ടുവോളം കൂട്ടാ കൺ പുലരുവോളം— ജയജയ

## രംഗം ഏഴു്

വാനരസാഹ്യാത്ഥം ദേവേന്ദ്രൻ പറഞ്ഞയച്ച ദേവസ്ത്രീകൾ തദന്തികത്തിൽ വന്നു വിനോദിക്കൽ:

ഉശാനി—മുറിയടന്ത—കുമ്മി

അഥ വാസവചോദിതാപ്സരഃ
കൃതവാദ്യത്രയഘോഷിതം ഗൃഹം
കപിരക്ഷിതമച്യുതാശ്രിതം
ശുശുഭേ വായുജപുച്ഛനിമ്മിതം 13

ഗീർവ്വാണശ്രേണിതന്നാഥനുടെ
ഗീർവ്വഹിച്ചാദരവോടുകൂടെ
ഉർവ്വരചേരേ നാമിന്നത്തെ-
ശ്ശർവ്വരി തീരെ തീരുംവരെ
സാർവ്വേശ്യമാരേ, ചാതുര്യത്താൽ
നിർവ്വർണ്ണ്യമാരേ, പാടീടേണം.

നിർവ്വാദമനിർവ്വാച്യമപൂർവ്വം പ്രതിപർവ്വം ജവ-
മുർവ്വശീ! മേനകേ, രംഭേ, തിലോത്തമേ!
സർവ്വരുമൊത്തുകളിക്കണം നാം.

സാരസനേത്രേ, നീ രാഗംതന്നിൽ
സാരസമേതം പാടീട്ടു മുന്നിൽ.

നീ രസമെന്യേ നീലാളകേ!
നീരസകന്യേ, സംഗീതജ്ഞ
വീരസുമാന്യേ, ശാരീരത്താൽ
ധീരസം ധന്യേ, കേൾക്കുംതോറും

പാരം ബഹുവാരം ജനവാരത്തിനു ചേരുംപടി
സാരിയെന്നാദിയായെന്നല്ല കൂടവെ
സാരിയെടുത്തു കളിച്ചിടേണം.

ചമ്പട, പഞ്ചാരി, തൽത്രിപട,
ചമ്പ,ടന്താദിയാം താളങ്ങളിൽ

പന്തുവരാടി, തോടി, ഗൗളി-
പ്പന്തു, വരാടി, നാട്ട, ഭൈജാ-
വന്തി, നൽപ്പാടി യേവം സുഖ-
മേന്തവേ പാടീ രംഗംതന്നിൽ.

ചന്തം ബഹു ചിന്തുംപടി പൂന്തേന്മൊഴി സന്തോഷമൊ-
ടന്തരമെന്യേ നാം വാനരസാഹ്യാർത്ഥ-
മന്തിയിലിന്നു കളിച്ചിടേണം.

സത്യൈവം തത്ര ഗത്വാ ബലിഭവനപതി-
ർമ്മായയാതക്ഷപായാം
വേഷം സ്വീകൃത്യ വൈഭീഷണമനിലസുതോ-
ത്തുംഗബാലാലവാലാൽ
ഗൂഢം ഭല്ലൂകമുഖ്യൈർബ്ബഹുഭിരഭിവൃതാ-
ദ്രാഘവൗ സ്വീയഗേഹേ
നീത്വാ കാളീസമീപേ കപചനനിഹിതവാ-
നാസ്ഥയാ തത്ര തസ്ഥൗ. 14

## രംഗം എട്ട്

ലാംഗൂലാലവാലത്തിൽ കടന്നുനോക്കുവാനാഗ്രഹിച്ച വിഭീഷണൻ ഹനുമാനോട് ചോദിക്കുന്നു:

ധനാശി—ചെമ്പട

സുഗ്രീവാദിസമാവൃതം നിജമഹാ-
ലാംഗൂലകൂലങ്കഷ-
പ്രോത്തുംഗാകലിതാലവാലബലിസ-
ത്മേന്ദ്രാഹൃതസ്വാമിനം

തത്രസ്ഥോഥ വിഭീഷണോഗ്രജമഹാ-
തന്ത്രപ്രയോഗാൽപരം
ഭീതാ പ്രാഞ്ജലിരാഞ്ജനേയമവദ-
ച്ഛ്രീരാമഭക്തോത്തമഃ 15

ധീരമതേ, പവനതനയ, ദൃഢവൃത്യാ തവ മമ
ധീരമതേ.

ഈ രണത്തിൽ ഭവാനെന്ന്യേ

വിമതരുടയ കളവറിവതിനി-

ന്നേരമൊരുവനുമില്ലയെന്നതു

കില്ലൊഴിച്ചു പറയാമിവനധുനാ— ധീരമതേ.

വീര, വാനരനാഥ, തേ രഘുവീരരക്ഷണമിക്ഷണം, രണാ-
ശ്ശൂരരന്യരിരിക്കിലും, ശരി തീരെയായവരാലശക്യം.

വൈരിയാം ശതകന്ധരൻ നിജഘോരമായകൾകൊണ്ടനർത്ഥമ-
പാരമായുളവാക്കുമോ? കഥയാരറിഞ്ഞിതു ദൈവമേ ഗതി—ധീര

വാലുകൊണ്ടു ഭവാനതിവബലാലയന്നൊരു സാലമൊത്തു വി-
ശാലമായ് വിരചിച്ചതിൽസ്സുഖശാലിയോ രഘുനായകൻ

എന്നു നോക്കണമിപ്പൊഴിങ്ങിവനെന്നു തോന്നുവതുണ്ടു പാരമ-
തിന്നനുജ്ഞ തരേണമായതിലുന്നതാശയദോഷമെന്തിഹ—ധീര

ഹനുമാൻ വിഭീഷണനോടുള്ള മറുപടി:

വൃന്ദാവനസാരംഗം—ചെമ്പട

വിമലമാനസ, വിഭീഷണ, ഭോ
വിനയാംഭോധി, വിഭോ!

വിമതമായയാലൊന്നുമേ പററിടാ
വാനരരയി വിരവോടിഹ കാക്കുവോർ— വിമല.

കിമർത്ഥമിപ്പോൾ കോട്ടയ്ക്കുള്ളിൽപ്പോവതും
അല്പം മുമ്പല്ലേ പോയതും എപ്പോഴും പോയാൽ വല്ലതും
വൈഷമ്യമാകുമെന്നതും കരുതുക തവ ചേതസി— വിമല.

വിഭീഷണൻ വീണ്ടും പറയുന്നു:

സുരട്ടി—ചെമ്പട

ചതിയെന്നാൽപ്പാററിയെന്നു നിണ്ണയം മായയാൽ
ഹതരായ് നാം ഹന്ത ഹന്ത, വാദമതിനു ലവലേശവുമില്ല— ()
ഇതിനകമിതിനകമൊരു കുറി പോവാൻ
മതിയിൽക്കരുതിയില്ലെന്നു കണിശമായ്ച്ചൊൽവൻ
അതിയായ്വന്നാപകടമഖിലവുമറിവാൻ
ധൃതമിനി തുനിയുക പവനസുത, ഭവാൻ— ചതി.

തതോ രഘുകുലോത്തമൌ പ്രണതപാലകേഷൂത്തമൌ
നിഗൂഢമഭിരക്ഷിതാവനഭിവീക്ഷ്യ തത്രാത്മനാ
പ്രഭഞ്ജനതനൂത്ഭവം വിവശമൂ ചതുസ്സംഭ്രമാ-
ദ്ദിവാകരസുതാംഗദാവഥ വിഭീഷണോ ഭാഷിതം. 16

തിരഞ്ഞിട്ടും രാമനെ കാണാഞ്ഞു വിവശനായ ഹനുമാനോട്ട് അംഗദൻ പറയുന്നു:

പുന്നാഗവരാളി—മുറിഅടന്ത

കഴിവെന്തൊന്നിനി പവമാനനന്ദന:
പാഴിലായിതേവരെ ചെയ്തുള്ളതെല്ലാം—
മിഴി രണ്ടുമടയ്ക്കാതെ കാക്കവേ രാക്ഷസ-
കഴിയൻ നമ്മളെ, ഹാഹാ, ചതിച്ചുപോയിപ്പോൾ— ()
മേലിലിന്നതാം വേണ്ടതെന്നു ചൊൽവാൻകൂടി
മേലാതായ് വാക്കുമാധിമൂലമിയ്യിവനിപ്പോൾ.
കാലോചിതംപോലെ വേണ്ടതൊക്കെയും ഭവാ-
നാലോചിച്ചു ചെയ്താലു,മരുതേ കാലവിളംബം— കഴി.

സുഗ്രീവൻെറ രാമാന്വേഷണകല്പന:

സൌരാഷ്ട്രം—ചെമ്പട

ഞൊടിയിടയും വൈകാതേവരും
തേടീടേണമെങ്ങും—

1575

ഉടനുടനഖിലരുമഖിലദിക്കിലുമെത്തി-
ത്തുടരുക തിരയുവാൻ പരിശ്രമം പരിചോടെ
മനുജാരി ദശകണ്ഠന്നനുചാരി ശതകണ്ഠ-
നനുകൂലിയായി നമ്മെച്ചതിച്ചുവെന്നിരിക്കിലും
മനസി ഭയമിയ്യിവന്നണുപോലുമില്ല നൂനം
വനധി തരിച്ച ഭവാനരികത്തിരിക്കമൂലം— ഞൊടിയിട.

ഖേദിച്ചിരിക്കുന്ന ഹനുമാനോടു വിഭീഷണൻ വഴി പറയുന്നു:

മലഹരി—ചെമ്പട

മാരുതേ, ഖേദമേവമരുതേ—
ഹൃദി വെറുതേ—
ഭീരുതയാനാൽപ്പിന്നീടാരു തെല്ലിതിൽ ധീരൻ— മാരുതേ.
ജ്യേഷ്ഠനെ വിട്ടു രാമന്നിഷ്ടനായോരെൻജന്മം
നഷ്ടമായ്ക്കഷ്ടം മഹാകഷ്ടമീച്ചൗര്യംമൂലം
മറ്റേതും ശങ്ക വേണ്ട, മാററലർ ശതകണ്ഠൻ
കട്ടവ,നവനെക്കണ്ടുകിട്ടുവാൻ തിരകയേ വേണ്ടൂ— മാരുതേ.
അവനെ നാം തുനിഞ്ഞോരപ്പുവനേശിതാക്കന്മാരേ
അവനെങ്ങോ? മരിച്ചിതു ശിവനേ,യാക്കറിഞ്ഞീടാം?
അനന്തവും പാതാളവുമനന്തയും തിരഞ്ഞാലേ
അനന്തരേ ലഭിച്ചീട്ടു അനന്തവിക്രമ, വിഭോ!— മാരുതേ.
വിപുലയിൽനിന്നവൻെറ വിപുലയാം പുരി പൂകാൻ
കപിവീരമാർഗ്ഗം ദുർഗ്ഗമപി കേൾ വഴി വഴിയെ
വാരിധിമധ്യേ നില്ക്കും വാരിജനാളത്തൂടെ
വീര, പോയാൽ തത്പുരി ചേരും മററില്ല മാർഗ്ഗം— മാരുതേ.

ഹനുമാൻ ധൈര്യത്തോടുകൂടി വിഭീഷണാദികളോടു മറു-
പടി പറയൽ:

മധ്യമാവതി—ചെമ്പട

സങ്കടംകൂടാതെ വാഴുവിൻ സശ്രദ്ധമിപ്പോൾ
ശങ്കരാം മദ്ഗിരം കേൾക്കുവിൻ—

ശങ്ക വേണ്ട, രാമദേവൻതൻകൃപാവിശേഷം ലേശം
എങ്കലുണ്ടെങ്കിലീച്ചോരൻതൻ കഴുത്തറുപ്പൻ സത്യം— സങ്കടം.

തീൎത്ഥപാദപാദതീൎത്ഥത്താലക്ഷ്ണോയശ്ല്യം
തീൎച്ചയായ് ഞാൻ നാളെ നല്ലുന്നേൻ.

വ്യൎത്ഥമോ മാരുതിവാക്യം? അൎത്ഥമുള്ളതെന്നറിവിൻ,
ധൂൎത്തനാമവനാലാക്കമാൎത്തിയുള്ളതമൎത്തുന്നേൻ— സങ്കടം.

നിങ്ങളിപ്പോൾക്കളം വിടാതെ നില്പിൻ; ഞാൻ പോയി
എങ്ങുമേ തേടുവൻ മടിയാതെ.

സംഗതിയുണ്ടായി നാളെസ്സംഗരം രാമനോടൊത്തു
ഭംഗമെന്ന്യേ ചെയ്തു വിജയതുംഗകീൎത്തി നേടാം നൂനം— ()

ഇത്ഥം സമാശ്വാസ്യ ഗദാം ഗൃഹീത്വാ
ക്രോധാതിരേകാരുണനേത്രയുഗ്മഃ
പ്രസ്ഥായ കാകുൽസ്ഥകൃപാപയോധി-
ന്നാവ രാമം പഥി വാവമാനി. 17

ഗദയെടുത്തു ശിഖിരാവണനെത്തേടുവാൻ പോകുന്നമദ്ധ്യേ വഴിക്കു ഹനുമാൻ രാമനെ സ്തുതിക്കൽ:

തോടി—അടന്ത

രാമ, രാമ, മത്സ്വാമിൻ, രമയ
രമണീയകൃതമായ, മേ ഹൃദി തമാലകായ!

സീമയറേറവ,മഹോ, പരീക്ഷിച്ചു
ധീ മയക്കുവാനെന്തൊരവകാശം— രാമ.

ഭുവനങ്ങൾ മൂന്നുമെന്നും ഭരിച്ചുപോരും നിൻെറ
അവനത്തിന്നോൎത്തോൻ മാനം കുറച്ചു പോരും
ഇവനിപ്പോഴതിൻമട്ടായ്ക്കുറച്ചു പോരും പാൎത്താൽ
തവ കാരുണ്യമെന്നാകിൽജ്ജയിച്ചു പോരും— രാമ.

ഇനി വേണ്ടുന്നവയെല്ലാം തിരിച്ചീടേണം നന്നേ
കനിവെന്നിൽ ഭവാനെന്നും ഭവിച്ചീടേണം.
മുനിവന്ദ്യ കാര്യമെല്ലാം ലഭിച്ചീടേണം സത്യം
തനിയെത്താനെന്നകത്തിലുദിച്ചീടേണം— രാമ.

ജലരാശി ജവം ചാടിക്കടന്നതിലും മരുന്നു-
മലയും വഹിച്ചു നിങ്കലണഞ്ഞതിലും
വലുതായ കീൎത്തി നേടി നടന്നതിലുംവെച്ചു
ബലുമായ കീൎത്തി വേണമിവന്നിതിലും— രാമ.

ദണ്ഡകം

ഇത്ഥം രഘൂത്തമനൊടൎത്ഥിച്ചു കാര്യപര-
മാൎത്ഥം ഗ്രഹിപ്പതിനൊരുങ്ങീ
അഥ ഗതി തുടങ്ങീ ആശ്രുധൃതി പൊങ്ങീ.

അനിലസുതനഖിലദിശി വിരവൊടു തിരഞ്ഞൊട്ടവിൽ
കാണാഞ്ഞു കിഞ്ചന കുഴങ്ങീ—

വൈഭീഷണോക്തി ഹൃദി ശോഭിക്കയാലഥ നി-
ജാഭീഷ്ടസിദ്ധിയുടെ മാൎഗ്ഗം
അഖിലജനദുൎഗ്ഗം ബിസവിവരമാൎഗ്ഗം

അറികെയതുവഴിയെയധോഭുവനമണവാനണകെ
കൂടീ സരോജദളവൎഗ്ഗം—

തണ്ടാർവരൻെറ തടി കണ്ടാവുവെന്ന നിന-
വാണ്ടായവൻ തപമിയന്നു,
തരണി തെളിവാൎന്നു തത്ര ഭുവി വന്നു;

വിവിധതരവരമവനു നല്കി നളിനം വിടൎത്തി
വേഗാത്തതഃ പുനരകന്നു—

ശ്രീവായുപുത്രനണിമാവാൽബ്ബിസത്തിനക-
മാവാപ്യ ചെന്നു ബലിലോകം
വിജിതസുരലോകം വീതപരിശോകം.

ബലിനിലയപതിയുടയ പുരി കനകമയമവിടെ
കണ്ടെത്തി മോദമൊടു സാകം—
കൊട്ടാരമോടികളിലൊട്ടാകവേ മിഴികൾ
വിട്ടാറെ വിസ്മയമുദിച്ചു;
കഴിവഥ നിനച്ചു, കിഞ്ചന വസിച്ചു—
പുനരവനാപ്പുരിതന്നകം പൂകുവതിനായ്ത്തുനിഞ്ഞു
ദ്വാരത്തിലമ്പൊടു ഗമിച്ചു—

## രംഗം ഒമ്പതു്

ശിഖിരാവണന്റെ ഗോപുരം കടക്കുവാൻ ശ്രമിച്ച ഹനുമാനെ തടഞ്ഞു മത്സ്യവല്ലഭനോടു ഹനുമാന്റെ പൊർക്കുവിളിയും യുദ്ധപദവും:

ആഹരി—ചെമ്പട

പശ്യാമ്യത്ര മഹത്തരം മണിമയ-
ദ്വാരം തതോ യാമ്യനേ-
നൈവം നിശ്ചിതവാൻ സദാഗതിസുത-
സ്തത്രാഗതോ വേഗതഃ
രുന്ധാനം ഗതിമാത്മനോരണഹൃതാ
മിത്രാദ്യശക്തം മഹാ-
ദ്വാസ്ഥം വീക്ഷ്യ സ മത്സ്യവല്ലഭമുവാ-
ചായോധനോത്സാഹിതം. 18

മദ്ഗതിയെ തടുക്കുവാൻ
തക്കവനേവൻ?
ഊക്കുണ്ടെങ്കിൽ നേർക്കെതിർക്കാം
ചാക്കിൽ ഭയമെന്ന്യേ— മദ്ഗതിയെ.

മത്സ്യവല്ലഭന്റെ പദം:

ഭയമില്ലണുവിനു നിന്മട്ടായൊരു
നൂർപേർ വന്നാലും—

സ്വയമേവടർചെയ്യേവരരയും യമ-
പുരി ഞാൻ ചേർത്തിടുവൻ— ഭയമില്ല.

ഹനുമാൻെറ പദം:

പോട പോ നിൻതമ്പുരാനെ
ആടലെന്ന്യേ കൊല്ലുവാനാം
കൂടലർകാലനാകും ഞാൻ
പോകുന്നതിപ്പോൾ— മദ്ഗതിയെ.

മത്സ്യവല്ലഭൻെറ പദം:

ആവതല്ലാത്തതിന്നെന്തി-
ന്നേവം മോഹിക്കുന്നു ഹന്ത!
പോവാൻ ഞാനയയ്ക്കില്ലല്പം
ബോധമുള്ള നാം— ഭയമില്ല.

ഹനുമാൻെറ പദം:

പോക്കില്ലാതിഹ ശീക്കെന്തിനു പട്ട-
താർകളും ജനമതു പാർക്കുക തവ ഹൃദി
പാക്കാതെന്നുടെ നേക്കിഹ നേക്കാ-
തേല്ക്കുക പോക്കുഴുനാ— മദ്ഗതിയെ.

മത്സ്യവല്ലഭൻെറ പദം:

പോരും പോരും പെരുമ പറയുവതു;
പോരുന്നവനിതു പോരാസ്സ പരം.
പോരിൽപ്പോരുമ പെരുതായ്ക്കാട്ടുക
പൊരുതുക പാരാതെ— ഭയമില്ല.

രണവല്ലഭ മത്സ്യവല്ലഭ-
ക്ഷപിതാശേഷബലോനിലാത്മജ!
പതിതസ്സമധിക്ഷിതിക്ഷതാ-
വയവോവാചത ഗദ്ഗദാക്ഷരം.

യുദ്ധത്തിൽ ക്ഷീണിച്ചു വീണ ഹനുമാൻ മത്സ്യവല്ലഭനോടു ചോദിക്കുന്നു:

ദ്വിജാവന്തി—ത്രിപുട

പാരിടേഴിലും‌വെച്ച സാരമായീടും മഹാ-
വീര, നിന്നെ ഞാൻ ലേശമറിഞ്ഞില്ലല്ലോ.
ആരെന്നു പറയേണം പേരു പാരാളും നൂനം
ആരുടെ സുതനെന്നും നേരായെന്നോടിപ്പോൾ—

മത്സ്യവല്ലഭൻ പറയുന്നു:

കേദാരഗൗഡം—ചെമ്പട

കുശലം ചോദിപ്പാനായുള്ളൊരു
സമയമിതോ കുമതേ?
ജാതിപ്പേരും പേരും ചോദിച്ചാതിഥ്യാൎത്ഥം തുനിയാതെ
ആജിക്കായിത്തുടരുക നീ ബഹുപൂജിതനെന്നാകിൽ— കുശലം.
മത്സ്വാമിയെക്കൊലചെയ്യാനുത്സാഹിക്കും നീയിഹ
തത്സ്വാമിതൻ ദ്വാസ്ഥൻമൂലംതോറ്റെന്നോ ഹാഹാ!!—കുശലം.

ക്ഷീണിച്ച ഹനുമാൻ വീണ്ടും ചോദിക്കുന്നു:

പുന്നാഗവരാളി—മുറിയടന്ത

പരിഭവം കരുതരുതേയെന്നോടിദാനീം
പരമാൎത്ഥം പറഞ്ഞാലും കളഞ്ഞാലും വൈരം.

മത്സ്യവല്ലഭൻ തന്റെ വൎത്തമാനം പറയുന്നു:

ശങ്കരാഭരണം—മുറിയടന്ത

എങ്കിലോ കേട്ടാലും ശതവദനനുടെ
കിങ്കരനായ് വസാമിയിവിടെ—
ലങ്കാദാഹകനാകും മാരുതിതന്നുടെ
നന്ദനനെന്നതുമറിക ഏത്തിൽ നിന്നുടെ

ഹനുമാനങ്ങുവം ചാടിക്കടപ്പാനായ്. ഗിരിശിരസി
തനു നന്നായ്ക്കതിക്കെ തൽബ്ബീജം വീണു പയസി
ഒരു മത്സ്യമതു വേഗം വിഴുങ്ങിഗ്ഗർഭ്ഭവും ഭേസി-
ട്ടൊരു നാൾ പെററിതെന്നെ ഞാനിരുന്നു തദ്രോധസി— ( )

അനിലൻ മത്പിതാമഹൻ അങ്ങെത്തിക്കുശലങ്ങൾ
കനിവോടെ പറഞ്ഞു മേ തന്നു രണ്ടു വരങ്ങൾ.
തനിയേ ഞാൻ മതിക്കാതെ മരിക്കില്ല മിത്രങ്ങൾ-
തന്നഷ്ടശക്തി പോരിൽ കിട്ടുമിതി തത്ഫലങ്ങൾ— എങ്കിലോ.

നാമം മേ പിതാമഹൻ മത്സ്യവല്ലഭനെന്നു
പ്രേമാൽത്തന്നു ഞാൻ പിന്നെ ശിവനെ വൻതപമാന്നു.
എന്നിഷ്ടം വരമെല്ലാമദ്ദേഹം മുദാ തന്നു.
പന്നെ ഞാൻ സൈപരമെങ്ങും സഞ്ചാരം തുടന്നു— എങ്കിലോ.

അന്നൊരു നാളില് ബ്ബലിസത്തമശരാവണനെൻചരണം-
തന്നിൽ പ്രാപിച്ചാൻ ഖിന്നനായ് ശരണം,
ഇഷ്ടം സാധ്യമാക്കാമെന്നോതുകകാരണം
തുഷ്ട്യാ ഗോപുരം കാപ്പുയിതെൻകഥാവിവരണം— എങ്കിലോ.

സന്തുഷ്ടനായ ഹനുമാൻ മത്സ്യവല്ലഭനോടു വീണ്ടും പറയുന്നു:

മധ്യമാവതി—ചെമ്പട

മംഗളം തനയ, മേല്ക്കുമേൽ ഞാനല്ലോ ഹനുമാൻ;
മംഗളം തനയ മേല്ക്കുമേൽ.

മംഗളാത്മൻ നമ്മെക്കൊണ്ടു തുംഗമാം വേഷ്ടയും പൂണ്ടു
ഭംഗിയാക്കാനെന്നെക്കൊണ്ടുവന്നു രാമനെന്നേ വേണ്ടു— ( )

രാവണാരിരാമനതിശ്ശുദ്ധം ഗുപ്തനാകെയീ-
രാവണനാൽ ഹൃതനായ് നിഗ്ഗൂഢം.

ആ വിഷാദാൽക്കപികൾ കൂടിയോത്തു; ഞാൻ രാമനെത്തേടി
ഈ വഴിക്കു വന്നുകൂടി നൊമ്മൾതമ്മിലടരാടി— മംഗളം.

നാളെയാം ദശാസ്യനിധനം ആകയാലിന്നു
രാമലാഭം വേണമന്യൂനം—

ചാലവേ സഹായം വേണം താവകം; ഞാനീ രാവണം
കാലനുക്കയയ്ക്കാം രണംകൊണ്ടു; നേടാം രാമഹരണം—മംഗളം.

സാക്ഷാന്മാരുതിരേവ യദ്യയി ഭവാം-
സ്തദ്വിശ്വരൂപം മഹ-
ന്മഹ്യം ദർശ്ശയ; കത്ഥ്യതാം രഘുവരോ-
ദന്തം തദുക്ത്യൈ തയാ
ധ്യാത്വാ രാമമഥാത്മവിശ്വവപുഷം
സന്ദർശ്ശയിത്വാ കഥാം
താമാപങ്ക്തിമുഖാഹതിം പ്രമുദിത-
സ്തം പ്രാഹ വാതാത്മജഃ. 20

പാദം താത, നമാമി പാവനപദം
തേ യാനസാഹ്യം മയാ
സ്വാമിദ്രോഹഭിയാ ന കാര്യമധുനാ
തസ്മാദകസ്മാദ്വിഭോഃ
ഗാഢം മാം പ്രഹരോരസി സ്വഗദയാ
തേനോനസംജ്ഞേ മയി
ത്വം യാഹിതി തദീയസാഹ്യവചസാ
ദുഃഖാർത്തിതോ മാരുതിഃ. 21

സ്വാമിദ്രോഹാപത്യസംഘാതഭീഭ്യാം
യാതായാതോപ്യാത്മനാ തം ധരണ്യാം
ധീരാത്മായം പാതയിത്വാഥ ഗത്വാ
തത്രോദ്യാനസ്ഥാജ്ജനസ്ഥോ ന്യവാത്സീൽ. 22

## രംഗം പത്ത്

ശിഖിരാവണൻ ബന്ധനത്തിൽനിന്നു മോചിപ്പിച്ച ദൂരദണ്ഡിയോടു ദേവിക്കഭിഷേചനത്തിന്നു് അനന്യഗയായ നദിയിൽനിന്നു വെള്ളം കൊണ്ടുവരുവാൻ കല്പിക്കൽ:

ആഹരി—ചെമ്പട

താവദ്രാമവധോദ്യമോ ബലിപുരാ-
ധീശോ ബലിഷ്ഠോ ബലി-
പ്രീതായാതഽഭിഷേചനായ സജവം
കാള്യാഃ പ്രണേതും പയഃ
ഉഗ്രാഗ്രേസരരക്തനേത്രഭരിത-
ദ്വാരാൽ ബഹിസ്ഥാദന-
ന്യാഗമ്യാൽസ്സരസോ ന്യയുങ്ക്ത സഹജാം
സ്വോന്മുക്തകാരാഗൃഹാം. 23

സോദരി കേൾക്കുകാദി ഖേദമരുതേ ഹൃദി
സാദരം സാഹ്യം സപദി മോദാൽച്ചെയ്യുകീ വിപദി—
മത്സോഹിതനോടിന്നു മത്സരിപ്പവനെക്കൊന്നു
ഉത്സവബലിയൊന്നു മത്സേവാമൂർത്തിക്കു ചെയ്യുന്നു— സോദരി.
ദേവിക്കഭിഷേചനം ചെയ്വാൻ പാവനം വനം
പൊയ്കയിൽനിന്നായാനം ചെയ്കതിശുദ്ധമന്യൂനം— സോദരി.
മാന്യേ, ദുസ്സരം ദ്വാരം അന്യകരാലിതാംസാരം
എന്നു നീയോർക്ക നേരം എന്നാൽപ്പോക്കായ്ക പാരം—സോദരി.

ദൂരദണ്ഡി ശിഖിരാവണനോടു് അഹിതമായി മറുപടി പറയുന്നു:

വേകട—മുറിയടന്ത

ശമയ നീ കോപം നിശമയാലാപം
രാമൻ മർത്ത്യനോ? ജിഷ്ണുകാമദൻ മഹാവിഷ്ണു
ആ മഹാനിൽജ്ജയിഷ്ണുവാകാ യാതുരോചിഷ്ണോ!— ശമയ.

മൂലോകം കാക്കമൊദിമൂലമാവനെ—
ആലോചനക്കൂടാതെ കൊലചെയ്യാൻ നിനയ്ക്കാതെ
ചാലേ വാഴ്ക, അല്ലാതെ
കുലനാശം വരുത്തരുതേ— ശമയ.

ദശകണ്ഠാഹതിക്കായ് ത്രിദശവാചാ ഹരി
ദശരഥാത്മജനായിട്ടുശ ചേർത്തു ദശാസ്യനായ്
ഭൃശമായവന്നായി വശനാക ഭവാൻ പോയി— ശമയ.

സോദരീവാക്കിനാൽ കോപിഷ്ഠനായ ശിഖിരാവണൻ വീണ്ടും പറയുന്നു:

ഘണ്ടാരം—മുറിയടന്ത

തത്തോപാപദേശം തുടങ്ങുകയോ ശഠേ!
തത്താപം വെടിഞ്ഞെൻമൊഴി കേൾക്ക നല്ലതു
സതപരം പാതീയ മാനീയ താം ന ചേൽ
കത്തവ്യമഭിഷേചനം തവ ചോരയാൽ—

ഖൾഗമെങ്ങിവളെ ക്ഷണേന ഹനിച്ചിടുന്നിതു നിണ്ണയം
മത്കരാഹതിയേററു രാമനു മാർഗ്ഗദർശിനിയാക നീ— തത്തോപാ.

## രംഗം പതിനൊന്നു്

സോദരവാക്കിനാൽ ഭയന്ന ദൂരദണ്ഡി ഘടവുമെടുത്തു വെള്ളത്തിന്നു പോകുമ്പോഴത്തെ വിലാപം:

ഗോപികാവസന്തം—ത്രിപട

ചകിതാ കുപിതാനുജോക്തിശക്ത്യാ
ജലമാനേതുമനാ മനാക്ഘടഞ്ചിൽ
നളിനീം നളിനേക്ഷണം സ്മരന്തീ
വിലപന്തി പ്രയയൗ ഘടം വഹന്തി. 24

എന്നനുഭവമീവിധമാകുവാനായി
മുന്നമെന്തൊരു പാപം ചെയ്തു ഞാൻ—

വന്ദ്യനാം രാമനനൎഘ്യമെന്നിയെയിന്നീ
നിന്ദ്യമാം ജലം വഹിക്കേണ്ടിവന്നുവല്ലോ!— എന്നനുഭവം.
അന്നന്നായ് മമ സഹജൻ ചെയ്ത ദുഷ്കൎമ്മം
ഇന്നോളമോൎക്കിലളവില്ലല്ലോ!—
എന്നതുപോലെയൊന്നാണിന്നിതെന്നൊട്ടും
എന്നുള്ളിൽത്തോന്നീടുന്നതില്ല— എന്നനുഭവം.
ഭാരം തികഞ്ഞാൽ തുല തൂങ്ങീടുമെന്നാപ്ത-
ഗീരെത്രയും ശരിയായതാം നൂനം.
ക്രൂരനാമിവന്നിന്നാക്കാലമായിക്കഴിഞ്ഞെന്നോ?
ശ്രീരാമങ്കിലല്ലാതെ തോന്നുമോ വൈരം— എന്നനുഭവം.
ദൈവമേ, ഞാനിപ്പോൾ ചെയ്യതെന്തു രാമ-
ദേവ, ഭവാനിതൊന്നുമറിയുന്നില്ലയോ?
താവകപാദപത്മസേവനംചെയ്തീട്ടും ഞാൻ
ഈവിധം ദുഷ്കൎമ്മം ചെയ്തിടുവതെങ്ങനെ— എന്നനുഭവം.
കഷ്ടം കഷ്ടമെൻസഹജൻ ദുഷ്ടൻ തേ വധംതന്നിൽ
ഇഷ്ടനായ്‌വന്നുപോയി ത്രിവിഷ്ടപവാസിബന്ധോ!
സ്പഷ്ടമിക്കഥ ഹനുമാൻ കേട്ടെങ്കിൽ ക്ഷണമതി-
രുഷ്ടനായ്‌വന്നിവനെക്കൊന്നേനെ— എന്നനുഭവം.

അഞ്ജനാദഞ്ജനേഷ്ടഃ ക്ഷണാദുത്ഥിതോ
മാരുതിൎമ്മാരുതിം ഖേദദാമിത്യസൗ
ദൂരതോ ദൂരദണ്ഡീം സമാശ്വാസയ-
ന്നേവദനാവേദനായേതി പപ്രച്ഛ താം. 25

ദൂരദണ്ഡിയുടെ വിലാപം കേട്ടു് അഞ്ജനവൃക്ഷത്തിൽനി ന്നെഴുനീററു വന്ന ഹനുമാൻ പറയുന്നു:

ശ്രീരാഗം—രൂപക

എന്തിനീവണ്ണമിന്നു ഹന്ത, സല്ലാപിക്കുന്നു
അന്തികംതന്നിൽ വന്നു ബന്ധം ചൊല്ലീന്നതെന്നു—

എന്തൊന്നാകിലുമിപ്പോൾ ചിന്തിതം സാധിപ്പിപ്പൻ
ക്ലാന്തമുഖി; നീയാർ? നിൻ കാന്തനെങ്ങു പറക— എന്തിവണ്ണം.
കരുതുക രാമചന്ദ്രദാസൻ ഞാൻ ഹനുമാൻ.
ഒരു കാര്യംമൂലമിങ്ങു വരുവാനായിടവന്നു— എന്തിവണ്ണം.
രാവണയുദ്ധമദ്ധ്യേ രാമനെക്കാണായ്കയാൽ
ഭൂവെങ്ങും തിരഞ്ഞിങ്ങു വന്നേനിതല്ലോ കാര്യം— എന്തിവണ്ണം.
വാസ്തവമറിവുള്ളതു വിസ്തരിച്ചുരചെയ്ക
നിസ്തുലമുപകാരമസ്തു മംഗളം തവ— എന്തിവണ്ണം.

ഹനുമാന്റെ വക്കാൽ സന്തുഷ്ടയായ ദൂരദണ്ഡി പറയുന്നു:

അസാവേരി—മുറിഅടന്ത

രാമ, രാമ, ഞാനെത്ര നാളായവിടത്തെയും
ശ്രീമാനാം ഭവാനെയും ഓർത്തു വാഴുന്നു ഹാഹാ!!

ഇന്നു പ്രത്യക്ഷം ഭവാനിനിയവിടന്നുമാകും
നിങ്ങൾക്കെപ്പോഴുമീ ഞാൻ സ്വാധീനയായ ദാസി— രാമ....
ശിഖിരാവണാഖ്യനരിശിഖി മത്സോദരനല്ലോ;
അഖിലേശഹരണം തന്മായയാൽ ചെയ്തതോർക്ക— രാമ രാമ.
തദ്ദേവതയാം കാളിക്കു ദുഷ്ടൻ ബലിചെയ്യാൻ
ഉദ്ദേശിച്ചു ജലാത്ഥമദ്യ മാമാജ്ഞാപിച്ചേൻ— രാമ രാമ.
എൻനാഥനെ വധിച്ചിട്ടെന്നെ മത്പുത്രനോടും
ഇന്നോളം കാരാഗാരം തന്നിലടച്ചാൻ ഖലൻ— രാമ രാമ.
കാരണം തത്പുത്രിയെ മത്പുത്രൻ വേൾക്കുമെന്നും
മാരണമവനുടനുണ്ടെന്നുമായൊരാകാശവാക്കാം— രാമ മാമ.

ഹനുമാൻ ദൂരദണ്ഡിയോടു തനിക്കു സഹായിപ്പാൻ പറയുന്നു:

ശ്രീരാഗം—ത്രിപട

നീയ്യെന്നെക്കോട്ടയ്ക്കുള്ളിലെത്തിച്ചിടേണം ഗൂഢം
ഇയ്യുള്ളോനെന്നാൽ കാര്യം കയ്യിലായെന്നു നൂനം—

അതിനുള്ള തടസ്സം ധൂരദണ്ഡി പറയുന്നു:

അസാവേരി—മുറിയടന്ത

രക്തനേത്രനെന്നൊരു ദ്വാസ്ഥനുണ്ടിഹ ദ്വാരേ
എത്രയും പണി ഭവാനവനെജ്ജയിപ്പാൻ—

അതിനു കൗശലം ഹനുമാൻ പറയുന്നു:

ശ്രീരാഗം—ത്രിപട

നിൎമ്മിതപൂൎണ്ണകുംഭത്തിൽ മാവിന്നിലകൾ വെച്ചു,
ഞാനതിലീച്ചയായി വാഴാമതാണു സൂത്രം—
അവനെക്കൊന്നാ മകളെ തവ മകനേകീടുന്നേൻ.
ഇവിടത്തിന്നീശനാക്കി വാഴിക്കാം നിന്മകനെ—

സരസസ്സരസം പയോ വഹന്തി
കലശന്യസ്തരസാലപല്ലവാഗ്രേ
അഥ സാ കൃതമക്ഷികാകൃതിം സ്വാ-
സ്സുകൃതാദ്വാരി വിവേശ വായുസൂനും. 26

## രംഗം പന്ത്രണ്ടു്

വൈരി തൊട്ടാൽ പടിക്കിലെ പാലം കുലുങ്ങുമെന്ന നിയമമനുസരിച്ചു കുലുങ്ങുകയാൽ ആ ദ്വാരസ്ഥനായ രക്തനേത്രനെന്നവൻ ധൂരദണ്ഡിയോടു ശഠിച്ചു പറയുന്നു:

കേദാരഗൗഡം—ചെമ്പട

ശോചിഷ്ക്കേശാക്ഷിയുഗ്മപ്രകടിതതടിദ്ദ-
ന്താസചഞ്ചൽസ്ഥലിംഗോ
ദംഷ്ട്രാദഷ്ടാധരോഷ്ഠസ്ഫുടനിടിലതടാ
നമ്രതാമ്രാഭകേശഃ
പദ്ഭ്യാം ക്ഷ്മാം ക്ഷോഭയിത്വാ ചടചടനിനദൈഃ
പൂരിതാശേഷകാഷ്ഠോ
രക്താക്ഷസ്തത്ര ധാത്ര്യാം ഭടജനസഹിത-
സ്സന്നിപത്യാചചക്ഷേ. 27

ഏന്തെടി നീ കുടിലേ, തുടന്നു
ഹന്താക്രമമപടലേ!
സന്തതമരചൻതന്നുടെ നിയമം
ലംഘിച്ചീടുകയോ
മാനിച്ചീടുമോ നിയമം വിട്ടാൽ
മാനവവരനേയും?— ഏന്തെടി
അന്യന്മാർക്കു കടക്കരുതെന്നതി-
നന്യത്വം വന്നാൽ
പിന്നെടിഹ ഞാനെന്തിനിദാനീം
നിന്നീടുന്നു ശഠേ!— ഏന്തെടി
കള്ളത്തം നീ ചെയ്യുവതഖിലവും
ഉള്ളിലറിഞ്ഞേൻ ഞാൻ
ഈച്ച പറന്നു കടക്കുകിലുമിതി-
ട്ടില്ലിഹ ഞാൻ നില്ലേ— ഏന്തെടി
ഭൂരഭണ്ഡി മറുപടി പറയുന്നു:
നന്നെട നിൻവചനം മാമിഹ
നിന്ദിച്ചീടുകയോ?
എന്നുടെ കൂടെയൊരാളിന്നന്യൻ
വന്നതെവൻ പറക— നന്നെട
അരചൻ നല്കീയ കല്പന കൈക്കൊ-
ണ്ടെത്തുന്നോരെന്നെ
ആദരവെന്യേ തടയും നീതാൻ
നിയമം ലംഘിപ്പൂ— നന്നെട
ധിക്കൃതവാക്യം ഗതൈക്യം സ ഝടിതി ഹാഠാ-
ന്മക്ഷികാമാക്ഷിപംസ്തത്-
പാത്രൽസ്ഥാഗ്രപ്രവാളാദണുതുലിതതനും
പിംഷ്ടയാമാസ ഭ്രമൗ

താവത്കല്പാന്തസൂര്യദ്യുതിരനിലസുതഃ
പഞ്ചവക്ത്രസ്ഥിതസ്സൻ
പീനോത്തുംഗോഗ്രമൂർത്തിർല്ലസിതദശഭുജോ
രക്തനേത്രം ബഭാഷേ. 28

രക്തനേത്രൻ ഈവണ്ണം പറഞ്ഞപ്പോൾ ഹനുമാൻ വിശ്വരൂപിയായി പറയുന്നു:

ശങ്കരാഭരണം—മുറിയടന്ത

ആരൊരുത്തനസംശയം വിനയം കൂടാതെ നമ്മൊടു
നേരിടുന്നിതു മത്തുമിസ്സമയം
ദ്വാരപാലക, രക്തലോചനനെ-
ന്നൊരുത്തനെയെന്നോ
പാരമായിവൾ വാഴ്ത്തിടുന്നിതു കുടില,
പറയുക നിന്നെയോ?— ആരൊ.

വിക്രമങ്ങൾ കുറച്ചു ഞാനിഹ കണ്ടു നിന്റെ; ഒരിച്ചയെ
ആക്രമിച്ചു ഹനിച്ചനീയിതുതന്നെയോ മഹിമാവയോ— ആരൊ.
അമരിലതിജവമെന്നെയിന്നു ജയിക്കയടി തവ വിക്രമം
ക്രമമൊടെവരുമതിവസമ്മതമാഴ്ത്തും സകലോത്തമം— ആരൊ.

രക്തനേത്രൻ പറയുന്നു:

ഈവണ്ണയെപ്പടി നിന്നെ സംഹനനംചെയ്തു സംഹനനം
വെച്ചരപ്പൻ മഹിയിലനന്യനം—

ആർക്കുമേ അകമേ കടപ്പതിനിന്നു ഞാനിഹ നില്ക്കവേ
കാർക്കുകെളുതോ? വാക്കെളിയതോ? സജവമേററിട്ടകാഹവേ—
സ്ത്രീകളെപ്പുരമൊററുകൂട്ടി വരുന്ന നിയ്യിഹ പാഴ്പ്പിടം
പൂകയോ യുധി ചാകയോ? കരുതുന്നതെന്നുരചെയ്തിടാം—ഈവണ്ണ
വീതശങ്കമതോ ജവാലിനി മറെറാരൊററുമെഴാതെതാൻ
പ്രേതനാഥനൊടടരടിച്ചു ജയിക്കയിപ്പൊഴയച്ചിടാം— ഈവണ്ണ

## രംഗം പതിമൂന്നു്

യുദ്ധത്തിൽ രക്തനേത്രനെ കൊന്ന ഹനുമാൻ ശിബിരാവണനെ പോർക്കുവിളിക്കുന്നു:

തോടി—അടന്ത

ഇത്ഥം ഹത്വാ സസൈന്യം സഹ പവനസുതോ
ദൂരദണ്ഡ്യാ പ്രചണ്ഡഃ
കാളീക്ഷേത്രാൽ ഗൃഹീത്വാ രഘുകുലതിലകൌ
ക്വാപി ധാത്ര്യാം നിധായ
ദ്വാസ്ഥശ്രേണീവിനാശശ്രവണകൃതരണ-
വ്യൂഹമാത്മീനപുര്യാ-
മാസീനം തം ബലിഷ്ഠം ശതമുഖമചിരാ-
ദാജുഹാവാഹവായ. 29

പോരുമെങ്കിൽപ്പോരിനായി വന്നുകൊൾക
പേരു പാരമുള്ള നിന്റെ വൻവിരോധി ഞാൻ വിളിപ്പു—

ആരൊരുവനിഹ നിശി രഘുവീരരെയാനയിച്ചു
പോരിലായവനെ ക്ഷണം കൊന്നാദരേണ
രഘുവീരരെയങ്ങോട്ടാനയിപ്പൻ— പോരുമെങ്കിൽ

വീരനെന്നാകിലെടാ പരി-
വാരസഹിതമിങ്ങെത്തുക ജവാൽ—
ദാരുണം സമരം ചെയ്യാൻ
ചേരുന്നൂ മമ ഹൃദി കൗതുകം ഫണി-
വീരലോകജൈത്രമമ്പൊടു ഞാൻ
പറിച്ചു നീക്കുവൻ പടക്കൂട്ടുക്കുകിൽ
പോരുമതിനു രാമദാസനാകിയ
മരുദപത്യമഹമിതോർത്തുകൊള്ളുക—

മായയാൽ കൈക്കൊണ്ടു വിഭീഷണവടിവാ-
ലിവനെ നീ നിശി കഠിനമ-
ന്യായമായി വഞ്ചിച്ചതൊരനുചിത-
മായിയതിനുടെ ഫലമനുഭവ
നിയ്യണഞ്ഞു മമ പാദത്തിൽക്കടുവ
ച്ചു വീഴ്കിൽത്തുഷ്ടനാകുവൻ.
ആയതില്ലയെങ്കിലാശു കൊൽവൻ
അമരിലതിനു വാദമിന്നശേഷം നഹി നഹി—പോരു

## രംഗം പതിനാല്

ഹനുമാന്റെ പോർക്കുവിളി കേട്ടു ക്രോധിച്ചു ശിഖിരാവണൻ മറുവിളി വിളിക്കുന്നു.

കേദാരഗൗഡം—ചെമ്പട

അമിതകക്ഷശിഖീ ശിഖിരാവണോ
രണചണാധികസൈന്യസമന്വിത
രഥവരം ത്വധിരുഹ്യ സമേത്യ തം
പവനജം പരുഷാക്ഷരമൂചിവാൻ. 30

അമർക്കുനേക്കെൻ നേക്കാ-
യമർക്കുവൻ ഞാൻ—

അമർത്ത്യരേയും സമിതികകുപ്പതി-
സമത്ഥരേയും വെന്നനുവഷം
സമസ്തരോട്ടം കപ്പം വാങ്ങി-
ട്ടമന്ദിടാൻ ഞാനോപ്പവനറിക— അമർക്കു

തിമത്ത കോപാലടരിനടുക്കുകി-
ലമത്തീടുന്നേൻ നിന്മദമുടനെ
പ്രമത്ത, നിന്നുടെ വിപത്തിനാലിതു,
കിമത്ഥമോതുവ,താശു ഗമിക്ക— അമർക്കു

പ്രമോദമിയ്യിവഃനറുന്നു നിൻ-
പ്രമാദമോർക്കുംതോറും സമ്പ്രതി
സമാനനല്ലാത്തവനൊടെതിർത്താൽ
യമാലയംതാൻ ഗതിയെന്നറിയുക— അമർക്കള
ശരണ്യനോ നീ,യെന്നാലതിനൊരു
വരേണ്യനോ നീയ്യാരണ്യമൃഗ?
നിരന്നു സൈന്യം രാഘവരെ ഞാൻ
തരുന്നതില്ലെറി,കടർചെയ്യ— അമർക്കള

ഹനുമച്ഛിഖിരാവണയുദ്ധപദം: ഹനുമാൻ

ഘണ്ടാരം—മുറിയടന്ത

മർക്കടമെന്നു പരിഹസിച്ചങ്ങനെ
മേല്ലുമേലേ പുലമ്പാതെ ജളപ്രഭോ!
ഉത്ക്കടം മദ്ബലമല്പമറിയുവാൻ
നില്ലെടാ നമ്മുടെ നേരെ രണത്തിനായ്— മർക്കട.

ശിഖിരാവണൻ:

കേദാരഗൗഡം—ചെമ്പട

കുരങ്ങെന്നു കേൾക്കുന്നേരമുയന്നു മരത്തേലേറി
ഇരുന്നു പല്ലിളിക്കുവാനൊഴിച്ചിഹ നീ
അരങ്ങിൽ വന്നെന്നോടടക്കൊരുങ്ങുവാൻ മതിയാമോ
പരുങ്ങിനില്ലാതെ വേഗം മടങ്ങിക്കൊൾക—

ഹനുമാൻ:

ഘണ്ടാരം—മുറിയടന്ത

വാലാൽ വരിഞ്ഞു നിന്നഗ്രജന്മാവിനെ
ബാലിയെന്ന കപി നിഷ്പ്രയാസം പുരാ
നാഴാഴിയും ചാടിയെന്നുള്ളോരകഥ
ചാലേ ഭവച്ഛ്രുതിഗോചരയല്ലയോ— മർക്കട.

ശിഖിരാവണൻ:

കേദാരഗൗഡം—ചെമ്പട

മതി മതി മഹിമകൾ പറഞ്ഞതു; നീയതിന്നു
മതിയായുള്ളോരുവനെന്നോരുവതുമേ
മതിക്കയില്ലവൻെറ സുതയുടെ കണവന്നു
പ്രതിവായ്മീനമുണക്കുന്നവനാണല്ലീ— കുരങ്ങെന്നു.

ഹനുമാൻ:

ഘണ്ടാരം—മുറിയടന്ത

രാമനിണത്താലുറച്ച ബലിയതി-
കേമമായ് നിൻനിണാൽച്ചെയ്യുവനെന്നല്ല
പൂമാതിനൊത്ത നിൻപുത്രിയേയും ബലി-
ധാമത്തെയും നീലമേഘനായ് നല്കുവൻ— മക്കടമെന്നു.

കേദാരഗൗഡം—ചെമ്പട

ചൊടിച്ച നിന്നെ ഞാനിപ്പോഴടിച്ചു മയക്കി വാലിൽ
പിടിച്ചു തൂക്കിത്തെല്ലുമേ മടിച്ചിടാതെ
പുളച്ച മോദാൽ പുത്രിയെ വിളിച്ചു നല്കി ഞാനവൾ
കളിച്ചുകൊൾവതും കണ്ടു രസിച്ചിടുന്നേൻ— കുരങ്ങെന്നു.

സംഗ്രാമേ ത്വത്ര ശത്രുക്ഷപിതഭടജനേ
മായയാ ഭൂധരത്വം
യാതേസ്മിൻ ദൂരദണ്ഡീവിദിതസുചരിതോ
മാരുതിസ്തം ഗിരീന്ദ്രം
ഭിന്ദംസ്തത് ഭ്രുതരക്ഷോവരകൃതസമര-
സ്തദ്വധോപായഭംഗ-
പ്രൗഢാപായം തയൈവോദിതമഥ കൃതവാ-
നാശു തം സഞ്ജഘാന.

## രംഗം പതിനഞ്ചു്

ഹനുമാൻ ശിഖിരാവണനെ കൊന്നു തത്പുത്രിയെ നീലമേഘനു രാമപുരസ്സരം വിവാഹം ചെയ്തുകൊടുത്തു പാതാളത്തിന്നു രാജാവാക്കിവാഴിച്ചു നീലമേഘനോടും ദൂരദണ്ഡിയോടും പറയുന്നു:

മോഹനം—മുറിയടന്ത

സിംഹസംഹനനായാഥ
നീലമേഘായ മരുതിഃ
പ്രാദിശത്സപ്തനേത്രാസേ-
ചനകാംഗീം തദാത്മജാം. 32

രഘൂത്തമപുരസ്സരം രണിതവാദ്യഗീതസ്വരം
സുരാച്ചിതസുമോത്കരം വിധിവദാപ്തദാരം തതഃ
തമാശു കൃതവാനധോഭുവനനായകം വായുജോ
ജഗാദ ജഗദീശ്വരാപ്പിതമതിം തദംബാമപി. 33

വാണീടുക സുഖം നീലമേഘ, ശുക-
വാണിയാമിവളോടു സാകം.
പ്രാണികളിലാരും തവ
രിപുവില്ലെന്നറിക,
താണു തൊഴുമിനി നിഖിലജനമയി
താവകം പദമെന്നുമറിക— വാണീടു.

പാതാളം കാത്തു മേലിൽപ്പരിചോടെ ഭരിക്കുവാൻ
മാതുലനിരുന്ന സിംഹാസനേ വാഴ്ക ഭവാൻ.
താതനിഗ്രഹംമൂലമിതു
തവ വരുവാൻ
പ്രീതനായ് നിവസിക്കു; വിപദി
തുണയ്ക്കുവൻ; ഞാനിന്നു പോവൻ— വാണീടു.

ദൂരദണ്ഡിയോടു ഹനൂമാൻ പറയുന്നു:

സാധിച്ചതില്ലയോ തവ ഹിതം സുശീലേ?
ബാധയെന്യേ സുതനൊത്തു വാഴ്ക രസാതലേ.
ആധി വേണ്ട തേയിനി വിരോധിയില്ലയീ സ്ഥലേ
മാധവസ്തുതിചെയ്തു ദിനമനു വാഴ്ക സസുഖം വഴിപോലെ.—സാ.

രാമലക്ഷ്മണന്മാർ ദൂരദണ്ഡിയോടും നീലമേഘനോടും പറയുന്നു:

ആനന്ദഭൈരവി—ചെമ്പട

ഭാഗ്യത്തിൻഭാജനങ്ങളേ, ഞങ്ങൾക്കതിവ
വാച്ചുന്നു മോദം നിങ്ങളിൽ—
കേൾക്കുക ദൂരദണ്ഡി, കേൾക്കുക നീലമേഘ!—
മേല്ക്കുമേൽ മംഗളം ഭവിക്കും നിങ്ങൾക്കു നൂനം— ഭാഗ്യത്തിൻ.

എന്നുമേ പൊങ്ങീടും പുകൾ നിങ്ങൾ മൂവർക്കും
ഭംഗിയായ്‌ വീടും ജീവിതം—
നിങ്ങൾക്കുള്ള ഭക്തിമൂലം ഞങ്ങളെക്കാണ്മവാനായി
സംഗതിയായി,സ്സസുഖം വാഴ്‌വിനിനി സുചിരം—ഭാഗ്യത്തിൻ.

ചാരിത്രശുദ്ധിയുള്ളോരീ സ്ത്രീരത്നംതന്നിൽ
പേരേറും മക്കളുണ്ടാമേ—
ദാരിദ്ര്യം വ്യാധിയെന്നുള്ളോരോരോ ദുഃഖമൊന്നും
ചേരാതെ വാണു ചരമേ ചേരുവിനസ്സുല്ലോകം— ഭാഗ്യത്തിൻ.

## രംഗം പതിനാറ്

ഉദയത്തിനുമുമ്പു രാമലക്ഷ്മണന്മാരോടുകൂടി ഹനുമാൻ ലങ്കയിൽ (യുദ്ധക്കളത്തിൽ) എത്തിയപ്പോൾ അവിടെ ഇവരുടെ വരവു പ്രതീക്ഷിച്ചുനില്ക്കുന്ന വിഭീഷണാദികൾ ഹനുമാനോടും രാമലക്ഷ്മണന്മാരോടും പറയുന്നു:

പുറനീരു് — ചെമ്പട

പ്രസ്ഥായാഥ രസാതലാന്മുദിതധീഃ
കാകുൽസ്ഥധാരീ ഗതോ
മിത്രസ്യോദയതഃ പുരാ പവനജോ
ലങ്കാമഗാദേപഗതഃ
തത്രസ്ഥാസ്തു വിഭീഷണാക്ജമുഖാ
ദൃഷ്ട്വാഗതാംസ്താനിമാ-
ന്ധഷാശ്രുപ്ലുതദേഹിനസ്സമവദ-
ന്നതാഥ ബദ്ധാദരം. 34

വിഭീഷണൻ പറയുന്നു:

നന്നായ്വന്നീടും നിനക്കെന്നുമേ പവനജ!
നിന്നാലല്ലാതിക്കാര്യമന്യരാലാകാ നൂനം—
ഉണ്ണിത്തമ്പുരാക്കന്മാരെങ്ങായിരുന്നു ഞങ്ങൾ
കണ്ണിൽക്കാണാഞ്ഞുമൂലമിങ്ങെത്ര വ്യസനിച്ചു— നന്നായ്.

സുഗ്രീവൻ പറയുന്നു:

വാതതനുജ, ഭവാനേതേതു ദിക്കിൽത്തേടി
ഈ തമ്പുരാക്കന്മാരെ ജാതമോദം നയിച്ചു?

വന്ദേ രാമ, തേ പാദം വന്ദേ ലക്ഷ്മണ, പദം
നിങ്ങൾ തന്നാഗമത്തിൽ നിന്നിമേഷരാം ഞങ്ങൾ— ഉണ്ണി.

അംഗദൻ പറയുന്നു:

ഈ മഹായത്നമൊന്നാൽ സ്വാമിഭക്തി വെളിവായി
ധീമൻ, എങ്ങനെയിതു സാധിച്ചു പറയുക— നന്നാ.

മൂലോകം കാക്കും തവ പാലനത്തിന്നു ഞങ്ങൾ
ആലോചിച്ചതിൻശിക്ഷ ചാലേ തന്നതാണല്ലീ— ഉണ്ണി.

ഹനുമാൻ ഇവരോടു മറുപടി പറയുന്നു:

കേൾക്ക ഞാനിവിടെനിന്നു
ചിക്കനെ പോയി പലേ
ദിക്കിലും തിരഞ്ഞൊടുക്കം
പുക്കേൻ പാതാളംതന്നിൽ—

ബലിസത്മാധിനായകൻ ദശമുഖാപേക്ഷയാലേ
ഹരിക്കയാലവനുടെ പുരിയിൽ ഞാൻ ചെന്നുകേറി— കേൾക്ക.
അവനെക്കൊന്നവനുടെ മകളേയും തത്പുരിയും
തദ്ഭാഗിനേയന്നേകിയിവരെക്കൊണ്ടിങ്ങു വന്നേൻ— കേൾക്ക.
രാവണവധാർത്ഥമിന്നിനിയെന്തു ദുർഘടം
കേവലമുള്ളു പാർത്താലിനി നോക്കു മംഗളം— കേൾക്ക.

ഇതി പവനതനൂജസംപ്രിയത്താം തപ്രയത്താം
രഘുവരമുപനേതും ബോധയാമാസ കീശാൻ
അഥ ദശവദനസ്യായാനമാലോകയന്തഃ
സ്ഥിതിമഖിലകപീന്ദ്രാശ്ചക്രുരക്രൂരചിത്താഃ— 35

★

JAWAHAR BALBHAVAN & CHILDR
KOTTAYAM
(A PROJECT OF KOTTAYAM PUBLI
Cl. No MA-10 Acc
This book should be returned
date last stamped below.